# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഓഗസ്റ്റ് 26 | ദീപം 54 | നാളം 21 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




# താലിബാനിസം പിടിമുറുക്കുമ്പോൾ




പ്രഫ. റോണി കെ. ബേബി


1996 മുതൽ 2001 ൽ പുറത്താക്കപ്പെടുന്നതുവരെ അഫ്ഗാനിസ്ഥാനിൽ ഭരണത്തിലിരുന്ന സുന്നി മുസ്ലീം രാഷ്ട്രീയ - സൈനികപ്രസ്ഥാനമാണ് താലിബാൻ. ഒരിക്കൽക്കൂടി താലിബാൻ അധികാരത്തിൽ വരുന്നതിനെ ഭീതിയോടെയാണ് ഇന്ത്യയുൾപ്പെടുന്ന രാജ്യങ്ങൾ നോക്കിക്കാണുന്നത്. വിദ്യാർത്ഥി എന്നർത്ഥമുള്ള താലിബ് എന്ന അറബി വാക്കിൽനിന്നാണ് താലിബാൻ എന്ന പദമുരുത്തിരിഞ്ഞത്. താലിബാൻ അംഗങ്ങളിൽ പലരും, പാക് - അഫ്ഗാൻ അതിർത്തിയിലെ സ്വകാര്യ മതപഠനകേന്ദ്രങ്ങളിൽ വിദ്യാഭ്യാസം ചെയ്തവരായിരുന്നു. 1979 ലെ സോവിയറ്റ് അധിനിവേശത്തിനുശേഷം, അഫ്ഗാനിസ്ഥാനിൽനിന്ന് പാക്കിസ്ഥാനിലേക്കു കടന്ന അഭയാർത്ഥികൾക്കായി, ഇത്തരം നിരവധി മതപഠനശാലകൾ തുറന്നിരുന്നു. ഈ വിദ്യാലയങ്ങളിലെ പാഠ്യപദ്ധതി തികച്ചും പരമ്പരാഗതവും ഇസ്ലാമിക മൗലികവാദത്തിൽ അധിഷ്ഠിതവുമായിരുന്നു.

മൗലിക ഇസ്ലാമികവാദികളായിരുന്ന താലിബാന്റെ ജീവിതവീക്ഷണംതന്നെ മതനിയമങ്ങളെ ആസ്പദമാക്കിയായിരുന്നു. ശരി അത്ത് മാത്രമാണ്, താലിബാൻ, നിയമമായി അംഗീകരിച്ചത്. 1996 മുതൽ 2001 വരെ അഫ്ഗാനിസ്ഥാനിൽ ഭരണത്തിലിരുന്ന കാലത്ത് ശരി അത്ത് നിയമങ്ങളെ അടിസ്ഥാനമാക്കിയ ഭരണമാണ് താലിബാൻ നടത്തിയിരുന്നത്. പെൺകുട്ടികൾക്കായുള്ള വിദ്യാലയങ്ങൾ അടച്ചുപൂട്ടി, സ്ത്രീകളെ ഒറ്റയ്ക്കു വീടിനു പുറത്തിറങ്ങുന്നതിൽനിന്നും പുറത്തുപോയി പണി ചെയ്യുന്നതിൽനിന്നും വിലക്കി. സംഗീതത്തിനും സംഗീതക്കാസറ്റുകൾക്കും വിലക്കേർപ്പെടുത്തി, പട്ടംപറത്തലും പ്രാവുവളർത്തലും നിരോധിച്ചു, പുരുഷന്മാർ താടി വളർത്തുന്നതു നിർബന്ധമാക്കി. കന്ദഹാറിലും ഹെറാത്തിലും താലിബാൻ ഈ നിയമങ്ങൾ നടപ്പാക്കിയിരുന്നെങ്കിലും കൂടുതൽ പരിഷ്കൃതരായിരുന്ന ജനങ്ങൾ വസിച്ചിരുന്ന കാബൂളിൽ ഈ നടപടികൾ അസ്വാരസ്യങ്ങളുണ്ടാക്കി. രാജ്യത്തെ മദ്ധ്യകാലത്തേക്കു തിരിച്ചുനടത്തുന്ന പിന്തിരിപ്പന്മാരായാണ് താലിബാനെ കാബൂൾവാസികൾ അന്നു കണക്കാക്കിയത്. 2001 ആയപ്പോഴേക്കും ജനങ്ങൾക്കിടയിൽ തങ്ങളുടെ സ്വാധീനം നിലനിർത്താനും പുറം ലോകത്തെ തങ്ങളുടെ ശക്തി അറിയിക്കാനുമായി ഇസ്ലാമികകാലത്തിനു മുമ്പുള്ള എല്ലാ ചരിത്രസ്മാരകങ്ങളും തകർക്കുന്ന നടപടിയിൽ താലിബാൻ ഏർപ്പെട്ടു. 2001 മാർച്ച് ആദ്യത്തോടെ രാജ്യത്തെ മിക്കവാറും ചരിത്രാവശിഷ്ടങ്ങൾ നശിപ്പിക്കപ്പെട്ടു. ബാമിയാനിലെ പ്രശസ്തമായ ബുദ്ധ പ്രതിമകൾ ഇക്കൂട്ടത്തിൽപ്പെടുന്നു.

2001 സെപ്റ്റംബർ 11 ന് അമേരിക്കയിൽ നടന്ന ഭീകരാക്രമണത്തിന്റെ സൂത്രധാരനെന്നാരോപിച്ച്, ഒസാമ ബിൻ ലാദനെ വിട്ടുതരാൻ അമേരിക്ക താലിബാനോട് ആവശ്യപ്പെട്ടു. ഇതിനു തയ്യാറാവാതിരുന്ന താലിബാനു നേരേ അമേരിക്കൻ നേതൃത്വത്തിൽ നാറ്റോസൈന്യം ആക്രമണമാരംഭിച്ചു. മാത്രമല്ല, താലിബാന്റെ എതിരാളികളായിരുന്ന വടക്കൻസഖ്യത്തിന് സഹായങ്ങൾ നൽകാനും അമേരിക്ക തയ്യാറായി. 2001 ഒക്ടോബർ മാസം തുടക്കത്തിൽ അമേരിക്കൻ - ബ്രിട്ടീഷ് സംയുക്തസേന, താലിബാൻ കേന്ദ്രങ്ങൾക്കുനേരേ ശക്തമായ ബോംബാക്രമണം ആരംഭിച്ചു. താലിബാന്റെ കൈയിലുണ്ടായിരുന്ന കന്ദഹാർ, ഡിസംബർ 7 ന് വടക്കൻസഖ്യത്തിന്റെ നിയന്ത്രണത്തിലായതോടെ താലിബാന്റെ പതനം പൂർത്തിയായി.

എന്നാൽ, 20 വർഷങ്ങൾക്കുശേഷം അഫ്ഗാനിസ്ഥാനിൽനിന്നുള്ള യു എസ് സൈന്യത്തിന്റെ പിന്മാറ്റത്തോടെ അഫ്ഗാനിസ്ഥാനിലെ സ്ഥിതിഗതികൾ വീണ്ടും വഷളാകാനും അഫ്ഗാൻ സുരക്ഷാസേനയെ പരാജയപ്പെടുത്തിക്കൊണ്ടു ഭരണം പിടിച്ചെടുക്കാനും വീണ്ടും താലിബാനു വഴിയൊരുങ്ങിയിരിക്കുകയാണ്. കാബൂൾ ഉൾപ്പെടെ രാജ്യത്തെ പ്രധാന നഗരങ്ങളിൽ പലതും അനായാസമായാണ് താലിബാനു പിടിച്ചെടുക്കാൻ കഴിഞ്ഞത്. അഫ്ഗാനിസ്ഥാൻ താലിബാൻ ഭരണത്തിലേക്കു തിരികെവരുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. 1990 കളിലെ താലിബാൻ ഭരണത്തിന്റെ തനിപ്പകർപ്പിനാണ് ഇനി അഫ്ഗാനിസ്ഥാൻ സാക്ഷ്യം വഹിക്കാൻ പോകുന്നത് എന്നതാണ് ലോകം ഭയപ്പെടുന്നത്. ആ ഭയത്തിലാണ് കാബൂളിൽനിന്നു കൂട്ടപ്പലായനത്തിന്റെ വാർത്തകൾ പുറത്തുവരുന്നത്. പൗരാവകാശങ്ങളെ അടിച്ചമർത്തുകയും സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കുകയും ചെയ്യുന്ന സമീപനമാണ് താലിബാൻ ഭരണകൂടത്തിൽനിന്നു പ്രതീക്ഷിക്കാൻ കഴിയുക. നേരത്തേ താലിബാൻ അഫ്ഗാനിൽ അധികാരത്തിലിരുന്ന സമയത്ത് സ്കൂളിൽ പഠിച്ചിരുന്ന പെൺകുട്ടികളുടെ എണ്ണം പൂജ്യമായിരുന്നു. എന്നാൽ, ഇപ്പോൾ സർവകലാശാലകളിൽ 50 ശതമാനവും സ്ത്രീകളാണ്. ഇത്തരത്തിൽ അഫ്ഗാനിലെ സ്ത്രീകൾ നേടിയെടുത്ത സാമൂഹിക മുന്നേറ്റവും പുരോഗതിയുമെല്ലാം ഇനി തകിടം മറിയുമെന്നാണ് അഫ്ഗാൻ സിനിമാസംവിധായിക സഹ്റാ കരിമി പറഞ്ഞത്. ഇനിമുതൽ അഫ്ഗാനിസ്ഥാനിൽ മറ്റാരെക്കാളും ബുദ്ധിമുട്ടനുഭവിക്കാൻ പോകുന്നത് സ്ത്രീകളും കുട്ടികളുമാണെന്നും ലോകം മുഴുവൻ ഒന്നിച്ചുനിന്ന് താലിബാനെ സമ്മർദത്തിലാക്കിയേ തീരൂവെന്നുമാണ് അഫ്ഗാൻ നോവലിസ്റ്റ് ഖാലിദ് ഹൊസൈനി പ്രതികരിച്ചത്.

താലിബാൻ ഭരണത്തിന്റെ തണലിൽ അൽഖ്വെയ്ദ പോലുള്ള ഭീകരവാദസംഘങ്ങൾ വീണ്ടും തഴച്ചുവളരുമെന്ന ഭീതിയും വ്യാപകമാകുന്നുണ്ട്. 2001സെപ്റ്റംബർ 11 നുണ്ടായ അൽ ഖ്വെയ്ദ ആക്രമണത്തിന്റെ ഇരുപതാം വാർഷികം അടുത്തുവരുന്ന വേളയിൽ ആഗോളതലത്തിൽ തീവ്രവാദഭീഷണി വീണ്ടും ഉയർത്താനും ഇതു കാരണമായേക്കുമെന്ന ആശങ്കയും വിവിധ ലോകരാജ്യങ്ങൾ ഉയർത്തുന്നു. ഇപ്പോൾ അഫ്ഗാനിസ്ഥാനിൽ നടക്കുന്ന സംഭവവികാസങ്ങൾ അപ്രതീക്ഷിതമാണെന്ന് യു എസ് ഭരണകൂടത്തിന്റെ ഔദ്യോഗികപ്രതിനിധികളും അംഗീകരിക്കുന്നു. താലിബാൻമുന്നേറ്റത്തിനെതിരേ രാജ്യത്തെ പ്രതിരോധിക്കാൻ അഫ്ഗാൻസർക്കാരിനു കഴിഞ്ഞില്ലെന്നും തങ്ങൾ പ്രതീക്ഷിച്ചതിനെക്കാൾ വേഗത്തിലാണ് താലിബാന്റെ മുന്നേറ്റം ഉണ്ടായതെന്നും അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ പറഞ്ഞതായി സി എൻ എൻ റിപ്പോർട്ട് ചെയ്തിരുന്നു. അഫ്ഗാനിസ്ഥാനെ അന്താരാഷ്ട്രസമൂഹം കൈയൊഴിഞ്ഞു എന്ന ആരോപണമാണ് അന്തർദേശീയമാധ്യമങ്ങളിൽ ഉയരുന്നത്.

ദശകങ്ങളായി അഫ്ഗാൻ താലിബാന് പാക്കിസ്ഥാൻ സുരക്ഷിതമായ താവളമാണ്. ഇതാണ് ഇന്ത്യയെ ഏറെ ഭയപ്പെടുത്തുന്നത്. അഫ്ഗാനിസ്ഥാനിൽ ഭരണമുറപ്പിച്ച താലിബാനെ പിന്തുണച്ച് ആദ്യം രംഗത്തെത്തിയത് ചൈനയും പാക്കിസ്ഥാനുമാണ്. ഇത് ഇന്ത്യയ്ക്കു നൽകുന്നത് ശുഭസൂചനകളല്ല. ഭാവിയിൽ താലിബാനും ചൈനയും പാക്കിസ്ഥാനും ചേരുന്ന അച്ചുതണ്ട് ഇന്ത്യയ്ക്കു ഭീഷണിയാകാനുള്ള എല്ലാ സാധ്യതകളുമുണ്ട്. സേനാബലം ഉപയോഗിച്ചും ആക്രമണങ്ങളിലൂടെയും അഫ്ഗാനിൽ അധികാരത്തിലെത്തുന്ന ഒരു ഭരണസംവിധാനത്തെയും അംഗീകരിക്കില്ലെന്ന നിലപാടാണ് ഇന്ത്യ, ജർമനി, ഖത്തർ, തുർക്കി തുടങ്ങിയ രാഷ്ട്രങ്ങളെല്ലാം നിലവിൽ സ്വീകരിച്ചിട്ടുള്ളത്. ഏതായാലും, താലിബാൻ വീണ്ടും ഒരിക്കൽക്കൂടി ഇന്ത്യയുടെ അയൽരാജ്യമായ അഫ്ഗാനിസ്ഥാനിൽ അധികാരത്തിലെത്തുമ്പോൾ ഇന്ത്യാ വൻകരയിൽ മാത്രമല്ല ലോകരാഷ്ട്രീയത്തിൽത്തന്നെ അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നുറപ്പാണ്.

# സഭൈക്യവും ആരാധനക്രമാലാപനവും



മല്പാൻ മാത്യു വെള്ളാനിക്കൽ



2021 ജൂലൈ 3-ാം തീയതി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ സീറോ മലബാർ സഭാംഗങ്ങൾക്കയച്ച കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് ഐകരൂപ്യത്തിലുള്ള കുർബാനയർപ്പണമാണ്. കുർബാനയാഘോഷത്തിലുള്ള ഐകരൂപ്യം സഭയിൽ ഐക്യമുളവാക്കും. ഈ ഐക്യമാണ് മറ്റെന്തിനെക്കാളുമുപരി ദൈവം ആഗ്രഹിക്കുന്നത്. ഇതിനുവേണ്ടിയാണ് ഈശോ അവസാനമായി പ്രാർത്ഥിച്ചതും (യോഹ 17:20-26). കുർബാനയാഘോഷത്തിൽ സംഗീതത്തിനു വലിയ പ്രാധാന്യമുണ്ട്. കുർബാനപ്രാർത്ഥനകൾ എന്തായിരുന്നാലും അവ ചൊല്ലുകയും പാടുകയും ചെയ്യുമ്പോഴാണ് അവ അനുഭവമായിത്തീരുന്നത്. 'ഒന്നിച്ചുപ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു ജീവിക്കുന്നു' എന്ന ചൊല്ല് തികച്ചും അർത്ഥവത്താണ്. അതുകൊണ്ട് ദൈവത്തെ പ്രതിനിധീകരിക്കുന്ന കാർമികനും ദൈവജനത്തെ പ്രതിനിധീകരിക്കുന്ന സമൂഹവും ഡയലോഗ് രൂപത്തിൽ കുർബാന അർപ്പിച്ചെങ്കിൽ മാത്രമേ കുർബാനയർപ്പണം ശരിയായ രീതിയിലുള്ള പ്രാർത്ഥനയും ബലിയർപ്പണവും ആവുകയുള്ളൂ. അതിന് ശരിയായ ആരാധനക്രമാലാപനം സഭയ്ക്കുണ്ടാവണം.

**സിനഡ് തീരുമാനം**

ഇപ്രകാരമൊരു ആരാധനക്രമാലാപനം സീറോ മലബാർ സഭയുടേതായി, 2017 ജനുവരിമാസത്തിൽ, കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡ് അംഗീകരിച്ചു. പ്രസ്തുത ആരാധനക്രമാലാപനത്തിന്റെ CD യും സംഗീത സ്വരചിഹ്നങ്ങളോടുകൂടിയ പുസ്തകവും 2017 മാർച്ച് 31-ാം തീയതി സഭാകേന്ദ്രത്തിൽ സംലഭ്യമാക്കുകയും ചെയ്തു. അക്കാര്യം മേജർ ആർച്ചുബിഷപ്, അഭിവന്ദ്യ കർദിനാൾ ജോർജ് ആലഞ്ചേരിപ്പിതാവ് സഭയിലെ എല്ലാ മെത്രാന്മാരെയും അറിയിക്കുകയും, പ്രസ്തുത ആരാധനക്രമം നമ്മുടെ സഭയുടെ എല്ലാ രൂപതകളിലും നടപ്പാക്കണമെന്നു നിർദേശിക്കുകയും ചെയ്തു. എന്നാൽ, ഇതുവരെ ഈ തീരുമാനം പ്രായോഗികമായി നടപ്പിലാക്കാൻ സഭാംഗങ്ങൾക്കു കഴിഞ്ഞിട്ടില്ല.

**ഇന്നത്തെ ആരാധനക്രമാഘോഷം**

ഇന്നത്തെ സീറോ മലബാർ സഭയുടെ ആരാധനക്രമാഘോഷം, പ്രാർത്ഥനകൾ കാർമികന്റെ മനോധർമമനുസരിച്ചു ചൊല്ലിക്കൊണ്ടും പാട്ടുകൾ കുറേ സുറിയാനിരീതിയിലും മറ്റുള്ളവ ഭക്തസംഗീതമാതൃകയിൽ പാടിയുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതു പലപ്പോഴും ഗായകസംഘത്തിന്റേതുമാത്രമായിത്തീരുന്നു. അതുകൊണ്ട് ദൈവജനമാകുന്ന സമൂഹത്തിന് അതിൽ സജീവമായി പങ്കെടുക്കാൻ കഴിയാതെ പോകുന്നു. ഇപ്രകാരം ആഘോഷിക്കുന്നതുകൊണ്ട് ആരാധനക്രമാഘോഷത്തിലൂടെ സംജാതമാകേണ്ട ഹൃദയൈക്യം ഉണ്ടാകുന്നില്ല. മാത്രമല്ല, വ്യത്യസ്തമായ പാട്ടുകൾ പ്രാദേശികമായും രൂപതാപരമായും ഉപയോഗിക്കുകയും ചെയ്യുന്നു. അതിനും പുറമേ, അർപ്പണരീതിയെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളും നിലപാടുകളും നിലവിലിരിക്കുന്നു. ഇതെല്ലാം സഭൈക്യത്തിനു തടസ്സം സൃഷ്ടിക്കുന്നുണ്ട്.

ഈ സ്ഥിതിവിശേഷം സംജാതമായത് കുർബാനക്രമം സുറിയാനിയിൽനിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്ത 1962 മുതലുള്ള കാലഘട്ടത്തിലാണ്. ഇതിനു മാറ്റം വരുത്തി ശരിയായ രീതിയിലുള്ള ആരാധനക്രമാഘോഷത്തിനുള്ള സാധ്യതയാണ് സിനഡിന്റെ അംഗീകാരമുള്ള ആരാധനക്രമാലാപനം നല്കുന്നത്.

**കത്തോലിക്കാ സഭയുടെ നിലപാട്**

ആരാധനക്രമസംഗീതത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ നിലപാട് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം വിശദീകരിക്കുന്നു: വിശുദ്ധസംഗീതത്തിന്റെ ഭണ്ഡാഗാരം അതീവശ്രദ്ധയോടെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. എല്ലാ തിരുക്കർമങ്ങളും വിശ്വാസികളുടെ സമൂഹത്തിനു മുഴുവൻ സജീവഭാഗഭാഗിത്വം കാഴ്ചവയ്ക്കുന്നതിനു സാധിക്കത്തക്കവിധം ആവശ്യമുള്ള ക്രമീകരണം ചെയ്യാൻ മെത്രാന്മാരും മറ്റ് ആത്മീയപാലകന്മാരും അതീവ ശ്രദ്ധയോടെ കരുതേണ്ടിയിരിക്കുന്നു" (SC 114). സീറോ മലബാർ സഭയുടെ വിശുദ്ധസംഗീത ഭണ്ഡാഗാരം പൗരസ്ത്യസുറിയാനി പാരമ്പര്യമാണ്. ആ പാരമ്പര്യം അനുസരിച്ചുള്ള ലളിതമായ ആലാപനമാണ് മെത്രാൻ സിനഡ് അംഗീകരിച്ചത്. അത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിലും നടപ്പിൽ വരുത്തുകയാണെങ്കിൽ സഭൈക്യത്തിന് കൂടുതൽ സഹായകമായിത്തീരും.

> **സീറോ മലബാർ സഭയുടെ വിശുദ്ധസംഗീത ഭണ്ഡാഗാരം പൗരസ്ത്യസുറിയാനി പാരമ്പര്യമാണ്. ആ പാരമ്പര്യം അനുസരിച്ചുള്ള ലളിതമായ ആലാപനമാണ് മെത്രാൻസിനഡ് അംഗീകരിച്ചത്. അത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിലും നടപ്പിൽ വരുത്തുകയാണെങ്കിൽ സഭൈക്യത്തിന് കൂടുതൽ സഹായകമായിത്തീരും.**

**ആരാധനക്രമാലാപനത്തിന്റെ പ്രയോജനങ്ങൾ**

ആരാധനക്രമാലാപനം പ്രാർത്ഥനയെ കൂടുതൽ ആസ്വാദ്യമാക്കുകയും മനുഷ്യമനസ്സുകളെ ഒന്നിപ്പിക്കുകയും ചെയ്യുന്നു. ആരാധനക്രമശുശ്രൂഷകൾക്ക് ആഘോഷമായ പരിവേഷം നല്കി ആരാധനാസമൂഹത്തെ സജീവമായി ശുശ്രൂഷയിൽ പങ്കെടുക്കാൻ സഹായിക്കുന്നു. സഭാശരീരത്തിന്റെ ശിരസ്സായ മിശിഹായെ പ്രതിനിധീകരിച്ച് കാർമികനും അവയവങ്ങളാകുന്ന സഭാംഗങ്ങളും ഒന്നായിനിന്നുകൊണ്ട് മിശിഹായിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനെ ആരാധിക്കുന്ന (യോഹ 4:23,24) ആരാധനാസമൂഹത്തിനു രൂപംകൊടുക്കുന്നു. കാർമികനോടു ചേർന്നുനിന്നുകൊണ്ട് സമൂഹത്തിലുള്ള ഓരോരുത്തരും അവരവരുടെ നിലപാടുകൾ പ്രകടമാക്കി സഭാസമൂഹത്തെ കുടുംബാരൂപിയിൽ വളർത്തുന്നു. സംഭാഷണങ്ങൾ, ഏറ്റുപറച്ചിലുകൾ, പ്രഖ്യാപനങ്ങൾ, വായനകൾ, സങ്കീർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രാർത്ഥനാരൂപങ്ങൾക്ക് അതതിന്റെ പരിവേഷം നല്കാൻ ആരാധനക്രമാലാപനം സഹായിക്കുന്നു. സ്വരത്തിന്റെ ആരോഹണങ്ങളും അവരോഹണങ്ങളും നിശ്ചിതപരിധിയിലായതുകൊണ്ട് എല്ലാവർക്കും, ഗായകർക്കും അല്ലാത്തവർക്കും, ആലപിക്കാൻ സാധിക്കുന്നതാണ് ആരാധനക്രമാലാപനം.

**ആരാധനാസമൂഹം: ഗായകസംഘം**

ആരാധനാസമൂഹം മുഴുവനുമാണ് യഥാർത്ഥ ഗായകസംഘം എന്നുപറയാം. ആരാധനാസമൂഹമാകുന്ന ഗായകസംഘത്തെ പൊതുവേ സ്വർഗീയഗായകസംഘം, ഭൗമികഗായകസംഘം എന്നിങ്ങനെ രണ്ടായി തിരിച്ച് വിശേഷിപ്പിക്കുന്ന പാരമ്പര്യം സഭയിലുണ്ട്. മദ്ബഹായിലെ പുരോഹിതന്മാരും ശുശ്രൂഷികളും ചേർന്നതാണ് സ്വർഗീയഗായകസംഘം. ഗായകവേദിയിലെ ഗായകരും സമൂഹവേദിയിലെ വിശ്വാസികളും ചേർന്നു രൂപംകൊള്ളുന്നതാണ് ഭൗമികഗായകസംഘം. സ്വർഗീയഗണങ്ങളോടുചേർന്നുള്ള ആരാധനയാണ് നാം നിർവഹിക്കുന്നത് എന്ന ബോധ്യത്തിൽനിന്നാണ് മദ്ബഹായിലുള്ളവരെ സ്വർഗീയ ഗായകസംഘം എന്നു വിളിക്കുന്നത്. മദ്ബഹായിലും ഹൈക്കലായിലും ഉള്ളവരെ ഗാനാലാപനത്തിനു സഹായിക്കുക എന്നതാണ് ഗായകസംഘത്തിന്റെ ചുമതല. ദൈവാലയത്തിന്റെ മഹത്ത്വത്തിനു ചേർന്നതും വിശ്വാസികളുടെ സജീവ പങ്കാളിത്തത്തിനു സഹായകവുമായ സംഗീതോപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ, അവ ആരാധനാസമൂഹത്തിന്റെ ശബ്ദത്തിന് ആനുപാതികവും സ്വരലയത്തിനു ചേരുന്നവയുമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശ്വാസം ജനിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും സഹായകമായ വിധത്തിലായിരിക്കണം ആരാധനക്രമപ്രാർത്ഥനകൾ ആലപിക്കേണ്ടത്.

**ഗായകസംഘപരിശീലനം**

ഗായകസംഘങ്ങളുടെ ദൗത്യം ഒരേ സ്വരത്തിലും ഈണത്തിലും പ്രാർത്ഥിച്ചും പാടിയും ഹൃദയൈക്യത്തോടെ ആരാധനക്രമാഘോഷത്തിൽ പങ്കുചേരാൻ ആരാധനാസമൂഹത്തെ സഹായിക്കുക എന്നതാണ്. അതുകൊണ്ട് നമ്മുടെ സഭയിലെ ഗായകസംഘങ്ങൾക്കും അവശ്യം ലിറ്റർജിക്കൽ പരിശീലനം നൽകേണ്ടതുണ്ട് (SC 115). ലിറ്റർജിക്കൽ ചാന്റ് സഭാസമൂഹത്തിൽ നടപ്പിൽ വരുത്തുന്നതിനു നേതൃത്വം നല്കാൻ ഗായകസംഘങ്ങളുടെ സഹായത്തോടെ വൈദികസമൂഹം സന്നദ്ധമാകണം. സീറോ മലബാർസഭയിലെ ആരാധനക്രമാഘോഷത്തിന് നിയതമായ രൂപഭാവങ്ങൾ പകരുവാനും ആരാധനക്രമാദ്ധ്യാത്മികതയിൽ സഭാംഗങ്ങൾ വളരുവാനും സഭയുടെ ഐക്യത്തിനും ഈ ആരാധനക്രമാലാപനം സഹായകമാകും.



# ആവാസവ്യവസ്ഥകൾ തകിടം മറിയുമ്പോൾ



■ കൊഴുവനാൽ ജോസ്

**അ**ഗ്രാഹ്യമായ അദ്ഭുതങ്ങളുടെയും നിഗൂഢങ്ങളായ രഹസ്യങ്ങളുടെയും അക്ഷയഖനിയാണ് പ്രപഞ്ചം. യുഗയുഗങ്ങളായി വള്ളിക്കോ പുള്ളിക്കോ മാറ്റമില്ലാതെ നിലനില്ക്കുന്ന അഖിലാണ്ഡകടാഹം രൂപകല്പന ചെയ്ത പരംപൊരുളിന്റെ കരവിരുതും ദീർഘവീക്ഷണവും അപഗ്രഥനങ്ങൾക്കു വഴിപ്പെടുന്നതല്ല. മനുഷ്യന്റെ ബുദ്ധിക്കും അവൻ വികസിപ്പിച്ചെടുത്ത ശാസ്ത്രത്തിന്റെ അഹന്തയ്ക്കും എത്തിനോക്കാൻപോലും സാധിക്കാത്ത സങ്കീർണതകൾ ചുറ്റിപ്പിണഞ്ഞുകിടക്കുന്ന പ്രപഞ്ചത്തിന്റെ ഒരു ചെറിയ കണിക മാത്രമാണ് നാം അധിവസിക്കുന്ന ഭൂമി. ഭൂമിയും അതുൾപ്പെടുന്ന നവഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും കേന്ദ്രബിന്ദുവായ സൂര്യനുമടങ്ങുന്ന സൗരയൂഥത്തെക്കാൾ വലിയ ശതകോടി സൗരയൂഥങ്ങൾ പ്രപഞ്ചത്തിലുണ്ടെന്നു ചിന്തിക്കുമ്പോളാണ് സൃഷ്ടിയുടെ മഹത്ത്വവും ഈ കൊച്ചുഭൂമിയുടെ നിസ്സാരതയും വെളിവാകുന്നത്. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളിലോ അന്യസൗരയൂഥങ്ങളിലോ ജീവന്റെ സാന്നിധ്യമുണ്ടോയെന്ന് അറിഞ്ഞുകൂടാ. ഭൂമിയുടെ അയൽഗ്രഹങ്ങളിലെങ്കിലും അതുണ്ടോ എന്നറിയാനുള്ള പരീക്ഷണങ്ങൾ ശാസ്ത്രം തുടങ്ങിവച്ചിട്ട് നാളേറെയായി. ഇന്നുവരെ തറപ്പിച്ചൊരു മറുപടി പറയാൻ കഴിഞ്ഞിട്ടില്ല. അതെന്തായാലും യുഗങ്ങൾക്കുമുമ്പ് സൃഷ്ടിയുടെ അവസരത്തിൽ പ്രപഞ്ചത്തിലെ സകല വസ്തുക്കൾക്കുമായി ദൈവം നിശ്ചയിച്ചുറപ്പിച്ച ആവാസവ്യവസ്ഥകൾ ഭൂമിയൊഴികെ മറ്റെല്ലാ ഭാഗങ്ങളിലും അഭംഗുരം തുടരുന്നു. എന്നാൽ, ഭൂമിയിൽ ആ വ്യവസ്ഥകൾ അപ്പാടെ തകിടം മറിഞ്ഞു എന്നതിന് ക്രമം തെറ്റിയ പ്രകൃതിതന്നെ തെളിവാണ്.

കൃത്യമായ വ്യവസ്ഥകളോടുകൂടിയാണ് സ്രഷ്ടാവായ ദൈവം ആദിമാതാപിതാക്കളെ ഏദൻ തോട്ടത്തിൽ ജീവിക്കാൻ വിട്ടത്. എന്നാൽ, അവർ ആ വ്യവസ്ഥകളെല്ലാം കാറ്റിൽ പറത്തി. ദൈവത്തിന്റെ തിരുഹിതം അട്ടിമറിച്ചവർ അതിന്റെ ഫലമറിഞ്ഞു. ഭൂമിയിലെ അന്തരീക്ഷം കലുഷിതമായി. ശാന്തികവാടങ്ങൾ അടഞ്ഞു. അവിടെനിന്നിങ്ങോട്ട് അശാന്തിയുടെ ഘോഷമാണ്. ആബേലിന്റെ രക്തം ഭൂമിയിൽ കിടന്ന് സ്വർഗത്തെ നോക്കി നീതിക്കായി നിലവിളിച്ചു. തിന്മ പെരുകി. ഭൂമിയിൽ നീതിമാന്മാർ ഇല്ലെന്നായി. ഫലമോ? നാല്പതു രാവും നാല്പതു പകലും നീണ്ടുനിന്ന ഒറ്റ മഴപ്പെയ്ത്തിൽ ഭൂമി അപ്പാടെ പ്രളയജലത്തിൽ മുങ്ങിപ്പോയില്ലേ? എന്നിട്ടും തിന്മയിൽനിന്നു പിന്തിരിയാൻ തയ്യാറാകാതിരുന്ന ജനത്തിന്റെ പട്ടണങ്ങൾ കത്തിച്ചാമ്പലായി. ഭൂമിയിൽ നിലവിലിരുന്ന ആവാസവ്യവസ്ഥകൾ ഒന്നടങ്കം പോയിമറഞ്ഞു.

പ്രകൃതിയുടെ നയവും നൈയാമികതയുമാണ് ആവാസയോഗ്യമായ നിയമങ്ങൾ വെളിപ്പെടുത്തുന്നത്. ദൈവികനിയമങ്ങൾ ലക്ഷ്യം വയ്ക്കുന്നതും മറ്റൊന്നുമല്ല. ദൈവം ഭൂമിയിൽ രൂപപ്പെടുത്തിയ ഇത്തരം വ്യവസ്ഥകൾ പ്രാരംഭം മുതല്ക്കുതന്നെ മനുഷ്യൻ ലംഘിച്ചിരുന്നുവെന്നു സൂചിപ്പിക്കാനാണ് ആബേലിന്റെ വധവും നോഹയുടെ കാലത്തെ വെള്ളപ്പൊക്കവും സോദോംഗോമോറയുടെ നാശവും പരാമർശവിധേയമായത്. അന്യഗ്രഹങ്ങളുടെ സ്ഥിതി നമുക്കറിഞ്ഞുകൂടാ. എന്നാൽ, പുരാണങ്ങളും ഇതിഹാസങ്ങളും പ്രാക്തന പ്രോക്തങ്ങളായ തത്ത്വസംഹിതകളും ആത്മനിവേശിതങ്ങളായ വേദഗ്രന്ഥങ്ങളുമൊക്കെ ഈ വ്യവസ്ഥകൾക്കു പിൻബലം നല്കുന്നവയാണ്. തത്ത്വചിന്തകരും മതസ്ഥാപകരും പ്രഭാഷകരും പ്രവാചകരും പ്രഘോഷിച്ചതും മറ്റൊന്നുമല്ല. ചുരുക്കത്തിൽ, ഭൂമിയുടെ ആവിർഭാവംമുതൽ ഇന്നോളം ചേതനവും അചേതനവുമായ സകലതിന്റെയും ക്രമം തെറ്റാത്ത നിലനില്പ് ഈ വ്യവസ്ഥകളെ ആശ്രയിച്ചിരിക്കുന്നു.

ക്രമേണ കാലം മാറി. കാലാവസ്ഥ മാറി. അത്ര എളുപ്പം പരിഹരിക്കാൻ കഴിയാത്ത ഒരു പ്രതിസന്ധിയാണ് ഇന്നു സംജാതമായിരിക്കുന്നത്. അന്തരീക്ഷമലിനീകരണം, ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, ഭൂമിയുടെ നൈസർഗികതയ്ക്കുമേലുള്ള കടന്നുകയറ്റം, സമുദ്രജലത്തിന്റെ ഉയർച്ചതാഴ്ചകൾ, മഞ്ഞുമലകളുടെ ഉരുകിയൊഴുകൽ തുടങ്ങിയ സ്വാഭാവികവും നിർമിതവുമായ പ്രാതികൂല്യങ്ങൾ ഭൂമിയിലെ ആവാസവ്യവസ്ഥകളെ ഒന്നടങ്കം തകിടംമറിക്കുമ്പോൾ ഭൂകമ്പം, മലയിടിച്ചിൽ, അഗ്നിപർവതവിസ്ഫോടനം, ഉരുൾപൊട്ടൽ, ജലപ്രളയം, സുനാമി, കാട്ടുതീ, പകർച്ചവ്യാധികൾ ആദിയായ പരിണതഫലങ്ങൾ ഉണ്ടാവുന്നു. മനുഷ്യൻ അവന്റെ നിയന്ത്രിക്കാനാവാത്ത ജഢികമോഹങ്ങൾക്കും അധാർമികമായ ധനാർത്തിക്കും വശപ്പെട്ടു കാട്ടിക്കൂട്ടുന്ന സന്മാർഗവിരുദ്ധമായ സകല ചെയ്തികൾക്കും ഇന്നല്ലെങ്കിൽ നാളെ ഒരു തിരിച്ചടി ഉണ്ടാവുകതന്നെ ചെയ്യും.

കാലാവസ്ഥാവ്യതിയാനത്തിനും ആഗോളതാപനത്തിനും മുഖ്യകാരണമായി പറയപ്പെടുന്നത് മനുഷ്യനിർമിതമായ അന്തരീക്ഷമലിനീകരണമാണ്. ഭവനങ്ങൾ, വാഹനങ്ങൾ തുടങ്ങിയവമുതൽ പടുകൂറ്റൻ വ്യവസായശാലകൾവരെ പുറന്തള്ളുന്ന കാർബൺ ഡയോക്സൈഡ്, നൈട്രിക് ഓക്സൈഡ്, മീഥേൻ ആദിയായ ഹരിതഗൃഹവാതകങ്ങളുടെ കനത്ത സാന്നിധ്യംമൂലം, സൂര്യപ്രകാശത്താൽ ചൂടുപിടിക്കുന്ന ഭൂമിയുടെ ഉപരിതലത്തിൽനിന്നു മുകളിലേക്കു മടങ്ങേണ്ട ചൂടിന്റെ ഒരു ഭാഗം ഭൂമിയിൽത്തന്നെ തുടരുന്നു. ഇതുമൂലം ഭൂമിയിൽ വ്യാപിക്കുന്ന ചൂടിന്റെ വർദ്ധനയാണ് ആഗോളതാപനം. ഇത് കാലാവസ്ഥാവ്യതിയാനത്തിനും പർവതങ്ങളിലെ മഞ്ഞുരുകലിനും സമുദ്രജലത്തിന്റെ നിമ്നോന്നതിക്കും കാരണമാകുന്നു. കാലാവസ്ഥാവ്യതിയാനം മനുഷ്യനുൾപ്പെടെ സകല ജീവജാലങ്ങളിലും കാണപ്പെടുന്ന ജീവിതക്രമത്തിന്റെ താളം തെറ്റിക്കുന്നു. സമുദ്രാന്തർഭാഗത്തുണ്ടാകുന്ന ഭൂകമ്പവും തത്ഫലമായ സുനാമിയും ഭൂവിഭാഗങ്ങളെ തീർത്തും നാമാവശേഷമാക്കുന്നു. ചുഴലിക്കൊടുങ്കാറ്റുകളും ഈ ആഗോളതാപനത്തിന്റെ തിക്തഫലങ്ങളാണെന്നു പറയുമ്പോൾ അതിനിടയാക്കുന്ന അന്തരീക്ഷമലിനീകരണത്തിന് ഒരു ചെറിയ കാരണംപോലും നമ്മുടെ ജാഗ്രതക്കുറവുമൂലം സംഭവിച്ചുകൂടാത്തതാണ്.

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും മൂലം ഉദ്ഭൂതമാകുന്ന മറ്റൊരു വൻദുരന്തമാണ് കാട്ടുതീ. അമേരിക്ക, ടർക്കി, ഓസ്ട്രേലിയ, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിലെ കോടിക്കണക്കിന് ഏക്കർ വനഭൂമി ഇതിനോടകം ചാമ്പലായി. ഭൂമിയുടെ ശ്വാസകോശമെന്നറിയപ്പെടുന്ന ആമസോൺ കാടുകളിൽ 2019 – ൽ പടർന്ന കാട്ടുതീ എത്ര വലിയ നാശനഷ്ടമാണുണ്ടാക്കിയതെന്നു വാർത്തകളിലൂടെ നമ്മളറിഞ്ഞു.

നമുക്ക് ആവാസവ്യവസ്ഥകൾ ഒരുക്കിത്തരുന്ന പ്രകൃതിയിലേക്കു മടങ്ങിവരാം. അവിടെ അത്യാഗ്രഹിയായ മനുഷ്യൻ ഏല്പിച്ച അഗാധമായ മുറിവിന്റെ പാടുകളുണ്ട്. മരിച്ച മലയും മരിച്ച കാടും മരിച്ച പുഴയും മരിച്ച പാറയും ഒരു കാലത്ത് ജീവനോടെ അവിടെയുണ്ടായിരുന്നു. ഇന്നോ? തിളങ്ങുന്ന തണ്ണീർത്തടങ്ങളുടെ സ്ഥാനത്ത് ഭൂമിയുടെ കണ്ണീർച്ചാലുകൾ മാത്രം. 'ഒരു കാക്കക്കാലിന്റെ നിഴൽപോലുമില്ലാത്ത വരണ്ട നഗര'മെന്ന് കടമ്മനിട്ട വിലപിച്ചത് ഈ ഭൂമിയെ നോക്കിയാണ്. 'കോൺക്രീറ്റ്വൃക്ഷങ്ങളുടെ തണൽ പറ്റി ഭൂമി ഉറങ്ങുന്ന കാലം ഇന്ന് എന്റെ ഉറക്കം കെടുത്തുന്നു' എന്ന് കെ.ജി. ശങ്കരപ്പിള്ള പരാതി പറഞ്ഞതും ഈ ഭൂമിയെത്തന്നെ മനസ്സിൽ കണ്ടിട്ടാണ്. 'ദൈവം നല്കിയ വിഭവങ്ങളെ നാം ഉത്തരവാദിത്വമില്ലാതെ ദുർവിനിയോഗം ചെയ്യുന്നതുവഴി ഭൂമി അവൾക്കേറ്റ ക്ഷതങ്ങൾമൂലം നമ്മെ നോക്കി വിലപിക്കുന്നു' എന്ന് ലൗദാത്തോ സീ എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസീസ് പാപ്പാ എഴുതിവച്ചിരിക്കുന്നത് നമ്മൾ കാണാതെപോകരുത്.

വർഷങ്ങളായി ആവാസവ്യവസ്ഥകളെ തകിടംമറിക്കുന്ന നടപടികൾ അവലംബിക്കുകവഴി പ്രകൃതിയുടെ രീതിയും ദൈവത്തിന്റെ നീതിയും ചോദ്യം ചെയ്യപ്പെട്ടപ്പോൾ സ്രഷ്ടാവിനു മുന്നറിപ്പു തരാതെ ഗത്യന്തരമില്ലാതെ വന്നു. പ്രകൃതിദുരന്തങ്ങളും ജലപ്രളയവും ഭൂകമ്പവും സുനാമിയും ചുഴലിക്കാറ്റും വിളനാശവും കണ്ടിട്ടും കൊണ്ടിട്ടും പഠിച്ചില്ല നമ്മൾ. ഒടുവിലിതാ, കഴിഞ്ഞ ഒന്നരക്കൊല്ലമായി നൂറ്റാണ്ടിലെ ഏറ്റവും ഭീകരമായ മഹാമാരി നമ്മെ വരിഞ്ഞുമുറുക്കിയിരിക്കുന്നു. ഈ ബന്ധനത്തിൽനിന്ന് എന്ന്, എങ്ങനെയൊരു മോചനം? നമുക്കറിയില്ല. സ്വയം രൂപപ്പെട്ടതോ പരീക്ഷണശാലയിൽനിന്നു പുറത്തുചാടിയതോ എന്തായാലും ഈ പരീക്ഷണകാലം മറികടക്കാൻ ലഭിക്കുന്ന പ്രതിരോധമാർഗങ്ങളോടൊപ്പം പ്രപഞ്ചനാഥനോടുള്ള ഹൃദയംഗമമായ പ്രാർത്ഥനയും ആവശ്യമായിരിക്കുന്നു. ഇസ്രായേലിന്റെ രാജാവായിരുന്ന സോളമനെപ്പോലെ ഉന്നതങ്ങളിലേക്കു കരങ്ങളുയർത്തി നമുക്കും പ്രാർത്ഥിക്കാം:

"ദൈവമേ, അങ്ങയുടെ ജനമായ ഞങ്ങൾ അങ്ങയിലേക്കു തിരിഞ്ഞ് ഞങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് മാപ്പപേക്ഷിക്കുമ്പോൾ ഞങ്ങളോടു ക്ഷമിക്കുകയും ആകാശം തുറന്ന് ഞങ്ങളുടെമേൽ കൃപ വർഷിക്കുകയും അങ്ങനെ അങ്ങ് ഞങ്ങൾക്കു തന്നിരിക്കുന്ന ഈ ഭൂമിയിൽ ഞങ്ങളെ ബന്ധനത്തിലാക്കിയിട്ടുള്ള മഹാമാരിയുടെ കരാളഹസ്തങ്ങളിൽനിന്ന് ഞങ്ങളെ മോചിപ്പിക്കുകയും ചെയ്യണമേ."



# ഭൂമിയിലെ സങ്കീർത്തനങ്ങൾ

കഥ



നിഷ ആന്റണി

രാത്രിയിൽ റഷ്യൻ ചൂതാട്ട കേന്ദ്രങ്ങളിലെ തന്റെ പതിവു കളികൾ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോഴാണ് ദസ്തയേവ്സ്കി രാമമൂർത്തിയുടെ കാര്യം ഓർത്തത്. പണ്ടേ ചൂതാട്ടത്തിനിറങ്ങിയാൽ തന്നെ സ്നേഹിക്കുന്നവരുടെ കാര്യം താൻ മറന്നുപോകും.

രാമമൂർത്തിയെ അങ്ങനെ മറക്കാൻ വയ്യ.

അയാൾ ജീവിക്കുന്നത് അക്ഷരങ്ങളിലാണ്.

ദസ്തയേവ്സ്കി വീട്ടിലെത്തിയപ്പോഴാണ് ഏങ്ങിയും പൊങ്ങിയുമുള്ള ചുമ കേട്ടത്.

അയാൾ രാമമൂർത്തിയുടെ അടുത്തു ചെന്നിരുന്നു.

ഹാ വന്നോ?

ഇന്നു കളിച്ചു ജയിച്ചതു പോലുണ്ടല്ലോ കണ്ടിട്ട്. പുസ്തകത്തിൽ കാണാതിരുന്നപ്പോഴേ എനിക്കു തോന്നി, ഇന്ന് കളിക്കിറങ്ങീട്ടുണ്ടാവുന്ന്. രാമമൂർത്തി പറഞ്ഞു.

മരിക്കാത്ത ഞാനെന്തിനാടോ ഈ പുസ്തകത്തിൽ ഒതുങ്ങിക്കൂടുന്നത്. എടോ താൻ ഒന്നെണീറ്റേ...

എന്നെയും ഈ ചുമ പണ്ട് കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിച്ചത്.

അന്നയെ ഉറക്കിക്കിടത്തി ചൂതുകളിക്കാനിറങ്ങുന്ന നേരത്താണ് റഷ്യ മഞ്ഞുപെയ്ത് തണുക്കാൻ തുടങ്ങുന്നത്. താൻ കണ്ടിട്ടില്ലല്ലോ റഷ്യയിലെ മഞ്ഞ്.

ഇരുട്ടും മഞ്ഞും അങ്ങനെ കറുപ്പും വെളുപ്പുമായി പെയ്ത് മോസ്കോവിനെ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് രാത്രിയാക്കും.

അപ്പോ നല്ല റഷ്യൻ ചുരുട്ട് പുകച്ച് മഞ്ഞിനെ ഉരുക്കി ഞാൻ ചിരിച്ചുകൊണ്ട് തെരുവിലൂടെ നടക്കും.

തന്നേക്കാൾ നൂറുവർഷം മുന്നേയുള്ള കഥാകാരന്റെ കഥയ്ക്കരികിൽ ശാരീരികാസ്വസ്ഥ്യങ്ങൾ ഒഴിഞ്ഞു മനസ്സോടെ രാമമൂർത്തി കഥ കേട്ടിരുന്നു.

ഇരുപതുവർഷംമുമ്പ് മാവിടിക്കുന്നിന്റെ താഴ്‌വാരത്തിലേക്ക് രാമമൂർത്തി വരുമ്പോൾ ഒരു നിധിപോലെ കുറച്ചു പുസ്തകങ്ങൾ മാത്രമാണ് ബാഗിൽ കരുതിയിരുന്നത്.

കോളനിയിൽനിന്നു മൈലുകൾക്കപ്പുറത്തുള്ള ക്വാറിയിലായിരുന്നു അയാൾക്കു ജോലി. കരിങ്കൽക്കൂമ്പാരങ്ങളിലെ പൊടിക്കുട്ടുകൾ രാമമൂർത്തിയുടെ ഹൃദയത്തിനു ചാരനിറം നൽകിയപ്പോൾ നിർത്താനാവാത്ത ചുമ അയാൾക്കു കൂട്ടായി. ഭൂമിയുടെ നെഞ്ചുടഞ്ഞു തകരുമ്പോഴൊക്കെ രാമമൂർത്തിയുടെ നെഞ്ചും തകർന്നു.

രണ്ടാഴ്ചമുമ്പ് ശ്വാസകോശത്തിന്റെ തുന്നൽ പൊട്ടി ആശുപത്രിയിൽ അഡ്മിറ്റാവുംവരെ പാവങ്ങളും കുറ്റവും ശിക്ഷയും ഖസാക്കിന്റെ ഇതിഹാസവും പ്രേമലേഖനവുമൊക്കെ കാറ്റു കടക്കാത്ത ഇരുട്ടുമുറിയുടെ കൊച്ചിടുക്കിലിരുന്ന് ഭൂമിയിലെ എല്ലാ നല്ല വാക്കുകളും പറഞ്ഞ് രാമമൂർത്തിയെ ആശ്വസിപ്പിച്ചു. ആശുപത്രിക്കിടക്കയിൽ രാമമൂർത്തി തനിച്ചായിരുന്നതുകൊണ്ട് ദസ്തയേവ്സ്കിക്ക് എങ്ങോട്ടും പോകാൻ തോന്നിയില്ല.

ഈ ആശുപത്രിവാസം കഴിഞ്ഞാൽ സെന്റ് പീറ്റേഴ്സ് ബർഗും, ദസ്തവോവോ എന്ന തന്റെ ഗ്രാമവുമൊക്കെ രാമമൂർത്തിയെ കൊണ്ടുപോയി കാണിക്കാമെന്ന് കഥാകാരൻ വാഗ്ദാനം ചെയ്തു. അങ്ങനെ ഒരുറപ്പു കൊടുക്കാതെ അക്ഷരസ്നേഹിയായ രാമമൂർത്തി ജീവിതത്തിലേക്കു തിരിച്ചുവരില്ലെന്ന് ദസ്തയേവ്സ്കിക്കു തോന്നി.

വീട്ടിലെ വിശേഷങ്ങളുമായി ഭാര്യ വല്ലി വരുന്നതുവരെ ദസ്തയേവ്സ്കി തന്റെ നോവലിലെ കഥാപാത്രങ്ങളെക്കുറിച്ച് രാമമൂർത്തിയോടു സംസാരിച്ചിരുന്നു.

ഒന്നിടവിട്ട ദിവസങ്ങളിൽ ആശുപത്രിയിൽ ചെന്ന് വല്ലി അയാളെ സന്ദർശിക്കുകയുണ്ടായി. നീ ഇടയ്ക്കിടയ്ക്ക് ഇങ്ങോട്ടു വരണ്ട വല്ലി... കമലാംബാൾ അറിഞ്ഞാൽ പിന്നെ നിന്നെ വേലയ്ക്കു വിളിക്കില്ല.

ചുറ്റും കൊറോണയാകും. രാമമൂർത്തി പറഞ്ഞു.

എന്നവോ... എനിക്കിത് താങ്കമുടിയലേ... ഞാനും മാഖിയും ഒറ്റയ്ക്ക്... തിരുമ്പി വന്താലുടൻ ഇന്ത ഊര് വിട്ട് പോലാമാ... കോറി പണി ഉങ്കളുക്ക് താങ്കമുടിയിലെ..

പൊതിയിലുണ്ടായിരുന്ന ഓറഞ്ച് പൊളിച്ച് ഒരല്ലി അവൾ അയാളുടെ വായിൽ വച്ചു.

നീ സമാധാനപ്പെട്.

മാഖി എന്തു പറയുന്നു? അവളുടെ പഠനം മുടക്കരുത്. ഫോണില് പൈസയുണ്ടോ? മകളെയെങ്കിലും കോളനിക്കു പുറത്തുള്ള ഭൂമിയിലേക്ക് എത്തിക്കണമെന്നയാൾ ആഗ്രഹിച്ചിരുന്നു.

വല്ലിക്ക് അയാളെ വിഷമിപ്പിക്കാൻ തോന്നിയില്ല.

ടീച്ചർ ഇടയ്ക്കിടെ വിളിക്കാറുണ്ട്. അങ്കെയും ഇങ്കെയുമിരുന്ന് എന്നവോ പേസറേൻ. അപ്പാവുടെ കഥകൾ കേൾക്കാൻ അവള്ക്ക് റൊമ്പ ആസയിരുക്ക്.

മകളെക്കുറിച്ചു കേട്ടപ്പോൾ അയാളുടെ കണ്ണുകളിൽ ആവശ്യത്തിലധികം വാത്സല്യം തിരതല്ലി.

ആ ഇരുമ്പുപെട്ടി നിറയെ പുസ്തകമല്ലേ വല്ലീ.... നിനക്ക് ഒന്നു വായിച്ചു കൊടുത്തൂടേ...? എനിക്ക് മലയാളം വായിക്കാൻ അറിയില്ലാന്ന് അപ്പാവുക്കും മോൾക്കുമറിഞ്ഞൂടേ... ഇപ്പടി പേസവേണ്ട.

വല്ലി മുഖം കൂർപ്പിച്ചു.

ആ പരിഭവത്തിനിടയിലെപ്പോഴോ രാമമൂർത്തിയുടെയും വല്ലിയുടെയും കൈത്തലങ്ങൾ ഒരുമിച്ചുചേർന്നു. അപ്പോൾ അവർക്ക് മാഖിയെ ഓർമ വന്നു.

അയാൾ സ്നേഹത്തോടെ അവളെ നോക്കി.

രണ്ടു ദിവസത്തിനുള്ളിൽ ഞാൻ വരും. നീ ഇപ്പോ പൊക്കോ. അയാൾ അവളെ പറഞ്ഞയച്ചു.

പടികളിറങ്ങുമ്പോൾ ദേഹത്തിന് കനം കൂടുന്നതായി വല്ലിക്കു തോന്നി. അവൾ കൈവരിയിലെ പിടിത്തം മുറുക്കി താഴേക്കിറങ്ങി.


വീടെത്തുമ്പോൾ സൂര്യന സ്തമിക്കാൻ തുടങ്ങിയിരുന്നു. സിമൻറ്ഭരണിയിൽനിന്നും ഒരു പാട്ട തണുത്ത വെള്ളമെടുത്ത് വല്ലി മുഖം കഴുകി.

അവശേഷിച്ചിരുന്ന ഓറഞ്ചിൽ ഒന്നെടുത്ത് മാഖിയുടെ നേരേ നീട്ടി.

അപ്പാ ഇനിയും വൈകുമോ അമ്മേ...

മൺചുവരുകളിൽ ചാരി നിന്ന് വാടിയ മുഖവുമായി മാഖി ചോദിച്ചു.

അവർ രണ്ടുമൂന്ന് നാളുക്കുള്ളെ വരും. നീ നല്ലാ പടിങ്കെ എന്ന് അവര് സൊല്ലിട്ടാർ.



അമ്മാ...

അമ്മ പോയപ്പോ നന്ദ വന്നിരുന്നു. അപ്പ ആശുത്രിലാന്നറിയാവുന്നതുകൊണ്ട് ഇവിടെ കേറീല്ല. ഞാനെന്താ ഓൺലൈൻ ക്ലാസിൽ വരാത്തത് എന്ന് ടീച്ചർ അന്വേഷിച്ചു. ജൂലൈ അഞ്ചിന് ബഷീർ ദിനത്തിന്റെന്ന് കഥ വായിച്ച് ഭൂമിയുടെ അവകാശികൾ ആരൊക്കെയെന്ന് കണ്ടെത്തി എഴുതി വിവരണം തയ്യാറാക്കണമമ്മേ.

അതു പറയാനാ അവൾ വന്നത്. ഫോണില് പൈസയില്ല എന്നുള്ള കാര്യം ഞാൻ പറഞ്ഞില്ല. ടീച്ചറിനെ എത്രയെന്നു വെച്ചാ ബുദ്ധിമുട്ടിക്ക്യാ.

അപ്പാ അറിഞ്ഞാൽ...

മാഖിയുടെ സംസാരത്തിന് ഒച്ച കുറഞ്ഞു വന്നു.

അമ്മയ്ക്ക് അറിയ്യോ ഭൂമീടെ അവകാശികൾ ആരൊക്കെയാണെന്ന്?

എനക്കെപ്പിടി തെരിയുമെടീ.. എന്നെ മലയാളം പഠിപ്പിച്ചതു തന്നെ ഉന്നുടെ അപ്പാവ് താൻ. പറവാലെ മാഖീ... നാളെ കമലംബാളുടെ വീട്ടിൽ പോകുമ്പോ കനിമോളോടു ചോദിക്കാം. പോതുമാ....

ആകെയുള്ള ഒറ്റമുറിവീട്ടിൽ അപ്പാവുടെ പുസ്തകങ്ങൾക്കരികെ അമ്മയും മകളും കെട്ടിപ്പിടിച്ചു കിടന്നു. ഭൂമിയുടെ അവകാശികൾ ആരൊക്കെയാണെന്ന ചിന്തയ്ക്കിടയിൽ കൈയിൽ വന്നിരുന്ന ഒരു കൊതുകിനെ നിലാവെളിച്ചത്തിൽ വല്ലി അടിച്ചു കൊന്നു.

ഉറക്കം തരാതെ മൂളിയ ചീവിടിനെ മനസ്സിൽ പ്രാകി.

പിറ്റേന്ന് സൂര്യനോ കാക്കയോ ആരോ ഒരാൾ വല്ലിയെ വിളിച്ചുണർത്തി...

കോളനിയുടെ പിറകുവശത്തു കൂടി ഒഴുകുന്ന അഴുക്കുചാലിൽനിന്നു നായ്ക്കളും പക്ഷികളും എന്തോ കടിച്ചുപറിക്കാനുള്ള പിടിവലിയിലാണ്.

ആരോ ഉപേക്ഷിച്ച മാസ്ക് ഒരു കാക്ക കൊത്തിവലിച്ച് പറക്കുന്നതു കണ്ടു. ഓരോ ദിവസവും ഇരുട്ടി വെളുത്തു വരുന്തോറും ഈ അഴുക്കുചാലിന് കനം വയ്ക്കുന്നു.

താൻ വന്ന കാലത്ത് മാവിടിയിൽനിന്നു മുളപൊട്ടി പാട്ടുപാടിയൊഴുകുന്ന കൊച്ചരുവിയായിരുന്നു ഇത്.

വല്ലി ഇറങ്ങി പുറത്തേക്കു നടന്നു.

പ്രകൃതി കനിഞ്ഞു നല്കിയ ഒരു മുരിങ്ങമരം കുന്നിൻചരിവിൽ സദാ തളിർത്തുനിന്നിരുന്നതുകൊണ്ട് കറിക്കുവേണ്ടി ഒരിക്കലും കോളനിയിലുള്ളവർക്ക് അലയേണ്ടിവന്നില്ല. വല്ലിയുടെ അടുക്കളനിലത്തെപ്പോഴും മുരിങ്ങയിലത്തുള്ളികൾ പച്ചമറുകുപോലെ കാണപ്പെട്ടു.

മുരിങ്ങ പൊൻനിറം ചൂടുന്ന കാലത്തുമാത്രം അവൾ അഴുക്കുചാലിനരികെ തഴച്ചുവളരുന്ന ചുവന്ന ചീരയിലകൾ നുള്ളി. പ്രാതലൊരുക്കിയശേഷം വല്ലി മകളെ വിളിച്ചു.

അവൾ ചാർജില്ലാത്ത മൊബൈലും കയ്യിൽപിടിച്ചിരിപ്പാണ്.

മാഖീ...

നാൻ ശീഘ്രമാ വന്തിടും.

നീ പുസ്തകമെടുത്ത് നല്ലാ പഠി....

വല്ലി പറഞ്ഞു.

അമ്മ ഫോൺ കൊണ്ടുപോണം. ഇത് കറണ്ടില്ലാതെ ചത്തിട്ടുണ്ട്. അമ്മ തിരിച്ചുവന്നിട്ടു വേണം ക്ലാസ് കാണാൻ. പിന്നെ കനിയോടു ഭൂമിയുടെ അവകാശികൾ ആരെന്നു ചോദിക്കാൻ മറക്കണ്ട.

വല്ലി കമലാംബാളിന്റെ വീട്ടിലേക്കു പുറപ്പെട്ടു.

കോളനിയിലെ ഇടുങ്ങിയ നടവഴിയിൽ മാലിന്യങ്ങളും വിസർജ്യങ്ങളും നിറഞ്ഞിരിക്കുന്നു.

അവൾക്കു മൂക്കുപൊത്തണമെന്നു തോന്നി. കോളനി അവസാനിക്കുന്നിടത്ത് തങ്ങളെപ്പോലെ ഇരുട്ടിൽ ജീവിക്കാത്തവർക്കുവേണ്ടി ടാറിട്ട, വെടിപ്പായ വെളിച്ചമുള്ള നിരത്ത് ആരംഭിക്കുകയാണ്.

അതിരാവിലെതന്നെ പത്രം വായിക്കാനാണെന്ന ഭാവേന മുടിക്കെട്ടിയ മുഖത്തോടെ ചിലർ കോളനിമുക്കിലെ ചായക്കടയിലേക്കു നടക്കുന്നതു കണ്ടു. എന്തുകൊണ്ടോ പോലീസ് വിരാജ് കോളനിയിലെ ജനങ്ങളെ മാത്രം അകറ്റാൻ എത്തിയില്ല. പത്രം വായിക്കുക എന്നതിനേക്കാൾ അധികമായി നാട്ടുവെളിച്ചം കാണാനായിരുന്നു. മനുഷ്യർക്ക് ആഗ്രഹം.

അവർക്കിടയിലൂടെ വല്ലി നടന്ന് കമലാംബാളുടെ ഇരുനില വീട്ടിലെത്തി.

വല്ലിയെ കണ്ടയുടനെ തന്റെ സ്ഥൂലിച്ച ശരീരവുമായി കമലാംബാൾ മകളെയും ഭർത്താവിനെയും വിളിച്ച് രണ്ടാം നിലയിലെ ടെറസ് ഗാർഡനിലേക്കു പോയി.

മനുഷ്യരുടെ വിഷാദമൊന്നും പൂക്കൾക്കോ ചെടികൾക്കോ ഉണ്ടായിരുന്നില്ല. അവ പുത്തുലഞ്ഞ് സൂര്യനെ നോക്കി ചിരിച്ചുകൊണ്ടിരുന്നു.

കമലാംബാൾ പൂക്കളെ തൊട്ടും തലോടിയും മണത്തും അവയ്ക്കരികെ നിൽക്കുകയാണ്.

വല്ലിക്കും അവയെ തൊടണമെന്നു തോന്നി. കാരണം കഴിഞ്ഞ വേനലിൽ അവൾ നട്ടുനനച്ചു വളർത്തിയ ചെടികളാണ്.

ടെറസിൽനിന്നു കമലാംബാൾ താൻ ചെയ്യേണ്ട പണികളെക്കുറിച്ചുള്ള നിർദേശം തന്നുകൊണ്ടിരുന്നു.

വല്ലി മകളുടെ ഫോൺ വർക്ക് ഏരിയയിലെ പ്ലഗ്ഗിൽ ചാർജിലിട്ടു. മുറിയുടെ മൂലയ്ക്കു വച്ചിരുന്ന ചൂലെടുത്തു. മാറാല തട്ടി നിലം അടിച്ചുതുടച്ച് വൃത്തിയാക്കണം. അടുക്കളപ്പണികൾക്ക് ഇപ്പോൾ അനുവദിക്കാറില്ല.

ശേഷം 6-ാം പേജിൽ

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ. അവയെ നിന്റെ കഴുത്തിൽ ധരിക്കുക. ഹൃദയഫലകങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യുക.

സുഭാഷിതങ്ങൾ 3:3

**എഡിറ്റോറിയൽ**

# നമ്മുടെ കുട്ടികൾക്കു വേണം കളിക്കാനുള്ള സ്വാതന്ത്ര്യം

ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിനത്തിൽ പ്രമുഖ ക്രിക്കറ്റ് താരമായ സച്ചിൻ തെൻഡുൽക്കറിന്റെ കുറിപ്പ് കളിക്കാനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചായിരുന്നു. വിദ്യാഭ്യാസത്തിനുള്ള അവകാശംപോലെ തന്നെ പ്രധാനപ്പെട്ടതാണു കുട്ടികൾക്കു കളിക്കാനുള്ള അവകാശവുമെന്ന് അദ്ദേഹം തുറന്നുപറഞ്ഞു.

കൊവിഡൊരുക്കിയ പ്രത്യാഘാതങ്ങൾ ഏറ്റവുമധികം ബാധിച്ചത് നമ്മുടെ കുട്ടികളെയാണ്. അക്ഷരാഭ്യാസം തൊട്ടിങ്ങോട്ട് പുസ്തകത്താളുകളിൽ ആരൊക്കെയോ നിറച്ചുവച്ചിരിക്കുന്ന കുറേ ആശയങ്ങൾക്കും സിദ്ധാന്തങ്ങൾക്കുമപ്പുറത്തേക്ക് വിദ്യാഭ്യാസത്തിന്റെ ചക്രവാളം വികസിപ്പിച്ചിട്ടില്ലാത്ത ഭൂരിപക്ഷം വരുന്ന സാധാരണ ജനത്തിന്, കളിക്കാനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചു കേൾക്കുമ്പോൾ അസ്വസ്ഥതയനുഭവപ്പെടാം. പക്ഷേ, അറിവാർജിക്കാനുള്ള അവകാശംപോലെ തന്നെ, കളിച്ചുവളരാനുള്ള സ്വാതന്ത്ര്യവും വേണമെന്നു ബുദ്ധിസാമർത്ഥ്യവും കാര്യക്ഷമതയുമുള്ള കുട്ടികൾ പറഞ്ഞുതുടങ്ങിയിരിക്കുന്നുവെന്നത് വിദ്യാഭ്യാസകേരളം ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്.

കൊവിഡ്മുൻകരുതലിന്റെയും ലോക്ഡൗണിന്റെയും ഭാഗമായി സംസ്ഥാനത്തെ സ്കൂൾ - കോളജുകൾ അടച്ചത് 2020 മാർച്ചിലായിരുന്നു. 2021 ഓഗസ്റ്റ് തീരാറായിട്ടും കലാലയങ്ങൾ തുറക്കാൻ നാം തയ്യാറാകുന്നില്ല. വീടിനകത്തിരുന്നുള്ള ഓൺലൈൻ ക്ലാസുകൾ അറിവുനേടൽ എന്ന കേവലധർമം നിർവഹിക്കുന്നതല്ലാതെ, വിദ്യാഭ്യാസത്തിന്റെ വിശാലലക്ഷ്യം കൈവരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നില്ലായെന്നത് തർക്കമറ്റ കാര്യമാണല്ലോ. മാത്രമല്ല, നാളുകളായുള്ള അടച്ചിരുപ്പൊരുക്കുന്ന കുട്ടികളുടെ മാനസിക-ശാരീരിക പ്രശ്നങ്ങൾ അവരുടെ വ്യക്തിത്വത്തെത്തന്നെ ക്ഷയിപ്പിക്കുന്നുവെന്ന് സൈക്കോളജിസ്റ്റുകളും ആരോഗ്യവിദഗ്ധരുമടക്കമുള്ളവരും വെളിപ്പെടുത്തുന്നു.

കുട്ടികൾക്കു വേണ്ടത് ഒറ്റപ്പെടലിന്റെ ജീവിതമല്ല, ഒരുമിച്ചു കളിച്ചുവളരാനുള്ള സ്വാതന്ത്ര്യമാണ്. അതിനു നമ്മുടെ സ്കൂളുകളും കോളജുകളും, കൊവിഡ് മാനദണ്ഡങ്ങൾക്കു വിധേയമായിത്തന്നെ ഘട്ടംഘട്ടമായി തുറന്നുകൊടുക്കാൻ സർക്കാർ തയ്യാറാവണം. പുറത്തിറങ്ങി നടക്കുന്നതുമുതൽ ശ്വസിക്കുന്നതുവരെയുള്ളതിലെ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടതിന്റെ വീർപ്പുമുട്ടലുകളേറ്റുവാങ്ങേണ്ടിവന്ന നമ്മുടെ കുട്ടികൾക്ക് ഇത്തിരിയെങ്കിലും മോചനമുണ്ടായത് കഴിഞ്ഞ വർഷം പ്രൊഫഷണൽ കായികരംഗം ഉണർന്നതോടെയാണ്. ടോക്കിയോയിൽ ഒളിമ്പിക്സ് യാഥാർത്ഥ്യമായത് ടിവിയിലൂടെയാണെങ്കിലും നമ്മുടെ കുട്ടികൾ കൺകുളിർക്കെക്കണ്ട് സംതൃപ്തരായി. അതവരുടെ മനസ്സിനും ശരീരത്തിനുമുണ്ടാക്കിയ ആരോഗ്യം ഒട്ടും ചെറുതല്ല.

ആരോഗ്യത്തിനു മതിയായ വില കല്പിക്കുന്ന ഒരു സാംസ്കാരികാന്തരീക്ഷം നമ്മുടെ അനുദിനജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ലോകത്തിലെ ഏറ്റവും യൗവനയുക്തമായ രാജ്യങ്ങളിലൊന്നാണ് ഇന്ത്യയെങ്കിലും ഫിറ്റ്നസിന്റെ കാര്യത്തിൽ നമ്മൾ ഏറെ പിന്നിലാണ്. ആരോഗ്യകരമായ ഒരു കായികവിദ്യാഭ്യാസവും സാംസ്കാരികാവബോധവും നമുക്കില്ലാതെപോയതാണു കാരണം. സ്പോർട്സ് പ്രേമികൾ ഏറെയുണ്ടെങ്കിലും നമ്മുടെ കുട്ടികൾക്കു കായികവിദ്യാഭ്യാസം ശാസ്ത്രീയമായി കൊടുക്കണമെന്നു വാദിക്കാൻ വിദ്യാഭ്യാസമേഖലയിലടക്കം ആളുകളില്ലാതെ പോയി. 49 വർഷത്തിനുശേഷം കേരളത്തിന് ഒളിമ്പിക്സ് മെഡൽ സമ്മാനിച്ച പി.ആർ. ശ്രീജേഷിന് സംസ്ഥാനസർക്കാർ വിദ്യാഭ്യാസവകുപ്പിൽ ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം കൊടുത്തത് വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ ഒരു മാറ്റത്തിന്റെ തുടക്കമാണെന്നു പ്രതീക്ഷിക്കാം. കായികരംഗത്തേക്കു കൂടുതൽ പ്രതിഭകൾ ധൈര്യപൂർവം കടന്നുവരാനുള്ള പ്രചോദനമാകും തനിക്കു ലഭിച്ച രണ്ടു കോടി രൂപയുടെ പാരിതോഷികമെന്നും ഒളിമ്പ്യൻ പി.ആർ. ശ്രീജേഷ് പറയുകയുണ്ടായി. അടുത്ത സ്വാതന്ത്ര്യദിനത്തിനുമുമ്പ് 75 സ്കൂളുകൾ സന്ദർശിക്കാൻ ടോക്കിയോ ഒളിമ്പിക്സിൽ പങ്കെടുത്ത അത്‌ലറ്റുകളോട് പ്രധാനമന്ത്രി നരേന്ദ്രമോദി 75-ാം സ്വാതന്ത്ര്യദിനത്തിൽ പറഞ്ഞത് സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള കായികവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും പ്രസക്തിയും കണ്ടറിഞ്ഞുകൊണ്ടുതന്നെയാണ്.

ഒളിമ്പിക്സിലെ മെഡൽജേതാക്കളുടെ പോരാട്ടത്തിന്റെ വീരകഥകൾ കുട്ടികളോടു പറഞ്ഞുകൊടുക്കാൻ നമ്മുടെ അധ്യാപകരും രക്ഷിതാക്കളും തയ്യാറാകണം. അത് അവരിൽ സ്പോർട്സിനോടുള്ള താത്പര്യം വർധിക്കാനിടയാക്കും. നമ്മുടെ കുട്ടികൾ കായികരംഗത്ത് സജീവമാകുന്ന സ്ഥിതി വരണം. അവരെല്ലാവരും കായികതാരങ്ങളാവണം എന്നല്ല ഇതിനർത്ഥം. ആരോഗ്യമുള്ള ഡോക്ടർമാരും എഞ്ചിനീയർമാരും അധ്യാപകരും അഭിഭാഷകരുമൊക്കെയാകണമെങ്കിൽ അവർക്കു വിദ്യാഭ്യാസകാലഘട്ടം മുതലേ ആരോഗ്യമുള്ള ഒരു മനസും ശരീരവും രൂപവത്കരിക്കാനാവശ്യമായ പരിശീലനം കൊടുക്കണമെന്നു സാരം.

സ്കൂൾ - കോളജ് പാഠ്യപദ്ധതിയിൽ സ്പോർട്സിനുള്ള പ്രാധാന്യം ഒട്ടും കുറച്ചുകാട്ടാനും പാടുള്ളതല്ല. സ്കൂളുകൾ വീണ്ടും തുറക്കുമ്പോൾ തിരക്കുകളുടെ പേരിൽ ഫിസിക്കൽ എഡ്യുക്കേഷൻ (പി.ഇ.) പീരിയഡുകൾ വെട്ടിക്കുറയ്ക്കുമോ എന്ന കാര്യത്തിൽ ആധിയില്ലാതില്ല. ആഴ്ചയിലൊരിക്കൽ ഒരു പീരിയഡ് എന്നതിനു പകരം കായികവിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുക്കുന്ന സംവിധാനമുണ്ടാകണം. ഇന്ത്യയെ കായികപ്രേമികളുടെ രാജ്യമെന്ന നിലയിൽ മാറ്റിയെടുത്താൽ ആരോഗ്യമുള്ള ഒരു ജനതയായിരിക്കും ഭാവിയിൽ ഇവിടെയുണ്ടാകുന്നത്. ■

# ആരാധനക്രമത്തിലെ ഐകരൂപ്യം അനിവാര്യം

## സീറോ മലബാർ സഭാസിനഡിനു തുടക്കമായി

കൊച്ചി: സീറോ മലബാർ സഭയുടെ ഇരുപത്തിയൊമ്പതാമതു സിനഡിന്റെ രണ്ടാം സമ്മേളനം മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. ഓൺലൈനായാണ് സിനഡുസമ്മേളനം നടക്കുന്നത്.

പതിനാറാം തീയതി വൈകിട്ട് മേജർ ആർച്ചുബിഷപ് തിരിതെളിച്ച് സിനഡ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭാരതത്തിനകത്തും പുറത്തുമായി സേവനം ചെയ്യുന്നവരും വിരമിച്ചവരുമായ 62 മെത്രാപ്പോലീത്താമാരും മെത്രാന്മാരുമാണ് സിനഡിൽ പങ്കെടുക്കുന്നത്. തിരുവല്ല അതിരൂപതാധ്യക്ഷനായ ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് പ്രാരംഭധ്യാനചിന്തകൾ പങ്കുവച്ചു.

സീറോ മലബാർ സഭയ്ക്കു ലഭിച്ച അനുഗ്രഹങ്ങളോർത്ത് ആർച്ചുബിഷപ് ദൈവത്തിനു നന്ദിയർപ്പിച്ചു. കൊവിഡ് വ്യാപനം ഭാരതത്തിലും വിശേഷിച്ച്, കേരളത്തിലും നിയന്ത്രണാതീതമായിത്തുടരുന്നത് ആശങ്കാജനകമാണ്. കൊവിഡിനെതിരായ പോരാട്ടത്തിൽ സർക്കാരിന്റെ നിർദേശങ്ങളോട് എല്ലാവരും സഹകരിക്കണം. കൊവിഡ്മൂലം ജീവൻ നഷ്ടപ്പെട്ടവരെ സിനഡ് പ്രാർത്ഥനാപൂർവം അനുസ്മരിച്ചു.



*സീറോ മലബാർ സഭയുടെ 29-ാമതു സിനഡിന്റെ രണ്ടാം സമ്മേളനം മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.*

സീറോ മലബാർ സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുന്ന സിനഡാണ് ആരംഭിച്ചിരിക്കുന്നതെന്ന് മാർ ആലഞ്ചേരി ചൂണ്ടിക്കാട്ടി. വിശുദ്ധ കുർബാന ഏകീകൃതരീതിയിൽ അർപ്പിക്കാനാവശ്യപ്പെട്ട് മാർപാപ്പാ നല്കിയ തിരുവെഴുത്തിന് കർദിനാൾ തിരുസിംഹാസനത്തോടു നന്ദി പറഞ്ഞു. മാർപാപ്പായുടെ നിർദേശം വിധേയത്വത്തോടെ അനുസരിക്കാൻ സഭയ്ക്കു മുഴുവനുമുള്ള കടമയെക്കുറിച്ച് മേജർ ആർച്ചുബിഷപ് പ്രത്യേകം ഓർമിപ്പിച്ചു. നവീകരിച്ച കുർബാനക്രമത്തിനു പൗരസ്ത്യതിരുസംഘവും മാർപാപ്പായും നൽകിയ അംഗീകാരത്തിനും മാർ ആലഞ്ചേരി കൃതജ്ഞത രേഖപ്പെടുത്തി.

സിനഡിന്റെ രണ്ടാം ദിവസത്തിൽ മാർപാപ്പായുടെ ഇന്ത്യൻ സ്ഥാനപതിയായ ആർച്ചുബിഷപ് ഡോ. ലിയോ പോൾദോ ജിറേല്ലി സിനഡിനെ അഭിസംബോധന ചെയ്തു. കൊവിഡ് മഹാമാരി നേരിടുന്നതിൽ സീറോ മലബാർ സഭ നല്കുന്ന മാതൃകാപരമായ നേതൃത്വത്തെ ആർച്ചുബിഷപ് അഭിനന്ദിച്ചു. അജപാലന, വിദ്യാഭ്യാസ, ജീവകാരുണ്യമേഖലകളിൽ സീറോ മലബാർ സഭയുടെ പ്രവർത്തനങ്ങൾ സാർവത്രിക സഭയ്ക്കുതന്നെ ശക്തിപകരുന്നതാണ്.

പൗരസ്ത്യസഭകൾ തങ്ങളുടെ തനതുപാരമ്പര്യങ്ങൾ പാലിച്ച് സാർവത്രികസഭാകൂട്ടായ്മയിൽ തുടരുമ്പോഴാണു സഭ സജീവമാകുന്നത്. സഭയുടെ ഐക്യത്തിന് ആരാധനക്രമത്തിലെ ഐകരൂപ്യം അനിവാര്യമാണ്. ഈ വിഷയത്തിൽ ഫ്രാൻസീസ് മാർപാപ്പാ നല്കിയ നിർദേശം നടപ്പാക്കാൻ സിനഡിന് ഉത്തരവാദിത്വമുണ്ട്.

മാർപാപ്പായുടെ തീരുമാനം നടപ്പാക്കുന്നതു സഭയുടെ ഐക്യത്തെ ബാധിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ ആവശ്യമാണ്. ഇതിനായി മെത്രാന്മാരും വൈദികരും ഒരേ മനസ്സോടെ ദൈവജനത്തോടു ചേർന്നു ചിന്തിക്കണം. സഭയോടൊത്തു ചിന്തിക്കുന്നതിലൂടെയാണു സഭയുടെ കൂട്ടായ്മ സാധ്യമാകുന്നത്. സഭയുടെ നിർദേശങ്ങളെ സമൂഹമാധ്യമങ്ങളിലൂടെ അനാവശ്യവിവാദങ്ങളിലേക്കു വലിച്ചിഴയ്ക്കുന്നത് തിരുസഭയുടെ മുഖം വികൃതമാക്കാൻ മാത്രമേ ഉപയോഗപ്പെടുകയുള്ളൂവെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഓഗസ്റ്റ് 27 നാണ് സിനഡ് സമാപിക്കുന്നത്. സിനഡിന്റെ ദിവസങ്ങളിൽ മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ചു വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും.

# ഭൂമിയിലെ സങ്കീർത്തനങ്ങൾ

*4-ാംപേജ് തുടർച്ച*

നീണ്ട മുളങ്കോൽകൊണ്ട് ചിലന്തിവലകൾ തട്ടിയുടച്ച് ചവിട്ടിയരച്ചപ്പോഴും, പല്ലികൾ തന്റെ വടിയുടെ താഡനമേറ്റ് വാൽ മുറിച്ചോടിയപ്പോഴും, ഉറുമ്പുകളും പാറ്റകളും വരുന്ന വഴിയിൽ ചോക്കുരച്ച് അവയെ തളർത്തിയിട്ടപ്പോഴും, വല്ലി ഭൂമിയുടെ അവകാശികൾക്കുള്ള ഉത്തരം തേടി കനിമോളെ തിരഞ്ഞു.

ഉച്ചയ്ക്കു പോരാൻ നേരത്താണ് കനിമോളെ ഒന്നുകാണാൻ കിട്ടിയത്.

അതും ബാൽക്കണിയിൽ ലവ് ബേർഡ്സിന്റെ ഒപ്പംനിന്ന് എന്തൊക്കെയോ ഇംഗ്ലീഷിൽ പറയുന്നു. കമലാംബാൾ അത് ഫോണിൽ പകർത്തുന്നു.

കനിമോളേ... ഭൂമിയുടെ അവകാശികൾ ആരെന്നു തെരിയുമാ?

ജൂലൈ അഞ്ചിന് ഏതോ പെരിയ ആള്ക്ക് ഓർമദിനം. അന്ന് ഭൂമിയുടെ അവകാശികളെ കണ്ടെത്തി എഴുതണം.

യാര് അതെന്ന് എനക്ക് പുരിയവെ ഇല്ലൈ.

അഴികൾക്കിടയിലൂടെ കൈകൾ നീട്ടിയ മഞ്ഞക്കുരുവികളിലൊന്നിനെ താലോടിക്കൊണ്ട് കനിമോൾ ഉറക്കെ മറുപടി പറഞ്ഞു.

ഈ വീട് ഇംഗ്ലീഷ് മീഡിയം അല്ലേ ആന്റി. ഇവിടെ ക്ലാസുകളൊക്കെ ഇംഗ്ലീഷിലാ. ഞങ്ങൾക്ക് ഡെ സെലിബ്രേഷൻസൊന്നൂല്യാ.

ഓ... അപ്പടിയാ... സരി താനേ... നാൻ കലമ്പറേൻ...

വല്ലിക്കു കരച്ചിൽ വന്നു.

ആരോടു ചോദിക്കും, മാഖിയുടെ അപ്പാവുണ്ടായിരുന്നെങ്കിൽ അവർ ശ്രദ്ധിക്കുമായിരുന്നു.

പോകുന്നവഴി മോങ്ങിക്കോണ്ട് എതിരേ വന്ന തെരുവുനായയെ അവൾ കല്ലെറിഞ്ഞോടിച്ചു.

മാവിടിക്കുന്നിന്റെ മുഖവും വഴിയും വിളറിക്കിടക്കുന്നതായി വല്ലിക്കു തോന്നി.

അതിനിപ്പോൾ നെറുകയില്ല.

പാറ പൊട്ടി പിളരുന്നതിനോടൊപ്പം കുന്നും ഭൂമിയിൽ നിന്നിറങ്ങിപ്പോകയാണോ?

മലരേ മൗനമാ... എന്ന പാട്ട് അവൾക്ക് മാവിടിക്കുന്നിനെ നോക്കി പാടാൻ തോന്നി.

വഴി അവസാനിച്ചു.

ഇനി കുഴികളും ചുഴികളുമാണ്.

വീട് അടുക്കാറായിരിക്കുന്നു.

അല്പം ഉന്തിച്ചുനിൽക്കുന്ന വീടിന്റെ മുകൾഭാഗം കാണാം.

ആ കോളനിയിൽ ഓലകൊണ്ടു പുര മേഞ്ഞിരിക്കുന്നത് രാമമൂർത്തി മാത്രമാണ്.

അത് അയാളെപ്പോലെ തന്നെ ഭൂമിയെക്കാൾ താഴ്മയായി എപ്പോൾ വേണമെങ്കിലും മണ്ണിനോടു ചേരാൻ തയ്യാറായി നിന്നിരുന്നു.

മുറ്റത്ത്, തന്നെ കാത്ത് മാഖി നില്പുണ്ടാവും.

ഉച്ചകഴിഞ്ഞപ്പോഴേക്കും മേഘങ്ങൾ ആകാശം മറയ്ക്കാൻ തുടങ്ങിയിരുന്നു.

അതിനു കീഴെ ഭൂമിയുടെ അവകാശികളെയുംകൊണ്ടുള്ള അമ്മയുടെ വരവിനായി മാഖി കാത്തിരുന്നു.

വീടിനരികിലായി മൂടിയില്ലാത്ത സിമന്റ് ഭരണിയിൽനിന്നു രണ്ടു കാക്കകൾ വെള്ളം കുടിക്കുന്നത് കണ്ടു.

എന്നടീ ഇത്.

നീ പാക്കവെ ഇല്ലയാ... ഇന്ത തണ്ണി മട്ടും ഏറി എൻ മുതുക് വലിക്ക്റ്ത് മാഖി.

ഉനക്കും ഉന്നുടെ അപ്പാവുക്കും കാക്കയും പൂച്ചയും താൻ മുഖ്യം.

കോളനിയിലെ പൊതുകിണറിൽനിന്നു കോരിക്കൊണ്ടു വരുന്ന വെള്ളമാണ്.

കാക്കകൾക്കുപോലും ഏതു വെള്ളമാണ് കുടിക്കേണ്ടത് എന്നറിയാം.

തന്റെ സംസാരം അവളെ വിഷമത്തിലാക്കി എന്നു മനസ്സിലാക്കിയ വല്ലി അവൾക്കരികിലെത്തി സാവധാനം പറഞ്ഞു:

അത് വന്ത് മാഖി... നാൻ ഒരു കാര്യം സൊല്ലട്ടുമാ...

കനിയുടെ വീട് ഇംഗ്ലീഷ് മീഡിയമാക്കും.

നമ്മ വീട് മലയാളം മീഡിയമല്ലേ..

ഇന്ത മീഡിയത്തിലെ പഠനമൊന്നും അവർക്കില്ല. അതുകൊണ്ട് ഭൂമീടെ അവകാശികൾ യാര്ന്ന് കനിമോൾക്കു തെരിയാത്.

മകളുടെ കണ്ണുകളിലെ ഞരമ്പുകളിൽ കണ്ണുനീരിന്റെ ചുവപ്പുരേഖ തെളിയുന്നതു കണ്ട വല്ലി പറഞ്ഞു:

കവലപ്പെടാതെ മാഖി.

ഉങ്ക അപ്പ സൊന്ന മാതിരി ഉൻ കൂടെ ഇന്ത ഊര് മട്ടും ഇരുപ്പ്.

അവൾ ഭൂമിയിൽ മുട്ടുകുത്തിനിന്ന് മാഖിയുടെ ഇരുതോളിലും പിടിച്ചു:

നീ നമ്മ ഭൂമിയിലെ നടന്ത് പാര്. അപ്പവേ ഉനക്ക് തെരിയും. യാര് ഇന്ത ഭൂമിക്ക് പിറന്ന അവകാശികളെന്ന്...

മാഖി നോട്ടുബുക്കുമെടുത്ത് പുറത്തേക്കിറങ്ങി.

അന്തരീക്ഷം കനമേറിയും ആകാശം മേഘങ്ങളാൽ നിറഞ്ഞ് കറുത്തിരുണ്ടുമിരുന്നു.

മൈലുകൾക്കപ്പുറത്ത് വീണ്ടും 'ഠക് 'എന്ന ശബ്ദം ഉയർന്നു കേട്ടു.

പാറ പൊട്ടിയ ശബ്ദത്തിന്റെ ആഘാതത്തിൽ മണ്ണിന്റെ നെഞ്ചിലേക്കു പിറന്നുവീണൊരു കുഞ്ഞുവേര് പേടിച്ച് വിത്തിനുള്ളിലെ ചൂടിലേക്കു തിരികെ കയറി.

അവൾ മണ്ണിന്റെ മേൽക്കൂരയിലേക്കു പതിയെ ഇറങ്ങി നടന്നു.

കാൽ എന്തിലോ തടഞ്ഞിരിക്കുന്നു.

മാഖി നോക്കി.

മണ്ണിന് ആകാശം കനിഞ്ഞു നല്കിയ പച്ചപ്പുതപ്പിനെ മാറ്റി ഭൂമിയുടെ വിതുമ്പൽപോലും പുറത്തേക്കു കേൾക്കാതിരിക്കാൻ മനുഷ്യർ നല്കിയ മുഖാവരണത്തിനുമേൽ നിന്നുകൊണ്ട് അവൾ എഴുതി:

ഭൂമിയുടെ അവകാശികൾ.
മാസ്കുകൾ.
സിഗരറ്റുപൊതികൾ.
പ്ലാസ്റ്റിക് കുപ്പികൾ.
പ്ലാസ്റ്റിക് കവറുകൾ.
പ്ലാസ്റ്റിക് ഷീറ്റുകൾ.
പ്ലസിക് സഞ്ചികൾ.

■

ദളം ആറ്







മോബിൻ മോഹൻ

# ചിലന്തി പഠിപ്പിച്ച പാഠം

കുഞ്ഞുണ്ണിയും അമ്മാളുവും ജോണിക്കുട്ടിയും ഇട്ടിണ്ടാനും അടങ്ങുന്ന നാൽവർസംഘം അതിരാവിലെതന്നെ ഉണ്ണീരിയമ്മയുടെ അടുത്തെത്തി. ഒരു കഥ കേൾക്കണം. ഇന്ന് എന്തു കഥയാവും ഉണ്ണീരിയമ്മ പറയുക? കുഞ്ഞുണ്ണി ആലോചിച്ചു. കഴിഞ്ഞദിവസം പകുതി പറഞ്ഞു നിർത്തിയ ഒരു കഥയുണ്ട്. രാജാവിന്റെയും ചിലന്തിയുടെയും കഥ. കഥ പറയുന്ന സമയത്ത് കുഞ്ഞുണ്ണിയും ഇട്ടിണ്ടാനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ ജോണിക്കുട്ടിക്കും അമ്മാളുവിനും കേൾക്കാൻവേണ്ടി കഥ ഒരിക്കൽക്കൂടി ഉണ്ണീരിയമ്മ പറയും. തീർച്ച.



ഉണ്ണീരിയമ്മ പതിയെ നടന്നുവന്ന് തന്റെ ചാരുകസേരയിൽ മെല്ലെ ഇരുന്നു. നാൽവർസംഘം ഉത്സാഹത്തോടെ കഥയ്ക്കായി കാത്തിരുന്നു.

''അപ്പോൾ, കഥ തുടങ്ങാം. രാജാവിനു രാജ്യവും സ്വന്തം ജനതയെയും തിരിച്ചുനൽകിയ ചിലന്തിയുടെ കഥ''

പണ്ടുപണ്ട് സ്കോട്ട്ലൻഡിൽ റോബർട്ട് ബ്രൂസ് എന്നൊരു രാജാവുണ്ടായിരുന്നു. ജനങ്ങൾക്കെല്ലാം വലിയ സ്നേഹവും ബഹുമാനവുമായിരുന്നു രാജാവിനോട്. തന്റെ പ്രജകളുടെ ക്ഷേമകാര്യങ്ങളിൽ അതീവ തത്പരനായിരുന്നു രാജാവ്. രാജാവിന്റെ ഭരണത്തിൻകീഴിൽ ആ രാജ്യം കൂടുതൽ കൂടുതൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെയാണ് ഇംഗ്ലണ്ട് സ്കോട്ട്ലൻഡിനോടു യുദ്ധം പ്രഖ്യാപിക്കുന്നത്. സ്കോട്ട്ലൻഡ് എന്ന മനോഹര രാജ്യം സ്വന്തമാക്കുക എന്ന ഉദ്ദേശ്യം മാത്രമായിരുന്നു ഇംഗ്ലണ്ടിന്.

നന്നേ ചെറിയ സൈന്യമായിരുന്നു സ്കോട്ട്ലൻഡിന് ഉണ്ടായിരുന്നത്. ഇംഗ്ലണ്ടിന്റെ പക്കലുള്ള അത്രയും ആയുധവും ഈ ചെറിയ രാജ്യത്തിന്റെ കയ്യിൽ ഉണ്ടായിരുന്നില്ല. എങ്കിലും ശക്തമായ യുദ്ധം നടന്നു. റോബർട്ട് ബ്രൂസിന്റെ നേതൃത്വത്തിൽ അവർ തിരിച്ചടിച്ചു. പക്ഷേ, എല്ലാ തവണയും റോബർട്ട് ബ്രൂസിന്റെ സൈന്യം പരാജയത്തിന്റെ രുചിയറിഞ്ഞു. ഓരോ തവണ തോൽവി ഏറ്റുവാങ്ങുമ്പോഴും അടുത്ത തവണ വർദ്ധിതവീര്യത്തോടെ അവർ തിരിച്ചുവരാൻ ശ്രമിച്ചു. ആറു തവണയും പരാജയപ്പെട്ടു. ആറാമത്തെ തോൽവിയിൽ റോബർട്ട് ബ്രൂസിന്റെ സൈന്യം ഛിന്നഭിന്നമായി.

അവർ പലയിടങ്ങളിലേക്കു ചിതറിയോടി.

റോബർട്ട് ബ്രൂസും ഒരു ദ്വീപ് വനത്തിലെ ഗുഹയിൽ അഭയം പ്രാപിച്ചു. ആറു തവണയും പരാജയപ്പെട്ട രാജാവ് തന്റെ ദുർവിധിയെക്കുറിച്ചു വ്യാകുലപ്പെട്ടുകൊണ്ടിരുന്നു. എതിർസൈന്യത്തിന്റെ കൈയിൽ അകപ്പെട്ടിരുന്നുവെങ്കിൽ തന്നെ അവർ തടവിലാക്കിയേനെ. ഏതായാലും ഇനിയുള്ള കാലം ഈ ഗുഹയിൽ കഴിയാനാണ് തന്റെ നിയോഗം.

നിരാശയോടെ പുറത്തേക്കു നോക്കി ഇരിക്കുമ്പോഴാണ് ഗുഹാമുഖത്ത് ഒരു ചിലന്തിയെ രാജാവ് കണ്ടത്. വല നെയ്യാനുള്ള ശ്രമത്തിലായിരുന്നു അത്. ഗുഹയുടെ ഒരു വശത്തുനിന്നു മറുവശത്തേക്കു ചാടി തന്റെ വലയുടെ ആദ്യകണ്ണി ഉറപ്പിക്കുവാനുള്ള ചിലന്തിയുടെ ശ്രമം പരാജയപ്പെട്ടു. പക്ഷേ, ക്ഷമയോടെ അത് വീണ്ടും തിരികെ വന്ന് തന്റെ ശ്രമം പുനരാരംഭിച്ചു. രണ്ടാം തവണയും മറുവശത്ത് എത്താൻ കഴിയാതെ താഴെ വീണ ചിലന്തി ശ്രമം ഉപേക്ഷിക്കാൻ തയ്യാറായില്ല. മൂന്നാം തവണയും നാലാം തവണയും അഞ്ചാം തവണയും ചിലന്തി പരാജയപ്പെട്ടു. രാജാവിന് കൗതുകം കൂടിക്കൂടിവന്നു. ഇത് തന്റെ കഥയാണല്ലോ എന്നയാൾ ഓർത്തു. ആറാം തവണയും പരാജയപ്പെട്ടപ്പോൾ ചിലന്തി ശ്രമം ഉപേക്ഷിക്കുമെന്നാണ് റോബർട്ട് ബ്രൂസ് കരുതിയത്. എന്നാൽ, അങ്ങനെ ആയിരുന്നില്ല. ഏഴാം തവണയും വർദ്ധിതവീര്യത്തോടെ ചിലന്തി മറുവശത്തേക്കു ചാടുകയും ശ്രമം വിജയിക്കുകയും ചെയ്തു. രാജാവിന്റെ കണ്ണുകളിൽ പ്രത്യാശയുടെ തിളക്കം. എത്ര തവണ പരാജയപ്പെട്ടിട്ടും നിരന്തരമായ പരിശ്രമത്തിലൂടെ വിജയം കൈവരിച്ച ചിലന്തി തനിക്ക് ഒരു പാഠമാണെന്നു രാജാവ് മനസ്സിലാക്കി. ക്ഷമയോടെ സാവധാനത്തിൽ തന്റെ മുന്നിൽ മനോഹരമായ ഒരു ചിലന്തിവല നിർമിക്കപ്പെടുന്നത് രാജാവ് കണ്ടുകൊണ്ടിരുന്നു. ഇതുപോലെ തന്റെ സാമ്രാജ്യവും തിരികെപ്പിടിക്കണമെന്ന് അയാൾ ഉറപ്പിച്ചു. ഗുഹയ്ക്കു പുറത്തേക്കിറങ്ങി. മനസ്സിനും ശരീരത്തിനും വല്ലാത്തൊരു ഊർജം കൈവന്നതുപോലെ തോന്നി. ചിന്നിച്ചിതറിയ സൈന്യത്തെ കണ്ടെത്താൻ രാജാവ് തീരുമാനിച്ചു. ദിവസങ്ങൾകൊണ്ട് തന്റെ പഴയ സൈന്യത്തെ സജ്ജമാക്കി. നിരാശരായിരുന്ന പടയാളികളോട് ചിലന്തിയുടെ കഥ പറഞ്ഞു. ഒരു സൈന്യത്തിനു മുഴുവൻ പ്രത്യാശയുടെ പ്രകാശം ആ ചിലന്തിയുടെ കഥ നൽകി. വിജയമല്ലാതെ മറ്റൊരു ലക്ഷ്യം ഇല്ലെന്നും അതിനുവേണ്ടി അവിശ്രമം പോരാടുമെന്നും അവർ പ്രതിജ്ഞയെടുത്തു.

അങ്ങനെ റോബർട്ട് ബ്രൂസ് ഇംഗ്ലണ്ടിനോടു വീണ്ടും യുദ്ധം പ്രഖ്യാപിച്ചു. തന്റെ ഏഴാമത്തെ യുദ്ധം. അംഗബലം കുറവായിരുന്നെങ്കിൽപ്പോലും റോബർട്ട് ബ്രൂസിന്റെ സൈന്യം ഇംഗ്ലണ്ടിനുമേൽ വിജയം കൈവരിച്ചു. അങ്ങനെ ഏഴാമത്തെ യുദ്ധം ചരിത്രത്തിലെ ഗംഭീരവിജയങ്ങളിൽ ഒന്നായി മാറി. തന്റെ രാജ്യത്തെയും ജനങ്ങളെയും റോബർട്ട് ബ്രൂസ് വീണ്ടെടുത്തു. ഇംഗ്ലണ്ടിനുമേൽ നേടിയ മഹാവിജയം ഒരു ചെറിയ ജീവി നൽകിയ അതിജീവനപാഠത്തിന്റെ ഫലമാണ്.

കഥ പറഞ്ഞുകഴിഞ്ഞ് ഉണ്ണീരിയമ്മ സാവധാനം എഴുന്നേറ്റ് നാൽവർ സംഘത്തോടു പറഞ്ഞു: "ലോകം കണ്ട മഹാനായ വ്യവസായികളിൽ ഒരാളായ ഹെൻട്രി ഫോർഡ് പറഞ്ഞ ഒരു വാക്യമാണ് നിങ്ങളെ ഓർമിപ്പിക്കാനുള്ളത്."

"പരാജയമെന്നത് കൂടുതൽ കരുത്തോടെ നിങ്ങൾക്കു തിരിച്ചു വരാനുള്ള അവസരമാണ്."

■

# മണ്ടൻചിരിക്ക് മഹാബിൽ



റ്റോം ജോസ് തഴുവംകുന്ന്



"മനുഷ്യസമുദായത്തെ നന്നാക്കാൻ വളരെപ്പേർ ഓടിനടക്കുന്നുണ്ട്. സ്വയം നന്നാകാൻ ഒരുക്കമില്ല." ലിയോ ടോൾസ്റ്റോയിയുടെ ഈ വാക്കുകളാണ് 'മെയിന്റനൻസ് ആൻഡ് വെൽഫെയർ ഓഫ് പേരന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ബിൽ 2019' എന്നു കേട്ടപ്പോൾ ഓർമ വന്നത്.

ഒരു നിയമംകൊണ്ടു മാത്രം സ്നേഹത്തിനു വിലയിടാനാകുമോ? ക്രൂരത കാണിക്കുന്നവർക്ക് 'പതിനായിരം രൂപ പിഴയും ആറുമാസം തടവും' ഒരു പ്രശ്നമാകാനിടയുണ്ടോ? അല്ലെങ്കിൽത്തന്നെ നിയമത്തിന്റെ പിൻബലത്തിൽ ലഭിക്കുന്ന ഭക്ഷണം, വസ്ത്രം, പാർപ്പിടം ആരോഗ്യസുരക്ഷ (ജീവനാംശം) എന്നിവയ്ക്കു സംതൃപ്തിയുടെ സായുജ്യം വച്ചുനീട്ടാനാകുമോ? വൃദ്ധർക്കു പരിഗണന നൽകേണ്ട യുവത്വത്തിനു വാർദ്ധക്യം അന്യമാണോ?

മക്കളുടെ ജീവന്റെ കാവലിരുപ്പുകാരായിരുന്ന മാതാപിതാക്കൾക്ക് 'കഞ്ഞി കിട്ടണ'മെങ്കിൽ പാർലമെന്റും കോടതിയും പറയണമെന്നു പറയുന്നത് യുവതയ്ക്കു ഭൂഷണമാണോ? പ്രായമായവരെ 'യൂസ് ആൻഡ് ത്രോ' യുടെ ഗണത്തിലേക്കു മാറ്റാനിടയാകുന്നതിലെ സാംഗത്യവും നാം പഠിക്കേണ്ടേ? സ്വാശ്രയം എന്നതിനു മറ്റുള്ളവരെ ആശ്രയിക്കാത്തതും ചുറ്റുമുള്ളവർക്ക് ആശയും ആശ്രയവും നൽകാത്തതുമെന്ന് ഒരു അർത്ഥവ്യാഖ്യാനമുണ്ടോ? വയ്യാത്തവരെയും വാർദ്ധക്യത്തിലെത്തിയവരെയും ശുശ്രൂഷിക്കേണ്ടത് ആരോഗ്യമുള്ളവരുടെ കടമയാണെന്ന ബോധ്യമുണ്ടാകണം. ഇതിനു തക്ക ബോധ്യവും മാതൃകയും നിലപാടുകളും വളരണം. ആദ്യമേ നാം നന്നാകണം, മാതൃകയാകണം.

**അവഗണനയുടെ ആരംഭം**

കൂട്ടുകുടുംബവും കൂട്ടുത്തരവാദിത്വവും പടിയിറങ്ങിയപ്പോൾ അണുകുടുംബവും സ്വാർത്ഥതയും പടികയറിവന്നു. ഞാൻ മാത്രമുള്ള ലോകം സ്വന്തം വിരൽത്തുമ്പിൽ വളരാൻ തുടങ്ങി. പിടിച്ചുനിൽക്കാൻ ആരെയും പടിക്കു പുറത്തുനിർത്തുന്ന മത്സരത്തിൽ വയോധികർ ഇരകളായി. തിരക്കിന്റെ ആധുനികഭാഷയിൽ ആയുസ്സിനും സമയത്തിനും നൈമിഷികതയുടെ ആഘോഷപരിവേഷം ചാർത്തപ്പെട്ടു. അടിച്ചുപൊളിക്ക് ആക്കം കൂടിയപ്പോൾ അടങ്ങിയിക്കുന്നവർ ഉപയോഗശൂന്യരോ പാഴ്‌വസ്തുക്കളോ ആയി മാറി. ജീവനാംശത്തിന്റെ ധാരാളിത്തത്തെക്കാൾ ഉറ്റവരുടെയും ഉടയവരുടെയും മക്കളുടെയും ഒരു സ്നേഹസ്പർശമാണ് മുതിർന്നവർക്ക് അനുഭവവേദ്യമാകേണ്ടത്. നിയമത്തിന്റെ 'കഞ്ഞി'ക്കു വിശപ്പിന്റെ അർത്ഥത്തെ ശമിപ്പിക്കാൻ കഴിയില്ല. മനുഷ്യത്വമില്ലാത്തവർക്ക് നിയമം മറ്റൊരു മാറാല മാത്രം; തട്ടിമാറ്റുകയോ പൊട്ടിച്ചു കടന്നുകളയുകയോ ചെയ്യാം.

**പഠനം**

വിദ്യാലയം വെറുമൊരു അക്ഷരശാലയല്ല. സകല പാഠങ്ങളുടെയും രത്നച്ചുരുക്കം സന്മാർഗശാസ്ത്രത്തിലൊതുക്കണം. ഏതു പഠനവും തോളോടു തോൾ ചേർത്തു നിർത്തുന്ന മനുഷ്യത്വത്തിലൂന്നണം. തൊഴിലും പണവും തേടിയുള്ള ഓട്ടത്തിൽ അവഗണിക്കപ്പെടുന്ന വാർദ്ധക്യം ക്ലാസ്സുമുറികളിൽ പഠനവിധേയമാക്കണം. ഭാഷാപാണ്ഡിത്യവും വിജ്ഞാനശേഖരണവും സേവ് ചെയ്യുന്ന വെറും 'ഹാർഡ് ഡിസ്കായി' മനുഷ്യരുടെ തലച്ചോറിനെ രൂപപ്പെടുത്തരുത്. അതിലെ കരുണയുടെ വികാരത്തെ ഉദ്ദീപിപ്പിക്കാൻ പഠനമുറികൾക്കു കഴിയണം.

**വീട്**

നമ്മുടെ വീടുകൾ പക്ഷിക്കൂടുകൾക്കു സമാനമാകരുത്. അപ്പനുമമ്മയും മുത്തച്ഛനും മുത്തശ്ശിയും മക്കളും പേരക്കിടാങ്ങളുമൊക്കെ വീടിനെ ഭവനത്തിന്റെ മാധുര്യത്തിലേക്കുയർത്തണം. മുട്ടയിട്ട് കുഞ്ഞു വിരിഞ്ഞ് കുഞ്ഞുങ്ങൾക്കു തീറ്റ തേടിക്കൊടുത്ത് ആകാശസീമകൾ കീഴടക്കാനുള്ള വീര്യത്തിൽ തള്ളപ്പക്ഷിയും തന്തപ്പക്ഷിയും 'കൂടിനെ പോറ്റും'. പിന്നീട്, ചില്ലകൾ ചാടി, കൊമ്പുകൾ ചാടി മരത്തിൽനിന്നു മരത്തിലേക്കു പറന്ന് കുഞ്ഞുങ്ങൾ ആകാശത്തേക്കു പറന്നുയരും. പിന്നീട്, "ഞാൻ വിരിഞ്ഞ കൂടും എന്നെ വളർത്തിയ പക്ഷികളും" വിസ്മരിക്കപ്പെടുന്നു.

നമ്മുടെ വീടുകളും ഭവനത്തിനപ്പുറം പിറക്കാനും വളരാനും ഒരിടവും വളർത്തി 'ആളാക്കാൻ' മാതാപിതാക്കളും എന്ന ചിന്തയിലേക്കു മാറ്റപ്പെടുന്നുണ്ടോയെന്ന് ഓരോ നിയമവും ബില്ലുകളും നമ്മെ ഓർമപ്പെടുത്തുന്നു. സ്നേഹമെന്നതിന് ആഴവും പരപ്പും വിശാലതയുമൊന്നും അളവുകോലല്ല. നിസീമമായ സ്നേഹത്തിന് കോടതിയുടെ അനുവാദവും പ്രശ്നമല്ല. കോടതിയും പാർലമെന്റും പറയുന്ന 'വൃദ്ധപരിപാലനം' വെറും യാന്ത്രികമോ മനുഷ്യത്വഹീനമോ ആണ്. മൃഗപരിപാലനവും നിയമങ്ങളും ശക്തമാക്കുന്നതുപോലെയാണോ മനുഷ്യർക്കിടയിലെ കൂട്ടായ്മ!? ചരിത്രവും ശാസ്ത്രവും ഭൂമിശാസ്ത്രവും പുസ്തകത്താളുകളിൽനിന്നു കാണാപ്പാഠം പഠിക്കാൻ മക്കളെ നിർബന്ധിക്കുന്ന വീടുകളിൽ, എന്തേ താൻ വന്ന വഴിയും താൻ വളർത്തുന്ന രീതിയും മാതാപിതാക്കളുടെ സഹനവും മക്കൾ മറവിയുടെ ലോകത്തേക്കു തള്ളിവിടുന്നതെന്നു ചിന്തിക്കണം.

**നാളെയെന്ത്?**

ഇന്നത്തെ ചിന്താധാരയിൽ 'നാളെ'യെന്നൊന്നില്ല. ഇന്നു മാത്രമുള്ള ലോകത്ത് തച്ചുടച്ചും തകിടംമറിച്ചും തനിക്കു മാത്രം കെങ്കേമമായി ജീവിക്കണം. തൊഴിൽ തേടിയുള്ള പറക്കലിൽ ഒരു 'പക്ഷിക്കൂടുകഥ' യാഥാർത്ഥ്യമാകുന്നത് നാളെയുടെ വാർദ്ധക്യത്തെ വലിയ ഒറ്റപ്പെടലിനു കാരണമാക്കും. നിയമം കൊണ്ട് അല്പം 'കഞ്ഞിയും പറ്റും' കിട്ടിയാലും സന്തോഷമാകില്ല. മക്കളുടെ പരിചരണവും സാമീപ്യവും ഉള്ളുനിറഞ്ഞതാകുമ്പോൾ നിയമം സ്നേഹത്തെ അനുശാസിക്കേണ്ടിവരില്ല. വാർദ്ധക്യത്തെ നിന്ദിക്കുന്ന അല്ലെങ്കിൽ അവഗണിക്കുന്നവർ ചിന്തിക്കുക: നിങ്ങൾക്ക് ഒരു വാർദ്ധക്യം ഉണ്ടെന്നും നിങ്ങളുടെതന്നെ ചിന്തയിൽ ചേർന്നുനില്ക്കുന്ന കുഞ്ഞുങ്ങളും മക്കളുമുണ്ടെന്നും. പഴുത്തയില കൊഴിയുമ്പോൾ പച്ചില ചിരിക്കുന്നെങ്കിൽ അതു വെറും ഒരു മണ്ടൻചിരിയെന്നേ പറയേണ്ടൂ. ■

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

■ മാത്യൂസ് ആർപ്പൂക്കര

# ഈനാംപേച്ചി

ശരീരം നിറയെ ശല്ക്കങ്ങളുള്ള ജീവിയാണ് ഈനാംപേച്ചി. ഈ ശല്ക്കങ്ങൾക്കു നല്ല കട്ടിയുണ്ട്. മഞ്ഞകലർന്ന തവിട്ടുനിറമാണിതിന്. വാലുപയോഗിച്ചു മരത്തിൽ തൂങ്ങിക്കിടക്കാറുണ്ട്. ഇര തേടാനും വാലുപയോഗിക്കുന്നു. തലയോ കൈയോ കടക്കാത്ത മരത്തിലെ കൊച്ചുകൊച്ചു വിടവുകളിൽ വാലിന്റെ കൂർത്ത അഗ്രം കയറ്റി ഉറുമ്പുകളെയോ ചിതലുകളെയോ ഇളക്കി പുറത്തുചാടിക്കുന്നു. നാവുകൊണ്ട് അതിനെ വേഗം ഉള്ളിലാക്കും. ഉറുമ്പുകളോ ചിതലുകളോ ഇളകുന്നിടത്തേക്ക് നാവു നീട്ടി വയ്ക്കുകയാണു ചെയ്യുക. നാവിൽ ഒരുതരം പശയുള്ളതിനാൽ ഇരകൾ പെട്ടുപോയാൽ പിന്നെ രക്ഷപ്പെടില്ല. മിന്നൽവേഗത്തിലാണ് ഈനാംപേച്ചി നാക്കു നീട്ടുന്നതും പിൻവലിക്കുന്നതും. നാവിനു നല്ല നീളമുണ്ട്, ശരീരത്തിന്റെ പാതിയോളം വരും. ഈനാംപേച്ചിക്ക് മറ്റൊരു പേരു കൂടിയുണ്ട്: ഉറുമ്പുതീനി.

പല്ലുകളില്ലാത്ത ഈനാംപേച്ചി രാത്രികാലങ്ങളിലാണ് മിക്കവാറും ഇരതേടുക. മരം കയറാനും ഈനാംപേച്ചിക്കു കഴിയും. വംശനാശഭീഷണി നേരിടുന്ന ഈ ജീവി ഇപ്പോൾ ഏഷ്യയിലും ആഫ്രിക്കയിലും മാത്രമേയുള്ളൂ. കേരളത്തിൽ ഇടുക്കി, പറമ്പികുളം, വയനാട്, പേപ്പാറ, നെയ്യാർ എന്നിവിടങ്ങളിൽ കണ്ടുവരുന്നു.

ഈനാംപേച്ചിയുടെ ശരീരത്തിനു നാലരയടിയോളം നീളമുണ്ടാകും. ശരീരത്തിന്റെ പകുതിയോളം നീളം വാലിനാണ്. മുൻകാലുകളിലെ നീളൻ നഖങ്ങൾകൊണ്ടു മണ്ണിൽ കുഴിച്ചും മരത്തിൽ കയറിയും ആഹാരം തേടുന്നു. അഞ്ചു വിരലുകളും വിരലുകളിലെ കൂർത്ത നഖങ്ങളും ഇര തേടാൻ ഏറെ സഹായകരമാണ്. ചെറിയ തല ഏതാണ്ട് ത്രികോണാകൃതിയിൽ കാണപ്പെടുന്നു. ഈനാംപേച്ചിയുടെ തൂക്കം ശരാശരി 15 കി. ഗ്രാം വരും. നാലു കാലുകളുണ്ടെങ്കിലും അത്യാവശ്യം രണ്ടു കാലിലും നടക്കാനാവുന്നു.

ഉറുമ്പും ചിതലും അല്ലാതെ മറ്റു കീടങ്ങളെയും ഈനാംപേച്ചി ഭക്ഷിക്കുന്നുണ്ട്. ശല്ക്കങ്ങളുടെ ആരോഗ്യത്തിന് ഉറുമ്പുകളുടെ ഫോർമിക് ആസിഡ് പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ട് ഉറുമ്പുകളെ തിന്നാതെ ഇതിനു ജീവിക്കാൻ വയ്യ. ശത്രുവിനെ കാണുമ്പോൾ ഓടി രക്ഷപ്പെടാൻ ഇതിനു പ്രയാസമാണ്.



പെട്ടെന്ന് അട്ട ചുരുളുന്നതുപോലെ ചുരുണ്ട് വേഗം ഉരുളുകയാണു ചെയ്യുക. ഒരു ഫുട്ബോളിനു സമം. ലോഹംപോലെ കട്ടിയുള്ള ശല്ക്കങ്ങൾക്കു ക്ഷതമേല്പിക്കുക പ്രയാസമാണ്. ശല്ക്കങ്ങളുടെ ഉരുളൻപന്തായി മാറുന്ന ഈ പേടിത്തൊണ്ടന്മാരെ ഗൗനിക്കാതെ മറ്റു ജീവികൾ പോകുന്നു. പുലി പോലും ഒന്നു തട്ടിക്കളിച്ചിട്ടു വിട്ടുപോകും.

പംഗോളിൻ എന്നാണ് പൊതുവേ അറിയപ്പെടുക. പതിന്നാല് ഇനങ്ങളുണ്ട്. ഇന്ത്യൻ, മലയൻ, ചൈനീസ്, ആഫ്രിക്കൻ എന്നിവ പ്രധാനം. ഈ പേരിനടിസ്ഥാനം ഒരു മലയൻ വാക്കാണ് – 'പെങ്കലിങ്.' ഉരുളുന്നത് എന്നാണർത്ഥം. ഈനാംപേച്ചിയുടെ ശല്ക്കങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? തലമുതൽ വാലുവരെ ഒരേ നിരയിൽ ഒറ്റയടുക്കുപോലുണ്ട്. പംഗോളിൻ, ആന്റ് ഈറ്റർ, സ്ലോത്ത് എന്നിങ്ങനെ വിദേശപ്പേരുകൾ. അളുങ്ക്, അണുങ്ക്, അണുങ്ങൻ, കുഴിമൂക്കൻ, അളുങ്കാമ, കക്കാപ്പന്നി, അണ്ടയാൻ, തൊണ്ടുരുട്ടി മുതലായവ പ്രാദേശികവിളിപ്പേരുകൾ. ഈനാംപേച്ചിയുടെ ആയുസ്സ് ശരാശരി പതിന്നാലു വർഷമാണ്.

പഴയനിയമത്തിൽ ഈനാംപേച്ചി പരാമർശമുണ്ട്. അയ്യായിരം വർഷംമുമ്പ് എഴുതപ്പെട്ട ലേവ്യപുസ്തകം 11–ാം അധ്യായത്തിൽ ഇങ്ങനെ പറയുന്നു:

"നിലത്ത് ഇഴയുന്ന ഇഴജാതിയിൽ നിങ്ങൾക്ക് അശുദ്ധമായവ ഇവ: എലി, വിവിധതരം ഉടുമ്പ്, അളുങ്ക്, ഓന്ത്, പല്ലി, അരണ..." (ഇവയിൽ അളുങ്കാണ് ഈനാംപേച്ചി).

■

# അശ്ലീലപ്രതിപത്തിയുടെ അപായവഴികൾ



ഡോ. ജോയ് ഫ്രാൻസിസ്

**ഇം**ഗ്ലീഷ്ഭാഷയിലെ പോർണോഗ്രാഫി (Pornography) എന്നതിന്റെ സമാനപദമായിട്ടാണ് അശ്ലീലം എന്ന മലയാളപദം ഉപയോഗിച്ചുവരുന്നത്. പോർണോഗ്രാഫിയാകട്ടെ ഗ്രീക്കുഭാഷയിലെ പോർണി(Porni) അഥവാ വേശ്യ (Prostitute), എഴുതുക (graphein) എന്നീ വാക്കുകൾ ചേർന്ന് ഉരുത്തിരിഞ്ഞതാണ്.

ലൈംഗികോത്തേജനം ഉദ്ദേശിച്ചുകൊണ്ടു നിർമിക്കുന്ന പ്രതിരൂപങ്ങളാണ് അശ്ലീലസൃഷ്ടികൾ. അവ ഭാഷാരചനകളാകാം, ചിത്രരചനകളാകാം. ശില്പങ്ങളാകാം. ആധുനികകാലത്തേക്കു വരുമ്പോൾ ചലച്ചിത്രങ്ങളും വീഡിയോകളും ഓഡിയോകളും ആകാം.

ചരിത്രാതീതകാലത്തെ ഗുഹാചിത്രങ്ങളിലും ചില ഹൈന്ദവക്ഷേത്രങ്ങളിലും ശില്പങ്ങളായും ചുവർചിത്രങ്ങളായും രതിയുടെ അതിപ്രസരം ആരോപിക്കാവുന്ന പല സൃഷ്ടികളും കാണാവുന്നതാണ്. ഉദാ. ഖജുരാഹോ. സുപ്രസിദ്ധ പാശ്ചാത്യകലാസൃഷ്ടികളിൽ പലതിലും നഗ്നതയും രതിനിർവ്വേദഭാവങ്ങളും രചനാവിഷയങ്ങളാണ്.

അശ്ലീലത്തോടുള്ള അദമ്യമായ ആസക്തി/ അടിമത്തം ഒരു രോഗമായിട്ടാണ് കാണേണ്ടതും കണക്കാക്കേണ്ടതും. ക്രമാനുഗതമായി ശക്തിയാർജ്ജിക്കുന്ന 'നിർബന്ധപ്രേരണ' ഈ സ്വഭാവവൈകല്യത്തിന്റെ സവിശേഷതകളിലൊന്നാണ്. മദ്യാസസക്തി - മയക്കുമരുന്നുരോഗവും പുകയിലജന്യമായ ആസക്തിരോഗങ്ങളുംപോലെതന്നെ അശ്ലീലത്തോടുള്ള പ്രതിപത്തിക്കും ആസക്തി/ അടിമത്തം ജനിപ്പിക്കുന്നതിനുള്ള പ്രബലമായ ത്വരയും പ്രേരണയും തനതായുണ്ട്.

പല മാനസികരോഗവിദഗ്ധരും ഭിഷഗ്വരന്മാരും ഈ അവസ്ഥയെ വേണ്ടത്ര ഗൗരവത്തോടെ കണക്കിലെടുക്കുന്നില്ല എന്നത് ദയനീയമെന്നേ പറയേണ്ടൂ. അശ്ലീലപ്രതിപത്തി ആസക്തിയിലേക്കും ആസക്തി അടിമത്തത്തിലേക്കും നീങ്ങുന്നതിന്റെ നാൾവഴി, മറ്റു ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗത്തിന്റെ രീതികളിൽനിന്നു വ്യത്യസ്തമല്ലെന്നു തന്നെയല്ല, ഒരുപോലെതന്നെയാണുതാനും.

ഈ ജീവിതരീതി തന്റെ ജീവിതത്തോടുതന്നെ അവജ്ഞയും കുറ്റബോധവും ഒരുവനിൽ ജനിപ്പിക്കുന്നു. എന്നാൽ, സ്വഭാവം മാറ്റാനാവാത്തതിന്റെ നിരാശ വ്യക്തിയെ ദുഃഖിതനും അന്തർമുഖനും ആക്കുകയും ചെയ്യുന്നു. വിച്ഛേദിക്കപ്പെട്ട വ്യക്തിബന്ധങ്ങൾ, ജീവിതപങ്കാളിയോടു തോന്നുന്ന വിരസത, വൈകാരികമായ അകൽച്ച, ജീവിതപങ്കാളിയുമായുള്ള ലൈംഗികബന്ധത്തിൽ ഇഷ്ടക്കേടും തൃപ്തിക്കുറവും, അശ്ലീലപ്രവണതകളിൽനിന്ന് ജോലിസമയത്തുപോലും വിട്ടുനില്ക്കാനാവാത്ത ആസക്തി, തന്മൂലമുണ്ടാകുന്ന അച്ചടക്കനടപടികളും ജോലിനഷ്ടവും ഒക്കെയും ഇതിന്റെ അനന്തരഫലങ്ങളാണ്. മനുഷ്യമനസ്സിനെയും ചിന്തകളെയും വിഷലിപ്തമാക്കുകയും കുറ്റവാസനകൾക്കു വഴിമരുന്നിടുകയും ചെയ്യുന്ന അശ്ലീലമെന്ന പുഴുക്കുത്ത്, സാങ്കേതികവിദ്യകളുടെ സഹായത്തോടെ, സമൂഹഗാത്രത്തിൽ ഒരു കാൻസർ ആയി രൂപാന്തരപ്പെട്ടിരിക്കുന്നു.

ഇൻഡോർകാരനായ കമലേഷ് വാസ്വാനി എന്ന യുവ അഭിഭാഷകൻ 2013 ൽ സുപ്രീംകോടതിയിൽ അശ്ലീലത്തിന് സമ്പൂർണനിരോധനം ആവശ്യപ്പെട്ടു സമർപ്പിച്ച റിട്ടുഹർജി സുപ്രീംകോടതി ഒരു പൊതുതാത്പര്യഹർജിയായി പരിഗണിച്ചു. അശ്ലീലത്തിനെതിരായ ഒറ്റയാൾപോരാട്ടത്തിൽ ലക്ഷ്യത്തിൽ തറച്ച ആദ്യത്തെ ആഗ്നേയാസ്ത്രമായിരുന്നു കമലേഷിന്റെ റിട്ടു പെറ്റീഷൻ. തൊട്ടടുത്ത ആഴ്ചയിൽത്തന്നെ 857 പോൺ വെബ്സൈറ്റുകൾ ബ്ലോക്ക് ചെയ്തുകൊണ്ട് ഉത്തരവിറങ്ങി.

കമലേഷ് വാസ്വാനി എന്ന യുവ അഭിഭാഷകന്റെ പഠനങ്ങളിൽനിന്നും ആത്മാർത്ഥമായ വിചിന്തനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ അഭിപ്രായപ്രകടനങ്ങൾ അധികാരികളുടെ നെഞ്ചിൽ തറയ്ക്കുന്നവയായിരുന്നു. 2012 ലെ കുപ്രസിദ്ധമായ ഡൽഹി കൂട്ടബലാത്സംഗക്കേസിനെത്തുടർന്നായിരുന്നു വാസ്വാനിയുടെ ഈ നീക്കം.

വാസ്വാനിയുടെ ഇക്കാര്യത്തിലുള്ള ശക്തമായ ഇടപെടൽ ഉറങ്ങിക്കിടന്ന, ഉറക്കം നടിച്ചിരുന്ന സർക്കാർ ലാവണങ്ങളിലെ കുംഭകർണ്ണന്മാരെ കുറച്ചു നേരത്തേക്കെങ്കിലും ഉണർത്തി.


ഉടനടി, സൈബർ റെഗുലേഷൻ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നു. ചെയർമാൻ അന്നത്തെ ടെലികോം & ഐറ്റി മന്ത്രിയായിരുന്ന രവിശങ്കർ പ്രസാദ്. 2015 ൽ അശ്ലീലം ഉള്ളടക്കത്തിലുള്ള ചിത്രീകരണങ്ങൾ ലൈംഗികാതിക്രമങ്ങൾക്കു വഴിവയ്ക്കുന്നുവെന്നു കണ്ടെത്തി ഒരു സമഗ്രനിരോധനത്തിനു ശ്രമിച്ചെങ്കിലും 'പൊതുജനരോഷം' മൂലം ആ സ്റ്റാറ്റ്യൂട്ട് പിൻവലിക്കേണ്ടി വന്നു.

**രോഗനിർണയവും ചികിത്സയും**

ഒരു വ്യക്തിയുടെ അശ്ലീലത്തോടുള്ള അടിമത്തം ചികിത്സിക്കേണ്ട ഘട്ടത്തിലെത്തിയോ? ചികിത്സ വേണ്ട സാഹചര്യങ്ങളിൽപ്പോലും സ്വയാവബോധമോ ഉൾക്കാഴ്ചയോ ഇതൊരു രോഗാവസ്ഥയാണ് എന്ന ചിന്തപോലുമോ ഈ വ്യക്തിക്ക് ഉണ്ടായെന്നു വരില്ല.

**താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

- എനിക്ക് അശ്ലീലം കാണാനുള്ള ആസക്തി നിയന്ത്രിക്കാനാവുന്നില്ല.
- ഞാൻ മുമ്പു കരുതിയിരുന്നതിനേക്കാൾ ഏറെ സമയവും സമ്പത്തും ഇതിനായി ചെലവഴിക്കുന്നു.
- പലവുരു ശ്രമിച്ചിട്ടും അശ്ലീലത്തിന് എന്റെ മേലുള്ള നീരാളിപ്പിടിത്തം അയയുന്നില്ല.
- എന്റെ സമയത്തിൽ ഏറിയ പങ്കും അശ്ലീലം കാണാനും അശ്ലീലവസ്തുക്കൾ നേടി വയ്ക്കാനും ചെലവാക്കുന്നു.
- എന്റെ കുടുംബകാര്യങ്ങളും ഔദ്യോഗിക/ സാമൂഹികകൃത്യനിർവഹണങ്ങളും പലപ്പോഴും അവഗണിക്കപ്പെടുന്നു.
- ദൂഷ്യഫലങ്ങളെ അവഗണിച്ചും തിക്താനുഭവങ്ങൾ വകവയ്ക്കാതെയും അശ്ലീലത്തിനു സമയം കണ്ടെത്തുന്നു.
- അശ്ലീലം അനുഭവിക്കാനായില്ലെങ്കിൽ ഞാൻ അസ്വസ്ഥനാകുന്നു/ അരിശം വരുന്നു/ ദേഷ്യം കലഹങ്ങളിലേക്കു നയിക്കുന്നു.



മേല്പറഞ്ഞ ലക്ഷണങ്ങളുണ്ടോ, എങ്കിൽ നിങ്ങൾ അശ്ലീലത്തിന് അടിമയായിക്കഴിഞ്ഞു.

പോൺ അഡിക്ഷൻ, ഇന്റർനെറ്റ് അഡിക്ഷൻ തുടങ്ങിയ സ്വഭാവവൈകല്യരോഗങ്ങൾ, മറ്റു ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗത്തിലെന്നപോലെ നാഡീവ്യൂഹത്തെ പ്രതികൂലമായി ബാധിക്കുന്നതിലൂടെയാണ് പരിണമിച്ച് അടിമത്തസ്വഭാവവൈകല്യമായി മാറുന്നത്. ശാസ്ത്രീയ വിശകലനങ്ങളും പഠനങ്ങളുംവഴി തെളിയിക്കപ്പെട്ട ഒരു ശാസ്ത്രവസ്തുതയാണിത്.

ഒറ്റയ്ക്കിരുന്നു ബോറടിച്ചപ്പോഴോ ആകാംക്ഷാഭരിതമായ നിമിഷങ്ങളിലോ ദുഃഖകരമായ സാഹചര്യങ്ങളിലോ തുടങ്ങിവച്ച പോൺ കാഴ്ചകൾ ഒരുപക്ഷേ, ചിലരെയെങ്കിലും തുടർക്കാഴ്ചകളിലേക്കും ആസക്തിയിലേക്കും അടിമത്തത്തിലേക്കും നയിച്ചേക്കാം.

ഓർക്കുക, ദുശ്ശീലങ്ങൾ തുടക്കത്തിൽ മാറാലയ്ക്കു സമം, തൂത്താൽ പോകും. പോകപ്പോകെ അവ ചങ്ങലപ്പൂട്ടുകളായിത്തീരും. പൊട്ടിച്ചെറിയുക ദുഷ്കരം, പലപ്പോഴും അസാദ്ധ്യം. കൊല്ലനെ (വൈദ്യനെ) വിളിക്കേണ്ടി വരും.

**ചികിത്സാരീതികൾ**

പോൺ അഡിക്ഷൻ ഒരാളുടെ ജീവിതരീതികളിൽ ആഴപ്പെട്ടുപോയിട്ടുണ്ടെങ്കിൽ തെറാപ്പിസ്റ്റിന്റെ സഹായം കൂടിയേ തീരൂ. നിങ്ങളുടെ തെറാപ്പിസ്റ്റ്, വിശകലങ്ങൾക്കും വിലയിരുത്തലുകൾക്കുംശേഷം നിങ്ങൾക്ക് വ്യക്തിഗതമായ ചികിത്സയോ ഗ്രൂപ്പ് തെറാപ്പിയോ ഫാമിലി കൗൺസെലിങ്ങോ നിർദ്ദേശിച്ചേക്കാം.

**ശ്രദ്ധിക്കുക:** സ്വയം വിളംബരം ചെയ്ത് ശ്രദ്ധയാകർഷിക്കുന്ന വ്യാജതെറാപ്പിസ്റ്റുകളെയും, അവശ്യംവേണ്ട യോഗ്യതകളും പ്രവർത്തനപരിചയവും ഇല്ലാത്ത കൗൺസിലർമാരെയും തീണ്ടാപ്പാടകലെ നിർത്തുക. വ്യാജന്മാരുടെ അടുത്തു പോകുന്നത് പലപ്പോഴും വിനാശകരമാണ്.

**സഹായകക്കൂട്ടായ്മകൾ**

കൂട്ടായ്മകളിലും പങ്കുവയ്ക്കലുകളിലും ആശ്വാസം കണ്ടെത്തുന്നവരാണ് പലരും. നിങ്ങളുടെ ഫിസിഷ്യനോടോ മാനസികാരോഗ്യവിദഗ്ധനോടോ ചർച്ച ചെയ്ത് നിങ്ങളുടെ സമീപത്തുള്ള സപ്പോർട്ട് ഗ്രൂപ്പുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കി ഉപയോഗപ്പെടുത്തുക.

**ഔഷധങ്ങൾ**

അശ്ലീലപ്രവണതകൾ പോലുള്ള സ്വഭാവവൈകല്യരോഗങ്ങൾക്ക് സാധാരണഗതിയിൽ സംഭാഷണചികിത്സ, പെരുമാറ്റരീതി, പരിവർത്തനചികിത്സ മുതലായവയാണ് പ്രയോജനപ്പെടുത്തുന്നത്. എന്നാൽ, ചില സാഹചര്യങ്ങളിൽ, ഉദാഹരണത്തിന്, വിഷാദരോഗമോ ഉത്കണ്ഠയോ ശല്യപ്പെടുത്തുന്ന പോൺ അഡിക്ഷൻ രോഗികളിൽ മേൽപ്പറഞ്ഞവയ്ക്കുള്ള മരുന്നുകൾ ഉപയോഗിക്കാൻ നിർദ്ദേശിച്ചേക്കാം.

**ചികിത്സിച്ചില്ലെങ്കിലോ?**

ചുരുക്കമായിട്ടാണെങ്കിൽ പോലും പോൺ അഡിക്ഷൻ, നശീകരണപ്രവണതകളിലേക്കും അതിലും പ്രധാനമായി ശുഷ്കമായ വ്യക്തിബന്ധങ്ങളിലേക്കും തരംതാണ ലൈംഗികബന്ധങ്ങളിലേക്കും ലൈംഗികസംതൃപ്തിക്കുറവിലേക്കും നയിക്കും. ഏറ്റവും പ്രധാനമായി ആത്മാഭിമാനം കുറയുകയോ അങ്ങനെ ഒന്ന് ഇല്ലാതാവുകയും ചെയ്യും.

നിങ്ങൾ സ്നേഹിക്കുന്ന, അറിയുന്ന ആരെങ്കിലും പോൺ അഡിക്ഷനിൽ വീണു കിടക്കുന്നുവെങ്കിൽ, ദയവായി കുറ്റം വിധിക്കലുകൾക്കോ അനാവശ്യമായ ധാർമികപ്രഭാഷണങ്ങൾക്കോ മുതിരാതെയും വിധികർത്താക്കളായി ഭാവിക്കാതെയും ആത്മാർത്ഥമായ സംഭാഷണങ്ങളിലൂടെ ചികിത്സകൾക്ക് ഒരുക്കുക, പ്രേരിപ്പിക്കുക, സഹായിക്കുക. സദ്ഫലം നിശ്ചയം. ■

---



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## ഗൃഹച്ഛിദ്രം

ഗൃഹാംഗങ്ങൾ തമ്മിലുള്ള ഭിന്നതയ്ക്ക് ഗൃഹച്ഛിദ്രം എന്നു പറയുന്നു. വീട്ടുവഴക്ക് (family quarrel), കുടുംബകലഹം(domestic quarrel) എന്നൊക്കെ ആയാൽ തെളിമയുള്ള വിവക്ഷിതമായി. ഗൃഹച്ഛിദ്രം (ഗൃഹകലഹം) എന്ന സമസ്തപദത്തെ ഗൃഹത്തിലെ ഛിദ്രം എന്നു വിഗ്രഹിക്കാം. 'ഗൃഹഛിദ്രം' 'ഗ്രഹച്ഛിദ്രം' എന്നിവ അപരൂപങ്ങളാണ് ഉച്ചാരണത്തിലും എഴുത്തിലും അവയെ വർജ്ജിക്കണം.

ഗൃഹ + ഛിദ്രം = ഗൃഹച്ഛിദ്രം. (ഗൃഹം + ഛിദ്രം എന്ന പിരിച്ചെഴുത്തുരൂപവും ശരിയാണ്). ഹ്രസ്വസ്വരത്തിനുശേഷം വരുന്ന ഛകാരം സന്ധിയിൽ 'ച്ഛ' കാരം ആകും. അതിനാൽ ഗൃഹച്ഛിദ്രം എന്നുതന്നെ സമാസിച്ചെഴുതണം. "ഇരട്ടിപ്പുസാദിയായ ഛാവു കൂട്ടക്ഷരാദ്യവും"* എന്നു മണിദീപികയിൽ ഏ.ആർ. രാജരാജവർമ്മ വ്യക്തമാക്കിയിട്ടുണ്ട്. സാദി ആദിയുള്ളത്; മുമ്പിലേതെങ്കിലും ഒരക്ഷരമുള്ളതെന്നർത്ഥം; വാക്യാരംഭത്തിലൊഴികെ മറ്റെല്ലായിടത്തുമെന്നു വന്നുകൂടിയ താത്പര്യം. അങ്ങനെയുള്ള ഛകാരത്തെയും കൂട്ടക്ഷരങ്ങളുടെ ആദ്യവർണ്ണത്തെയും ഇരട്ടിക്കണം എന്നു വിശദീകരിച്ചിട്ടുമുണ്ട്. തരു + ഛായ = തരുച്ഛായ; പരി + ഛിന്നം = പരിച്ഛിന്നം എന്നിങ്ങനെ വേറെ ഉദാഹരണങ്ങൾ. തരുച്ഛായയ്ക്ക് മരത്തണൽ എന്നും പരിച്ഛിന്നത്തിന് വ്യക്തമായി നിർവചിക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട എന്നും അർത്ഥം.

തരുച്ഛായ, പരിച്ഛിന്നം എന്നീ ശബ്ദങ്ങളെ മറ്റൊരു വിധത്തിലും നിഷപാദിപ്പിക്കാമെന്ന് വിദ്വാൻ ഫാ. ജോൺ കുന്നപ്പള്ളി വ്യക്തമാക്കുന്നുണ്ട്. "ഹ്രസ്വസ്വരത്തിനുശേഷം ഛ കാരത്തിനു മുമ്പ് തകാരം ആഗമിക്കുന്നു"**. അതിൻപ്രകാരം തരു + ഛായ, തരുത് + ഛായ എന്നായതിനു ശേഷം തരുച്ഛായ എന്ന് ഇരട്ടിക്കുന്നു. ഈ ക്രമത്തെ ഇങ്ങനെ രേഖപ്പെടുത്താം. തരു + ഛായ → തരുത് + ഛായ → തരുച്+ ഛായ →തരുച്ഛായ. അതുപോലെ പരി + ഛിന്നം → പരിത്+ഛിന്നം →പരിച്+ഛിന്നം →പരിച്ഛിന്നം. കുന്നപ്പള്ളിയച്ചന്റെ നിരീക്ഷണം കുറെക്കൂടി വ്യക്തവും സൂക്ഷ്മവും ആണെന്നു തോന്നുന്നു.

* രാജരാജവർമ്മ, ഏ.ആർ., മണിദീപിക, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1987, പുറം – 42.

** ജോൺ കുന്നപ്പള്ളി, ഫാ., പ്രക്രിയാഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം, പുറം 63,64.

# ക്യൂ നിൽക്കുന്നവരുടെ കുടുംബം



അഡ്വ. ചാർളി പോൾ

**കൊ**വിഡ് കാലത്ത് മദ്യം വാങ്ങാൻ മദ്യശാലകൾക്കു മുന്നിൽ ക്യൂ നിൽക്കുന്നവരുടെ ബുദ്ധിമുട്ടുകളാണിപ്പോൾ ചർച്ചാവിഷയം. മദ്യം വാങ്ങാനെത്തുന്നവർക്ക് സൗകര്യമൊരുക്കാനും അവരുടെ ആരോഗ്യവും അന്തസ്സും കാത്തുസൂക്ഷിക്കാനുമായി നടപടികൾ നടത്തുന്നവരും അതിനായി ആഹ്വാനം നൽകുന്നവരും അറിയാതെ പോകുന്ന ചില സത്യങ്ങളുണ്ട്. ഒരാൾ ക്യൂ നിന്ന് മദ്യം വാങ്ങുമ്പോൾ അഞ്ചിരട്ടി മനുഷ്യർ അസ്വസ്ഥമായ മനസ്സോടെ വീടുകളിൽ ഇരിപ്പുണ്ട്. അവരുടെ നിത്യദുഃഖവും കണ്ണുനീരും ദുരന്തങ്ങളും ആരും മനസ്സിലാക്കുന്നില്ല. മദ്യക്കടകൾക്കു മുന്നിലെ ആൾക്കൂട്ടവും ദൈർഘ്യമേറിയ ക്യൂവും നമ്മിൽ ഉണർത്തേണ്ടത് ആത്മരോഷമല്ല; മറിച്ച്, രോഗാതുരമായ കേരളീയസമൂഹത്തെക്കുറിച്ചുള്ള ആത്മനൊമ്പരമാകണം. മദ്യം ലഭിക്കാതാകുമ്പോൾ കൈകാലുകൾ വിറയ്ക്കുന്നവർ മദ്യാസക്തരോഗികളാണ്. അവർക്കു വേണ്ടത് മദ്യമല്ല; മദ്യവിമുക്ത ചികിത്സയാണ്.

ഒരുവൻ മദ്യപിച്ചെത്തുമ്പോൾ ആ വ്യക്തിയുടെ ഭാര്യ, മക്കൾ, പിതാവ്, മാതാവ്, മറ്റു കുടുംബാംഗങ്ങൾ എല്ലാം ദുഃഖിക്കുകയാണ്. കണ്ണുനീർ വാർക്കുകയാണ്. മദ്യപാനമെന്ന രോഗത്തിന്റെ വേദനയും ദുഃഖവും ദുരിതവുമെല്ലാം അനുഭവിക്കേണ്ടിവരുന്നത് കുടുംബാംഗങ്ങളാണ്. മദ്യപൻ മാത്രം സന്തോഷിക്കുകയും കുടുംബാംഗങ്ങൾ ദുഃഖിക്കുകയും ചെയ്യുന്ന ദുരവസ്ഥ അതിഭീകരമാണ്. സമൂഹത്തിന്റെ ഏറ്റവും ചെറിയ പതിപ്പായ കുടുംബം തകരുമ്പോൾ സമൂഹത്തിന്റെ അടിത്തറയ്ക്കാണ് കോട്ടം സംഭവിക്കുന്നത്. അമ്മയും കുഞ്ഞുങ്ങളും വഴിയാധാരമാകുന്നു. കുടുംബാംഗങ്ങൾ ജീവച്ഛവങ്ങളായി രൂപാന്തരപ്പെടുന്നു. എല്ലാ ബന്ധങ്ങളും ഉലയുന്നു. സാമ്പത്തികഭദ്രത തകരുന്നു. പട്ടിണിയും അസംതൃപ്തിയും നിത്യസംഭവങ്ങളായി മാറുന്നു. മക്കളുടെ വളർച്ചയും വിദ്യാഭ്യാസവും വഴിമുടങ്ങുന്നു. അവരുടെ ഭാവി ഇരുളടഞ്ഞതാകുന്നു. ഭൂമിയിലെ നരകമായി മദ്യപരുടെ കുടുംബം മാറുകയാണ്.

മദ്യപന്റെ ഭാര്യയാണ് ലോകത്ത് ഏറ്റവുമധികം മാനസികവും വൈകാരികവും ശാരീരികവും




ലൈംഗികവുമായ പീഡനങ്ങൾ സഹിക്കേണ്ടിവരുന്നത്. അവരുടെ ജീവിതം അനിശ്ചിതത്വത്തിലാണ്. ഓരോ അവസരത്തിലും ഭർത്താവിന്റെ സാന്നിധ്യവും പെരുമാറ്റവും പ്രവചനാതീതമാകയാൽ ഏതെങ്കിലും ഒരു കാര്യത്തിനായി മുൻകൂട്ടി ഒരുങ്ങാനോ തീരുമാനമെടുക്കാനോ സാധിക്കാതെ വരുന്നു. മദ്യപന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും സംഭവിക്കുന്ന ക്രമരാഹിത്യം, വാഗ്ദാനങ്ങളുടെ തുടർച്ചയായ ലംഘനം, ഉത്തരവാദിത്വങ്ങളിലെ അലസതയും അലംഭാവവും സമയനിഷ്ഠയില്ലായ്മയും ഭാര്യയെ ബാധിക്കുന്നു. സഹനത്തിന്റെ ഏറ്റവും വലിയ പ്രതീകമായി ഭാര്യ മാറുന്നു.

മദ്യപരുടെ മക്കളുടെ ഭാവിയും കൂമ്പടഞ്ഞുപോകുകയാണ്. മക്കളുടെ ശാരീരികവളർച്ചയ്ക്കനുസൃതമായ ഭക്ഷണം, ശുചിത്വം, ഊഷ്മളത, വാത്സല്യം എന്നിവയും മാനസികവളർച്ചയ്ക്കു സഹായിക്കുന്ന പരിലാളന, സുരക്ഷിതത്വം, അംഗീകാരം, വ്യക്തിമഹത്ത്വം, പ്രോത്സാഹനം, സഹാനുഭൂതി തുടങ്ങിയവയും മദ്യപരുടെ മക്കൾക്കു ലഭിക്കാതെ പോകുന്നു. കുട്ടികൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും ആരോഗ്യകരമായ ഒരു ബന്ധം രൂപപ്പെടാതെ പോകുന്നു. ഇവയെല്ലാം വ്യക്തിത്വരൂപീകരണത്തെ പ്രതികൂലമായി ബാധിക്കും. മദ്യപരുടെ ഗൃഹാന്തരീക്ഷം കലുഷിതമായിരിക്കും. നിഷേധാത്മക പെരുമാറ്റങ്ങൾ, ധാർമികാധഃപതനം, ക്രൂരത, പൊരുത്തക്കേടുകൾ എന്നിവയെല്ലാം വൈകല്യങ്ങളിലേക്കു കുട്ടികളെ നയിക്കും. തലമുറകൾ പാഴ്ജന്മങ്ങളായി മാറുകയാണ്.

വ്യക്തിയും കുടുംബവും അതുവഴി സമൂഹവും തകരുന്നു എന്നത് മദ്യപ്രോത്സാഹകർ കാണാതിരിക്കരുത്. ലോകത്തിലെ ഏതൊരു ഭരണകൂടവും ചെയ്യേണ്ട മൗലികതത്ത്വം പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്നതാണ്. ലഹരികൾ ഒരു നന്മയും പ്രദാനം ചെയ്യുന്നില്ല. ആരോഗ്യവും അന്തസ്സും ലഹരികൾ നശിപ്പിക്കുകയാണ്. മദ്യപരുടെ മാത്രമല്ല കുടുംബാംഗങ്ങളുടെ ആരോഗ്യവും അന്തസ്സും കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ലഹരിക്കടിമയായവരെ തിരികെക്കൊണ്ടുവരാനുള്ള ശ്രമങ്ങളാണുണ്ടാവേണ്ടത്. മറ്റു സംസ്ഥാനങ്ങളിൽ മദ്യശാലകൾ കൂടുതലുണ്ടെങ്കിലും മദ്യാസക്തി കുറവാണ്. മദ്യ ഉപഭോഗത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിൽ മദ്യവില്പന-നിയന്ത്രണ-നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിൽ മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ സാമൂഹിക - സാംസ്കാരിക - സാമ്പത്തിക - ആരോഗ്യ - മാനസിക പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തി, പരിഹാരം കണ്ടെത്തണം. മനുഷ്യന്റെ ആരോഗ്യം, കർമശേഷി, ബന്ധങ്ങൾ, കുടുംബം, ഉത്തരവാദിത്വങ്ങൾ എന്നിവയൊക്കെ വിനാശകരമാക്കുന്ന മദ്യപാനാസക്തി കുറച്ചുകൊണ്ടുവന്ന്, ജനത്തെ ഈ സാമൂഹികതിന്മയിൽനിന്നു രക്ഷിക്കാനായുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അല്ലാതെ കൂടുതൽ മദ്യശാലകൾ തുറന്ന്, സൗകര്യങ്ങൾ വർദ്ധിപ്പിച്ച്, മനുഷ്യനെ സർവനാശത്തിലേക്കു തള്ളിവിടാനുള്ള കർമപദ്ധതികൾ ആസൂത്രണം ചെയ്യരുത്. ഭാവിപ്രതീക്ഷകളിൽ കരിനിഴൽ വീഴ്ത്തരുത്. കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലരുത്. ■

മിനിക്കഥ

ഡോ. സി. വെള്ളരിങ്ങാട്ട്

## ഒരു രൂപ എവിടെ?

പരീക്ഷയടുത്തപ്പോൾ ഞങ്ങൾ മൂന്നുപേർ ഒരു മുറി വാടകയ്ക്കെടുത്ത് താമസം അവിടെയാക്കി. മുറിവാടക മാസം മുപ്പതു രൂപ. ഒരു മാസമായപ്പോൾ ഞങ്ങൾ പത്തു രൂപ വീതം എടുത്തു മുറിയുടമയ്ക്ക് കൊടുത്തുവിട്ടു. അയാൾക്ക് ഞങ്ങളോടു സഹതാപം തോന്നി 25 രൂപയേ വാങ്ങിയുള്ളൂ. അഞ്ചു രൂപാ തിരിച്ചുതന്നു. തിരിച്ചുപോന്നപ്പോൾ രണ്ടു രൂപയ്ക്കു മിഠായി വാങ്ങി.

മുറിയിൽവന്ന് ബാക്കി വന്ന മൂന്നു രൂപ മൂന്നുപേർക്ക് ഓരോന്നായി കൊടുത്തു. അപ്പോൾ ഒരാൾക്ക് 10 - 1 = 9 രൂപയേ ചെലവുള്ളൂ; മൂന്നുപേർക്കും കൂടി 9 × 3 = 27 രൂപ ചെലവ്. മിഠായി വാങ്ങിയ രണ്ടുരൂപയും കൂട്ടുമ്പോൾ ആകെ ചെലവ് 27+2=29. പക്ഷേ, 30 രൂപയല്ലേ ആകെ എടുത്തത്; അപ്പോൾ 30 - 29 = 1; ഒരു രൂപാ എവിടെ? (കടപ്പാട്: റഷ്യൻ ഗവൺമെന്റ് ഫ്രഞ്ചിൽ പാരീസിലിറക്കിയ മാസിക)

പ്രണയപാഠാവലി



92

ഡോ. ആന്റണി ജോസ്

# പ്രേമാഭിഷേകം എത്രത്തോളം?

**പ്ര**ണയികളായ ഒട്ടുമിക്ക പുരുഷന്മാർക്കും ഒരു സ്വപ്നമേയുള്ളൂ: തനിക്ക് ഏറ്റവും അഭികാമ്യയായ ഇവളെ കല്യാണം കഴിക്കണം. നല്ലൊരു കുടുംബമായി ജീവിക്കണം. എങ്കിലും, ഈ നന്മ കണ്ടുകൊണ്ട്, മുഴുവൻ പേരെയും നല്ലവരായി ഗണിക്കാൻ പറ്റില്ല. ചെറിയൊരു ശതമാനം പ്രശ്നക്കാരായി കാണപ്പെടുന്നു. അവർ പ്രണയത്തിന് അന്ത്യം കുറിക്കുന്നത്, വഞ്ചന പുറത്തെടുത്തുകൊണ്ടാണ്. ബാക്കിയുള്ളവർ ഭർത്തൃവേഷംകെട്ടി കുടുംബജീവിതത്തിലേക്കു പ്രവേശിക്കും. പിന്നീടാണ് ആട്ടിൻതോലഴിഞ്ഞു വീഴുക.

അതായത്, വ്യാജപ്രണയമാണ് കുഴപ്പക്കാരൻ. എങ്ങനെയാണ് പ്രണയം വ്യാജമാണോ നിർവ്യാജമാണോ എന്നറിയുക? അതല്പം ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം, രണ്ടും നൽകുന്ന അനുഭൂതി ഒന്നായിട്ടാണ് മസ്തിഷ്കം കണക്കാക്കുക. അത് ശാരീരിക - മാനസികതലങ്ങളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അനുഭൂതിയുടെ ആത്മീയതലം വ്യത്യസ്തമാണ്. അവിടെ കാരുണ്യവും നീതിയും വിവേകവുമാണ് പ്രണയത്തെ പ്രോസസ് ചെയ്യുക. അതിന് ചതിക്കുഴികളെക്കുറിച്ചു നല്ല ബോധ്യമുണ്ട്.

കേവലം, ശാരീരിക - മാനസികതലങ്ങളിൽ പരിമിതപ്പെടുന്ന പ്രണയാനുഭൂതി ഒരു ലഹരിയാണ്. മദ്യമോ മയക്കുമരുന്നോ ഉപയോഗിച്ചാലുണ്ടാകുന്ന അവസ്ഥപോലെയാണത്. ലഹരി പിടിച്ചാൽ നമുക്ക് ചില മിഥ്യാധാരണകൾ ഉണ്ടാകും. താൻ ആഗ്രഹിച്ചതൊക്കെ നേടിയെന്നോ മോഹിച്ചതുപോലെ ആയിത്തീർന്നെന്നോ ഒക്കെയുള്ള തോന്നലുകൾ! യാഥാർത്ഥ്യവുമായി അതിനു പുലബന്ധംപോലുമില്ല. “നിന്നെയല്ലാതെ ലോകത്ത് വേറൊരാളെയും എനിക്ക് ഇഷ്ടപ്പെടാനാകില്ല, നിന്നെ സ്വന്തമാക്കാൻ ഞാൻ എന്തും ചെയ്യും തുടങ്ങിയ ഭ്രമകല്പനകൾ അവളിൽ ലഹരി പകരാം. ഇത്തരമൊരു നാടകത്തിനു പിന്നിൽ സ്വാർത്ഥതാത്പര്യങ്ങളോ വഞ്ചനയോ ഇല്ലെന്നു പറയാനാകില്ല. എന്നാൽ, ആ നിമിഷത്തിൽ അവൾക്കുണ്ടാകുക തഥ്യാബോധമാണ്. അങ്ങനെ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ കാണാതെ പോകുന്നു. അതുകൊണ്ട് അവയെ മുൻകൂട്ടി കാണാൻ ശ്രമിക്കുകതന്നെ വേണം. വിവാഹപൂർവപ്രണയകാലത്ത് ലൈംഗികാഭിമുഖ്യങ്ങൾ മറനീക്കി വരാം. അതൊക്കെ കല്യാണം കഴിഞ്ഞു മാത്രം മതിയെന്നു പറഞ്ഞ് ഒഴിഞ്ഞുമാറുന്ന പെൺകുട്ടിക്കു മുമ്പിൽ ഒരു സെന്റിമെന്റ്സ് കടന്നുവരുന്നു: “എന്നെ വിശ്വാസമില്ലല്ലേ?” അതേത്തുടർന്ന് ദിവസങ്ങളോളം അവൻ മിണ്ടാതിരുന്നുകളയും. അവന്റെ ചൊരിഞ്ഞ പ്രേമാഭിഷേകം നഷ്ടപ്പെടുമോ എന്നോർത്ത് അവൾക്ക് വേവലാതിയും. അങ്ങനെ കടുത്ത തീരുമാനങ്ങളിൽ അയവു വരുത്തുകയും മനസ്സില്ലാമനസ്സോടെ ചിലതൊക്കെ സമ്മതിക്കേണ്ടിയും വരുന്നു. ഓർക്കുക; ഉഭയസമ്മതലൈംഗികത ഒരാളുടെ നിർബന്ധബുദ്ധിയിലൂടെയല്ല സംഭവിക്കേണ്ടത്. ഇന്ന് നിങ്ങളുടെ നിലപാടിനെയും വൈകാരികതയെയും പക്വതയോടെ കാണാത്ത വ്യക്തി, എങ്ങനെയായിരിക്കും ഭാവിജീവിതത്തിൽ പെരുമാറുക? സ്വന്തമായി ആലോചിച്ചു ശരിയായ തീരുമാനമെടുക്കാനും അതിൽ ഉറച്ചുനില്ക്കാനും എതിരായി വരുന്ന പ്രവണതകളെ നേരിടാനും കഴിയണം. ‘നോ’ എന്നു പറയേണ്ടിടത്ത് ‘നോ’ പറയാനുള്ള ആർജവം ശീലിക്കണം. ഇല്ലെങ്കിൽ ഓരോ ദിവസവും പുതിയ പുതിയ കെണികളിൽച്ചെന്ന് തലവച്ചു കൊടുക്കേണ്ടി വരും. ഇത് സെക്സുമായി ബന്ധപ്പെട്ടു മാത്രം കാണേണ്ടതല്ല. വിദ്യാഭ്യാസം, ജോലി, വിദേശയാത്ര, മക്കൾ തുടങ്ങിയ സംഗതികളിലൊക്കെ നിലപാടുകൾ നിർണായകമാണ്.

കയ്പേറിയ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ അവയെ നിസ്സാരവത്കരിക്കുകയോ കേൾക്കാൻ അസഹിഷ്ണുത കാണിക്കുകയോ ചെയ്യുന്ന ആൺകുട്ടിയുടെ വ്യക്തിത്വത്തെ അളക്കേണ്ടതായുണ്ട്. അത് ആത്മവിശ്വാസത്തിന്റെ സൂചനയായി തെറ്റിദ്ധരിക്കപ്പെടാം. യാഥാർത്ഥ്യങ്ങളെ പ്രായോഗികമായി നേരിടാനുള്ള പക്വതയില്ലാത്തവൻ ജീവിതം ദുരിതപൂർണമാക്കില്ലേ? വളരെ നിസ്സാരമായ ചില അഭിനിവേശങ്ങളായിരിക്കാം ഒരു പെൺകുട്ടിയിൽ ആകൃഷ്ടനാകുന്നതിനു പിന്നിൽ. ബാഹ്യസൗന്ദര്യം ഒന്നാമതു നിൽക്കുന്നു. നോട്ടം, നടത്തം, മൂക്ക്, ചിരി ഇതൊക്കെ ഒരുവനെ, അനുരാഗപരവശനാക്കിയെന്നിരിക്കും. തന്നെ വളരെയധികം സ്വാധീനിച്ച സ്ത്രീവ്യക്തിത്വങ്ങളുമായുള്ള സാമ്യം (അമ്മ, സഹോദരി, കസിൻ...) ഒരു പെൺകുട്ടിയെത്തന്നെ പിൻതുടരാൻ അവനെ നിർബന്ധിതനാക്കാം.

(തുടരും)

# അധ്യാപനം കലയാക്കിയ ഗുരുശ്രേഷ്ഠൻ

ഗുരുസ്മരണ



ഡോ. മാത്യു ജോസഫ്

“വെന്തെരിഞ്ഞാലും
മണക്കുന്നു ചന്ദനം
വെൺതിങ്കൾ, കാറടിഞ്ഞാലും
വിലസുന്നു”

ഈ കവിവചനം എന്റെ മനസ്സിലേക്കോടിയെത്തുന്നത് കൊട്ടാരത്തുംകുഴിയച്ചനെക്കുറിച്ചോർക്കുമ്പോഴാണ്. റവ. ഡോ. കുര്യാക്കോസ് കൊട്ടാരത്തുംകുഴി നിര്യാതനായിട്ട് ജൂലൈ 16 ന് ഇരുപത്തിയഞ്ചു വർഷം തികഞ്ഞു. എങ്കിലും അദ്ദേഹത്തെപ്പറ്റിയുള്ള ഓർമകൾ അച്ചന്റെ വിദ്യാർത്ഥികളുടെയും സുഹൃത്തുക്കളുടെയും മനസ്സിൽ ദീപ്തസ്മരണകളായി നിലനിൽക്കുന്നു.

സാമാന്യഭിന്നമായ ഒരു മഹാവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കൊട്ടാരത്തുംകുഴിയച്ചൻ. അഗാധമായ പാണ്ഡിത്യം, അധ്യാപനത്തെ ഒരു സുന്ദരകലയാക്കാൻ പോന്ന പ്രബോധനവൈദഗ്ധ്യം, ജന്മസിദ്ധമായ കവിതാവാസന, നർമബോധം, ബൗദ്ധികപര്യവേക്ഷണങ്ങളോടുള്ള തീരാത്ത അഭിനിവേശം, സഭയോടും വൈദികജീവിതത്തോടുമുള്ള പ്രതിബദ്ധത – ഇവയെല്ലാം കൊട്ടാരത്തുംകുഴിയച്ചന്റെ സിദ്ധികളോ സവിശേഷതകളോ ആയിരുന്നു.

ഭരണങ്ങാനത്ത് അദ്ദേഹവും ഞാനും അയൽക്കാരായിരുന്നു. അതുകൊണ്ട് എന്റെ കുട്ടിക്കാലം മുതലേ അദ്ദേഹത്തെ അറിയാമായിരുന്നു. ഞാനോർക്കുന്നു, ഞാൻ മൂന്നാംക്ലാസിൽ പഠിക്കുമ്പോൾ – 1952 ലാണ് അദ്ദേഹം ഗുരുപ്പട്ടമേറ്റത്. അദ്ദേഹം എന്റെ സ്കൂളിലെ ഒരു പൂർവവിദ്യാർത്ഥിയായിരുന്നതുകൊണ്ട് അച്ചന് ഒരു സ്വീകരണം നല്കാനും അതിനോടനുബന്ധിച്ച് കുട്ടികളുടെ ഒരു നാടകം നടത്താനും സ്കൂളധികൃതർ തീരുമാനിച്ചു. പക്ഷേ, എന്തുകൊണ്ടോ, ഞാൻകൂടി അഭിനേതാവായി പങ്കെടുക്കേണ്ടിയിരുന്ന ആ നാടകവും യോഗവും നടക്കാതെ പോയി. അതിന്റെ ദുഃഖം വർഷങ്ങൾക്കുശേഷമാണ് എന്റെ മനസ്സിൽനിന്നു മാഞ്ഞുപോയത്. ആ ദുഃഖത്തിനു നഷ്ടപരിഹാരം എന്നവണ്ണം, പിന്നീട് അദ്ദേഹത്തെ എനിക്ക് അധ്യാപകനായും സഹപ്രവർത്തകനായും ലഭിച്ചു. 1962 മുതൽ 1978 വരെ പാലാ സെന്റ് തോമസ് കോളജായിരുന്നു അദ്ദേഹത്തിന്റെ കർമക്ഷേത്രം. അവിടെ ഞങ്ങൾ സഹപ്രവർത്തകരായി. ഞങ്ങൾ ഒരേ നാട്ടുകാരായിരുന്നതുകൊണ്ടോ എന്റെ പിതാവ് അദ്ദേഹത്തിന്റെ അധ്യാപകനായിരുന്നതുകൊണ്ടോ ആകാം ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന് പ്രത്യേക ഊഷ്മളതയുണ്ടായിരുന്നു.

ഭരണങ്ങാനത്തെ പുരാതനമായ കോക്കാട്ടുകുടുംബത്തിന്റെ ഒരു ശാഖയായ കൊട്ടാരത്തുംകുഴിയിലാണ് കുര്യാക്കോസച്ചന്റെ ജനനം. 1923 മാർച്ച് 18–ാം തീയതി തൊമ്മൻ – ഏലി ദമ്പതികളുടെ സീമന്തപുത്രനായി ഭൂജാതനായി. (പ്രസിദ്ധ വാഗ്മിയും വി. അൽഫോൻസാമ്മയുടെ ആധ്യാത്മികതയെ പരിപോഷിപ്പിച്ച വ്യക്തിയുമായ ഫാ. കുരുവിള കൊട്ടാരത്തുംകുഴി അദ്ദേഹത്തിന്റെ പിതൃസഹോദരനായിരുന്നു). പ്രാഥമികവിദ്യാഭ്യാസം ഭരണങ്ങാനത്തെ സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി.സ്കൂളിലും സെക്കണ്ടറി വിദ്യാഭ്യാസം സെന്റ്മേരീസ് ഹൈസ്കൂളിലും നിർവഹിച്ചു. 1939 ൽ ഇ.എസ്.എസ്.എൽ.സി. ജയിച്ച അദ്ദേഹത്തിന് 1952 വരെയുള്ള കാലഘട്ടം ഉപരിപഠനത്തിന്റെയും കർക്കശമായ വൈദികപരിശീലനത്തിന്റെയും വർഷങ്ങളായിരുന്നു. ദ്വിവത്സര ഇന്റർമീഡിയറ്റ് കോഴ്സും ഡിഗ്രികോഴ്സും അദ്ദേഹം ചങ്ങനാശ്ശേരി എസ്.ബി. കോളജിലാണു പഠിച്ചത്. വൈദികപഠനം പൂർണമായും ആലുവ മംഗലപ്പുഴ സെമിനാരിയിലായിരുന്നു. നേരത്തേ സൂചിപ്പിച്ചതുപോലെ, 1952 മാർച്ച് 18–ാം തീയതി അദ്ദേഹത്തിന് വൈദികപ്പട്ടം ലഭിച്ചു. അങ്ങനെ, കൊട്ടാരത്തുംകുഴിയിൽ റ്റി. കുര്യാക്കോസ്, ഫാ. കുര്യാക്കോസ് കൊട്ടാരത്തുംകുഴിയായി. തുടർന്ന്, അജപാലനശുശ്രൂഷയുടെ ഹ്രസ്വമായ ഒരു ഇടവേളയായിരുന്നു.

പിന്നീട്, നാം കുര്യാക്കോസച്ചനെ കാണുന്നത് അമേരിക്കയിലെ ചിക്കാഗോ യൂണിവേഴ്സിറ്റിയിലാണ്. പഠനകാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അസാമാന്യകഴിവ് കണക്കിലെടുത്ത് പാലാ രൂപതയുടെ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ അദ്ദേഹത്തെ അമേരിക്കയിലേക്കയച്ചു. അടുത്ത ആറുവർഷം ഇംഗ്ലീഷ് സാഹിത്യത്തിൽ പഠനവും ഗവേഷണവുമായി അമേരിക്കയിൽ കഴിച്ചുകൂട്ടി. ചിക്കാഗോ യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കിയ ശേഷം വിസ്കോൺസിൻ യൂണിവേഴ്സിറ്റിയിൽനിന്ന് എം.എഡ്. ബിരുദവും അദ്ദേഹം സമ്പാദിച്ചു. 1962 ൽ പാലായിൽ തിരിച്ചെത്തി. ഉടൻതന്നെ പാലാ സെന്റ് തോമസ് കോളജിൽ അധ്യാപകനായി നിയമിതനായി.



ഫാ. ഡോ. കുര്യാക്കോസ് കൊട്ടാരത്തുംകുഴി

‘നിങ്ങളെ ഷേക്സ്പിയർ പഠിപ്പിക്കാൻ ഒരു സായ്പിനെയാണ് ഞാൻ അമേരിക്കയിൽനിന്ന് കൊണ്ടുവന്നിരിക്കുന്നത്’ എന്നിങ്ങനെയാണ് അന്നത്തെ പ്രിൻസിപ്പൽ ഫാ. ജോസഫ് കുരീത്തടം കുര്യാക്കോസച്ചന്റെ ആഗമനവൃത്താന്തം ഞങ്ങളെ അറിയിച്ചത്. അതുകൊണ്ടൊക്കെ വലിയ പ്രതീക്ഷയോടെയാണ് ഞങ്ങൾ അദ്ദേഹത്തിന്റെ ക്ലാസുകൾക്കായി കാത്തിരുന്നത്. അദ്ദേഹത്തിന്റെ ആദ്യക്ലാസ് കഴിഞ്ഞപ്പോൾത്തന്നെ ഞങ്ങൾക്കു മനസ്സിലായി, ഞങ്ങൾ പ്രതീക്ഷിച്ചതിലും വളരെക്കൂടുതലാണ് ഞങ്ങൾക്കു ലഭിക്കാൻ പോകുന്നതെന്ന്. അധ്യാപനത്തിൽ തുടക്കക്കാരനായിരുന്നെങ്കിലും ഒരു മാസത്തിനുള്ളിൽ മുതിർന്ന അധ്യാപകരായ പ്രഫ. കെ.എം. ചാണ്ടി, പ്രഫ. എ.സി. കുരുവിള, പ്രഫ. ആൻഡ്രൂസ് കോട്ടിരി, പ്രഫ. കെ.വി. മാത്യു തുടങ്ങിയവരുടെ നിരയിലായി കുര്യാക്കോസച്ചന്റെ സ്ഥാനം. അഗാധമായ അറിവ് – ആ അറിവു പകർന്നു കൊടുക്കാനുള്ള ഒരു പ്രത്യേക കഴിവ്, കുട്ടികളോടുള്ള സൗഹൃദസമീപനം, വേണ്ട തയ്യാറെടുപ്പോടെയേ ക്ലാസിൽ പോകുകയുള്ളൂ എന്ന നിർബന്ധം, സഹജമായ നർമബോധം ഇവയെല്ലാം അദ്ദേഹത്തിന്റെ ക്ലാസുകളെ അതുല്യമായ അനുഭവങ്ങളാക്കിത്തീർത്തു. പരിപൂർണ അച്ചടക്കത്തോടുകൂടി കുട്ടികൾ അദ്ദേഹത്തിന്റെ ക്ലാസുകൾ ശ്രദ്ധിച്ചു. മറ്റു ക്ലാസുകളിൽപ്പെട്ട വിദ്യാർത്ഥികളും ചിലപ്പോൾ അച്ചന്റെ ക്ലാസുകളിൽ വന്നിരിക്കുമായിരുന്നു എന്നു കേട്ടിട്ടുണ്ട്.

അടിസ്ഥാനപരമായി, ഒരു ഷേക്സ്പിയർ പണ്ഡിതനായിരുന്നു കുര്യാക്കോസച്ചൻ. അദ്ദേഹത്തിനു പഠിപ്പിക്കേണ്ടിയിരുന്നത് മിക്കവാറും ഷേക്സ്പിയർ നാടകങ്ങളായിരുന്നുതാനും. വളരെ വ്യത്യസ്തമായ ഒരു അധ്യാപനരീതിയാണ് അച്ചൻ അനുവർത്തിച്ചിരുന്നത്. ഷേക്സ്പിയർ സാഗരത്തിന്റെ കരയ്ക്കിരുന്ന് കൈക്കരിച്ചു കിട്ടിയ കക്കകളും ചിപ്പികളുമല്ല അദ്ദേഹം തന്റെ വിദ്യാർത്ഥികൾക്കു നൽകിയത്; ആഴങ്ങളിലേക്കിറങ്ങി അടിത്തട്ടിൽനിന്നു ശേഖരിച്ച മുത്തുകൾതന്നെയാണു സമ്മാനിച്ചത്. കുര്യാക്കോസച്ചൻ ഏതെങ്കിലുമൊരു ഷേക്സ്പിയർ നാടകം പഠിപ്പിക്കുകയാണ് എന്നു വിചാരിക്കുക: ഓരോ പദ്യഭാഗത്തിന്റെയും അർത്ഥം, വാക്യഘടന, സൂചിതകഥകൾ ഉണ്ടെങ്കിൽ അത്, അതിനു പണ്ഡിതരായ നിരൂപകർ കൊടുത്തിട്ടുള്ള വിവിധ വ്യാഖ്യാനങ്ങൾ, പാഠഭേദങ്ങൾ, മറ്റു ഷേക്സ്പിയർകൃതികളിൽനിന്നുള്ള സമാനഭാഗങ്ങൾ – ഇവയെല്ലാം പ്രതിപാദിച്ചാലേ അദ്ദേഹത്തിനു തൃപ്തി വരുകയുള്ളൂ. ‘ഇതെല്ലാം ഞങ്ങൾക്ക് ആവശ്യമുണ്ടോ’ എന്നു ചിന്തിച്ച കുട്ടികൾപോലും അദ്ഭുതാദരങ്ങളോടെ അദ്ദേഹത്തിന്റെ ക്ലാസുകൾ കേട്ടു. ചിക്കാഗോയിൽ, പ്രസിദ്ധ ഷേക്സ്പിയർ പണ്ഡിതനായ ഹാർഡിൻക്രേഗിന്റെ കീഴിൽ പഠിച്ചതിന്റെ സ്വാധീനം അദ്ദേഹത്തിന്റെ ഓരോ ക്ലാസിലും പ്രകടമായിരുന്നു.

കുര്യാക്കോസച്ചന്റെ കവിതാക്ലാസുകളും ഇങ്ങനെതന്നെയായിരുന്നു. കവിതയിൽ താത്പര്യമില്ലാത്തവർക്കുകൂടി ഇഷ്ടപ്പെടുന്ന പ്രതിപാദനം. അദ്ദേഹം പഠിപ്പിച്ച ടെന്നിസന്റെയും റൂപ്പേർട്ട് ബ്രൂക്കിന്റെയും ഫ്രാൻസിസ് തോംസൺന്റെയും മറ്റും കവിതകൾ ഞാനിന്നും മനസ്സിൽ സൂക്ഷിക്കുന്നു. പഠിപ്പിക്കുന്ന കവിതകളോട് താദാത്മ്യം പ്രാപിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നത് അദ്ദേഹവും ഒരു കവിയായിരുന്നതുകൊണ്ടാണ്. സ്കൂളിൽ പഠിക്കുമ്പോൾ ‘കുര്യാക്കോസ് ഇടമറ്റം’ എന്ന തൂലികാനാമത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലും മറ്റും കവിതകൾ എഴുതിയിരുന്നു. അക്കാലത്ത് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ ഒരു കവിതാരചനമത്സരത്തിൽ ‘കുര്യാക്കോസ് ഇടമറ്റ’ത്തിന് രണ്ടാംസ്ഥാനം ലഭിക്കുകയുണ്ടായി. പക്ഷേ, സെമിനാരിജീവിതവുമായി കവിതാരചന പൊരുത്തപ്പെട്ടുപോകുകയില്ലെന്നു തോന്നിയതുകൊണ്ട് അതിനോട് അദ്ദേഹം വിട പറഞ്ഞു. ഇത്തരുണത്തിൽ, കുര്യാക്കോസച്ചനും ഞാനുംകൂടി വൈക്കത്തിനടുത്ത് ടി.വി. പുരത്തുപോയി മഹാകവി പാലാ നാരായണൻനായരെ സന്ദർശിച്ചത് ഓർമയിൽ വരുന്നു.

അച്ചന്റെ നർമബോധം പ്രസിദ്ധമാണ്. ഫലിതത്തിന്റെ വിവിധ രൂപങ്ങളിൽ അദ്ദേഹത്തിന്റെ ‘സ്പെഷ്യലൈസേഷൻ’, പുകിലുകൾ എന്ന് പച്ചമലയാളത്തിൽ പറയുന്ന വിനോദകഥകളിലായിരുന്നു. ഇത്തരം കഥകളുടെ വൻശേഖരംതന്നെ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. ഇവയെല്ലാം അച്ചൻ അവതരിപ്പിച്ചിരുന്നത് മിക്കവാറും സ്വന്തം അനുഭവങ്ങളായിട്ടാണ്. കൊട്ടാരത്തുംകുഴിയച്ചൻ എന്തെങ്കിലും കുറിച്ചുവയ്ക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തതായി അറിവില്ല. ഇക്കാര്യത്തിൽ അദ്ദേഹം തന്റെ ചരിത്രപണ്ഡിതനായ ഇളയ സഹോദരൻ ശ്രീ തോമസ് മാത്യുവിൽനിന്നു വ്യത്യസ്തനായിരുന്നു.

1978 ൽ ഔദ്യോഗികസേവനത്തിൽനിന്നു വിരമിച്ചശേഷം ഒന്നുരണ്ട് പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രിൻസിപ്പലായി അദ്ദേഹം സേവനമനുഷ്ഠിച്ചു. അപ്പോഴേക്കും ആരോഗ്യം മോശമായിത്തുടങ്ങിയിരുന്നു. അവസാനത്തെ ഏതാനും വർഷങ്ങൾ സ്വന്തം വീട്ടിലാണ് അദ്ദേഹം ചെലവഴിച്ചത്. 1996 ജൂലൈ 16 കുര്യാക്കോസ് കൊട്ടാരത്തുംകുഴിയച്ചൻ ദിവംഗതനായി.

ആഴമുള്ള നീരൊഴുക്കുകൾ ശാന്തമായിരിക്കും എന്നു പറയാറുണ്ട്. കുര്യാക്കോസച്ചന്റെ ജീവിതവും അതുപോലെയുള്ള ഒരു പ്രവാഹമായിരുന്നു. എങ്കിലും, അറിയപ്പെടാൻ ആഗ്രഹിക്കാതെ, ഒച്ചപ്പാടുകൾ ഒന്നുംകൂടാതെ, ജീവിതത്തിലൂടെ കടന്നുപോയ അദ്ദേഹത്തെപ്പറ്റിയുള്ള സ്മരണകൾ ആയിരക്കണക്കിനുള്ള വിദ്യാർത്ഥികളിൽ ഇന്നും സജീവമാണ്. അവരിലൊരാളായ ഞാൻ അവർക്കുവേണ്ടി ആ സ്മരണകൾക്കു മുമ്പിൽ തലകുനിക്കുന്നു.

■

നോവൽ 4



# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

ഒന്നും പറയാതെ നിനക്കെങ്ങനെ പോകാൻ കഴിഞ്ഞു? നിന്റെ മനസ്സിലെന്തായിരുന്നു അപ്പോൾ? നിനക്ക് എന്നെ കാണാൻ തോന്നിയില്ലേ.. നമ്മുടെ മക്കളെ കാണാൻ തോന്നിയില്ലേ?

വാടാത്ത പൂവുകൾക്കിടയിൽ വാടിയ പൂവുപോലെ ശവപ്പെട്ടിയിൽ കിടക്കുന്ന സ്മിതയോട് സനൽ ചോദിച്ചു.

ഇതാണോ ജീവിതം? ഇത്രയുമേയുള്ളോ ജീവിതം? ഒന്നു കണ്ണടച്ചുതുറക്കുന്ന നിമിഷം കൊണ്ട് അതുവരെ കൂടെയുണ്ടായിരുന്ന ആൾ അപ്രത്യക്ഷമാകുന്നു. തിരിഞ്ഞുനോക്കുകയോ പേരുചൊല്ലി വിളിക്കുകയോ ചെയ്യുമ്പോൾ ഒരു മറുപടിയും കിട്ടാതെയാകുന്നു. എവിടേക്കാണു നീ പോയത്... മാനത്തേക്കോ... അതോ ഭൂമിയുടെ അഗാധഗർത്തങ്ങളിലേക്കോ?

സനൽ കരം നീട്ടി അവളുടെ ശിരസ്സിൽ തലോടിക്കൊണ്ടിരുന്നു. അയാളുടെ ഇരുവശങ്ങളിലായി ദയയും ബെഞ്ചമിനും ഇരിപ്പുറപ്പിച്ചിട്ടുണ്ടായിരുന്നു.

ദയയ്ക്കു മനസ്സിലായിരുന്നു ഇനിമുതൽ അവളുടെ അമ്മയില്ലെന്ന്... വൈകുന്നേരം സ്കൂൾ വിട്ടു വരുമ്പോൾ അവൾക്കു കഴിക്കാൻ വേണ്ടുന്നതൊക്കെയും ഉണ്ടാക്കിക്കൊടുക്കുകയോ വാങ്ങിച്ചുകൊടുക്കുകയോ ചെയ്യുന്ന അമ്മയില്ലെന്ന്... അസുഖങ്ങളുടെ രാത്രികളിൽ അവൾക്കൊപ്പം ഉറക്കമിളച്ചിരുന്ന് ശുശ്രൂഷിക്കുന്ന അമ്മയില്ലെന്ന്. മിഠായികളുമായി എല്ലാ വൈകുന്നേരവും ജോലി കഴിഞ്ഞു വരാൻ ഇനി അമ്മയില്ലെന്ന്... പാഠപുസ്തകങ്ങളിലെ സംശയം തീർത്തുതരാനും പരീക്ഷകളുടെ ദിവസങ്ങളിൽ ശാസിച്ചും ദേഷ്യപ്പെട്ടും കൂടെയിരുന്നു പഠിപ്പിക്കാനും ഇനി അമ്മയില്ലെന്ന്... അമ്മ പോയിരിക്കുന്നു. ഇനി അമ്മയില്ലാത്ത വീട്. അമ്മയില്ലാത്ത കുട്ടി. കരഞ്ഞുതോർന്നവളെപ്പോലെയായിരുന്നു ദയ. ഇടയ്ക്കിടെ ഏതോ ഓർമയിലും ഏതോ സങ്കടത്തിലും അവൾ ഏങ്ങലടിക്കുന്നുണ്ടായിരുന്നു.

റോഷ്നിയും സ്മിതയുടെ ബന്ധുക്കളുമൊക്കെ അവളെ സ്മിതയുടെ അരികിൽനിന്ന് അടർത്തിക്കൊണ്ടുപോകാൻ ശ്രമിച്ചുവെങ്കിലും അതൊന്നും സമ്മതിക്കാതെ അവൾ സ്മിതയ്ക്കരികിൽ സനലിനോടു ചേർന്നിരുന്നു. അയാളുടെ തോളത്തു മുഖംചേർത്ത്... ഇനി പപ്പയും തനിക്ക് ഇല്ലാതാകുമോയെന്നു പേടിച്ച്... പപ്പയെയും മരണത്തിനു വിട്ടുകൊടുക്കാതിരിക്കാൻ സനലിനെ അവൾ മുറുകെപ്പിടിച്ചിട്ടുണ്ടായിരുന്നു...

പക്ഷേ, ബെഞ്ചമിന് മരണത്തെക്കുറിച്ച് കൃത്യമായ ബോധ്യമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും എന്തോ ഇഷ്ടമില്ലാത്തതു സംഭവിച്ചിരിക്കുന്നുവെന്ന് അവനു മനസ്സിലായി. പപ്പയെ സങ്കടപ്പെടുത്തുന്ന എന്തോ ഒന്ന്... ചേച്ചിയെ സങ്കടപ്പെടുത്തുന്ന എന്തോ ഒന്ന്... താൻ വിളിച്ചാൽ വിളി കേൾക്കാൻ കഴിയാത്തവിധത്തിൽ അമ്മയ്ക്കെന്തോ സംഭവിച്ചിരിക്കുന്നുവെന്നും അവനറിയാമായിരുന്നു. അതുകൊണ്ടാണ് അവൻ ഇടയ്ക്കിടെ ചെന്ന് സ്മിതയെ വിളിച്ചതും പൂവും കുരിശും പിടിച്ചുകിടക്കുന്ന അവളുടെ കരങ്ങളിൽ സ്പർശിച്ചതും.

"അമ്മാ... അമ്മാ... എണീക്കമ്മാ..."

കണ്ടുനിന്നിരുന്നവരൊക്കെ അപ്പോൾ കരച്ചിലടക്കാൻ പാടുപെടുകയായിരുന്നു. പാവം കുഞ്ഞ്! അവന് മരണത്തിന്റെ അർത്ഥമെന്തറിയാം? മരണം ഏല്പിക്കുന്ന മുറിവുകളെക്കുറിച്ച് എന്തറിയാം?

അന്നാമ്മയും ജോസഫും അകത്ത് കരഞ്ഞുതളർന്നു കിടക്കുകയായിരുന്നു. ഈ പ്രായത്തിൽ ഇങ്ങനെയൊരു ആഘാതം അവർക്ക് അപ്രതീക്ഷിതമായിരുന്നു. ഇന്നലെയോ നാളെയോ എന്ന മട്ടിൽ തങ്ങളിലാരെങ്കിലും ഒരാൾ കടന്നുപോയേക്കാമെന്ന് അവർ കരുതിയിരിക്കുകയായിരുന്നു. അപ്പോഴാണ് ജീവിച്ച് പാതിപോലും എത്തുന്നതിനുമുമ്പേ സ്മിത...

ഹോ ദൈവമേ, ഒരു കുടുംബം ആടിയുലയുന്നത് ഇങ്ങനെയൊക്കെയാണ്. കുടുംബത്തെ മുഴുവൻ താങ്ങിനിർത്തിയിരുന്ന ഒരാളുടെ അപ്രതീക്ഷിതമായ വിയോഗം... എന്തെങ്കിലും സൂചനകളോടുകൂടിയ മരണമായിരുന്നുവെങ്കിൽ അതിനെ നേരിടാൻ മാനസികമായി ഒരുക്കങ്ങൾ നടത്താമായിരുന്നു. പക്ഷേ, ഇത്... രാവിലെ ജോലിക്കുപോയ ആൾ തിരികെ വരുന്നത് ജീവനറ്റ്... ഇതാണ് വിശുദ്ധഗ്രന്ഥം പറയുന്നത് മനുഷ്യൻ ഒരു പുൽക്കൊടിക്കു തുല്യമാണെന്ന്... ചുടുകാറ്റടിക്കുമ്പോൾ അത് വാടിപ്പോകുന്നു. നിന്നിരുന്ന സ്ഥലം പോലും അതോടെ അജ്ഞാതമാകുന്നു. അതേ, ഒരു കാറ്റു കടന്നുപോകുമ്പോൾ ജീവിതം മറ്റെന്തൊക്കെയോ ആയി മാറുന്നു.



എന്തെല്ലാം ഓർമകളാണ് മനസ്സിലേക്കു കടന്നുവരുന്നത്. കരഞ്ഞുവറ്റിയ കണ്ണുകളുമായി ഇരിക്കുമ്പോൾ ദീർഘനിശ്വാസത്തോടെ സനൽ ഓർമിച്ചു. സ്മിതയെ കണ്ടുമുട്ടിയ ദിനങ്ങളായിരുന്നു അയാളുടെ ഓർമകളിൽ അപ്പോൾ സഞ്ചരിച്ചുകൊണ്ടിരുന്നത്. അന്നാമ്മയെയുംകൊണ്ടുള്ള പതിവ് ആശുപത്രിയാത്രകളിലായിരുന്നു ആദ്യമായി സ്മിതയെ കണ്ടുമുട്ടിയത്. ഫാർമസിയുടെ ഇരുവശങ്ങളിൽ വച്ചുള്ള സാധാരണമായ ഒരു കണ്ടുമുട്ടൽ... മരുന്നു കഴിക്കേണ്ട വിധം പറഞ്ഞുകൊടുത്തുള്ള പതിവു പരിചയപ്പെടൽ. പക്ഷേ, ആ പരിചയപ്പെടലിൽത്തന്നെ നെഞ്ചിനുള്ളിൽ ഒരു കൊത്തിവലിപ്പ് അനുഭവപ്പെട്ടു. ഇവൾ നിനക്കുള്ളതാണെന്ന് ആരോ പറയുന്നതുപോലെ... അതുവരെ ഒരു പെണ്ണിനോടും തോന്നാത്ത ഒരു ഇഷ്ടം... അടുപ്പം... ജീവിക്കുന്നെങ്കിൽ അത് ഇവളോടൊപ്പമായിരിക്കണമെന്ന ആഗ്രഹം. പതുക്കെപ്പതുക്കെ മനസ്സുകൾ തമ്മിൽ അടുത്തു. വിവാഹക്കാര്യം ധൈര്യം സംഭരിച്ച് ഒരു നാൾ പറഞ്ഞപ്പോൾ എനിക്ക് ഇഷ്ടമാണ്, പക്ഷേ, വീട്ടിൽ വന്ന് ആലോചിക്കണം എന്നായിരുന്നു സ്മിതയുടെ മറുപടി. സ്മിതയുടെ വീടിന്റെ സാമ്പത്തികസ്ഥിതി അത്ര ഭദ്രമൊന്നും ആയിരുന്നില്ല. എങ്കിലും തങ്ങളെക്കാൾ ഉയർന്ന ഒരു കുടുംബത്തിലേക്കായിരിക്കണം മകളെ വിവാഹം ചെയ്തയയ്ക്കേണ്ടതെന്ന് അവർക്ക് ആഗ്രഹമുണ്ടായിരുന്നു. ഒരു അൺഎയ്ഡഡ് സ്കൂളിൽ പഠിപ്പിക്കുന്ന ഒരുവനെക്കൊണ്ട് അവളെ വിവാഹം കഴിപ്പിക്കാൻ അവർ ആഗ്രഹിച്ചിരുന്നുമില്ല.

സർക്കാർ ജോലി കിട്ടാനുള്ളതാണെങ്കിൽ കിട്ടും. പിന്നെ സർക്കാരുദ്യോഗത്തെക്കാൾ ഞാൻ നോക്കുന്നത് ആളുടെ സ്വഭാവത്തിനാ... സനൽസാറിന്റെ സ്വഭാവത്തിന് നൂറുശതമാനം ഉറപ്പുണ്ടെനിക്ക് എന്ന സ്മിതയുടെ ധീരപ്രഖ്യാപനമാണ് മടിച്ചുനിന്ന വിവാഹാലോചനയെ മുന്നോട്ടുകൊണ്ടുപോയതും വിവാഹത്തിലെത്തിച്ചതും. സനലിന് സഹജമായിട്ടുള്ള അലസതയെയും ഉത്സാഹക്കുറവിനെയും ഇല്ലാതാക്കി സർക്കാരുദ്യോഗസ്ഥനാക്കാൻവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും പ്രോത്സാഹനങ്ങളും സ്മിത നടത്തിയിരുന്നു. പക്ഷേ, എന്തുകൊണ്ടോ അതൊന്നും വിജയിച്ചില്ലെന്നു മാത്രം. അതിന്റെ ഇച്ഛാഭംഗം സ്മിതയ്ക്ക് ആവോളമുണ്ടായിരുന്നു. കിട്ടുന്ന ശമ്പളത്തിന്റെ കുറവിന്റെ പേരിലല്ല, അന്തസ്സുള്ള ഒരു ശമ്പളം കൈപ്പറ്റുന്ന ഒരുവനാണ് എന്റെ ഭർത്താവ് എന്ന് വീട്ടുകാരുടെയും കൂട്ടുകാരുടെയും മുമ്പിൽ അഭിമാനത്തോടെ തലയുയർത്തി പിടിച്ചുനില്ക്കാനുള്ള അവസരം നഷ്ടപ്പെട്ടുപോയതോർത്തായിരുന്നു അത്.

തന്റെ ജീവിതത്തിന് എന്നും പ്രകാശവും സുഗന്ധവുമായിരുന്നു സ്മിതയെന്ന് സനലോർമിച്ചു. തനിക്കുവേണ്ടി, ചാച്ചനും അമ്മച്ചിക്കുംവേണ്ടി, മക്കൾക്കുവേണ്ടി... അങ്ങനെ ഉരുകിത്തീർന്ന ജീവിതം. ചില വിയോജിപ്പുകളും എതിർപ്പുകളുമെല്ലാം സ്മിത ഉറക്കെ രേഖപ്പെടുത്തിത്തുടങ്ങിയതുപോലും അടുത്തയിടെയാണെന്ന് സനൽ ഓർമിച്ചു. അതിനു മുമ്പുവരെ ഒരു വാക്കുകൊണ്ടുപോലും അവൾ തന്നെ എതിർത്തിരുന്നില്ല. തനിക്ക് ഏറ്റവും അനുയോജ്യയായ ഭാര്യയായിരുന്നു സ്മിത. ഇന്നലെ രാവിലെ സ്മിത പറഞ്ഞ വാക്കുകൾ സനലിന്റെ ഉള്ളിലേക്കു തികട്ടിയെത്തി:

"ഞാനില്ലാതാകുമ്പോ അറിയാം അതിന്റെ വില..."

ദൈവമേ അവൾ എന്തേ അങ്ങനെ പറഞ്ഞു? എന്തെങ്കിലും സൂചനകൾ അവൾക്കു തോന്നിയിരുന്നോ? അനാവശ്യമായി ഇന്നലെ രാവിലെ താൻ സ്മിതയോടു ദേഷ്യപ്പെട്ടതോർത്ത് സനലിനു കുറ്റബോധമുണ്ടായി. ഒരിക്കലും അകന്നുപോകില്ല എന്ന് തെറ്റിദ്ധരിക്കുന്നതുകൊണ്ടാവാം ഭാര്യാഭർത്താക്കന്മാർ തമ്മിൽ അകാരണമായിട്ടും വഴക്കുകൂടുന്നത്. വായിൽ തോന്നുന്നതെല്ലാം വിളിച്ചുകൂവുന്നത്. തെറ്റാണെന്നു തോന്നിയിട്ടും മാപ്പുപറയാൻ സന്നദ്ധമാകാത്തത്.

"എന്റെ കുഞ്ഞ് ഇതൊക്കെ എങ്ങനെ സഹിക്കുമെന്റെ കർത്താവേ..." അന്നാമ്മയുടെ പതംപറച്ചിലുകൾ പുറത്തേക്കു വന്നുകൊണ്ടിരുന്നു. സ്മിത മരിച്ചുവെന്നതിനെക്കാളേറെ അവരെ തളർത്തിയത് തന്റെ മകന് ഭാര്യയില്ലാതായിരിക്കുന്നുവെന്നതായിരുന്നു. അവൻ ഇനി എങ്ങനെ ഒറ്റയ്ക്ക് രണ്ടു മക്കളെ വളർത്തും എന്നതായിരുന്നു. തങ്ങളുടെ സംരക്ഷണവും പരിചരണവും എങ്ങനെ സനൽ നിർവഹിക്കും എന്നോർത്തായിരുന്നു.

"എന്റെ മാതാവേ... എന്റെ മാതാവേ..." അന്നാമ്മ കട്ടിലിൽ കമിഴ്ന്നു കിടന്നു വിങ്ങിപ്പൊട്ടി. സ്മിതയ്ക്ക് അന്ത്യോപചാരമർപ്പിക്കാനായി പലരും വരുകയും പോവുകയും ചെയ്തുകൊണ്ടിരുന്നു. സനൽ ആരെയും കാണുന്നുണ്ടായിരുന്നില്ല. ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല. പക്ഷേ, ഒടുവിൽ, 'അച്ചൻ എത്തി' എന്ന് ആരോ ചെവിയിൽ അടക്കം പറഞ്ഞപ്പോൾ സനൽ ഞെട്ടിവിറയ്ക്കുകതന്നെ ചെയ്തു. കണ്ണീരുമറച്ച കാഴ്ചയ്ക്കപ്പുറം വികാരിയച്ചന്റെ മങ്ങിയ രൂപം അയാൾ കണ്ടു. ശവസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. വീട്ടുമുറ്റത്തുനിന്ന് മരണഗീതങ്ങൾ ഉയർന്നു. ഇനി ഏതാനും നിമിഷങ്ങൾ മാത്രം... സ്മിത ഈ വീട്ടുമുറ്റത്തുനിന്ന് എടുക്കപ്പെടും.

സ്മിത വിവാഹിതയായി ഈ വീട്ടിലേക്കു കടന്നുവന്ന നിമിഷം സനലിന്റെ ഓർമയിലെത്തി. ഇന്നിതാ അതേ വേഷത്തിൽ തന്നെ അവൾ ഈ വീട്ടിൽനിന്നു യാത്രയാകുന്നു. മുപ്പത്തിയഞ്ചു വയസ്സിനുള്ളിൽ തന്റെ ജീവിതനിയോഗം പൂർത്തിയാക്കി സ്മിത മടങ്ങുന്നു.

"അമ്മയ്ക്ക് ഉമ്മ കൊടുക്ക് മക്കളേ..." സനൽ ദയയെയും ബെഞ്ചമിനെയും ചേർത്തു പിടിച്ചുകൊണ്ടു പറഞ്ഞു.

ഉമ്മ... ദയ സ്മിതയുടെ ഇരുകവിളിലും മാറിമാറി ചുംബിച്ചു.

"അമ്മേ..." സ്മിതയെ വിളിച്ചുകൊണ്ട് ബെഞ്ചമിൻ അവളുടെ മുഖത്ത് ഉമ്മവച്ചു. സ്മിതയുടെ തണുപ്പ് ബെഞ്ചമിന്റെ ചുണ്ടുകളെ മരവിപ്പിച്ചുകളഞ്ഞു.

അവൻ വേഗം ചുണ്ടുതുടച്ചു.

അമ്മയ്ക്ക് എന്താണ് ഇത്ര തണുപ്പെന്ന് അവനാലോചിച്ചു. താൻ വിളിച്ചിട്ടും ഉമ്മ കൊടുത്തിട്ടും വികാരിയച്ചൻ വന്നിട്ടും ആളുകളൊക്കെ വന്നിട്ടും അമ്മയെന്താണ് എണീക്കാത്തത് എന്ന ചിന്ത അവനെ അപ്പോഴും വിട്ടുപോയിരുന്നില്ല.

വിട വാങ്ങുന്നേൻ നശ്വര മുലകിൽ ജഡികാശകളും...

കന്യാസ്ത്രീമാരുടെ ഇടറിയ ശബ്ദത്തിൽ വിലാപഗീതം മുഴങ്ങി. സ്മിതയുടെ ശവപേടകം ആംബുലൻസിലേക്കു കയറ്റി.

ശേഷം 13–ാം പേജിൽ

# നിറസങ്കലനങ്ങളുടെ കൂട്ടുകാരൻ



ശ്രീദേവി എസ്.കെ.

**'നി**ശ്ശബ്ദമായ ഭ്രമാത്മകത'.... അതായിരുന്നു പോസ്റ്റ് ഇംപ്രഷനിസ്റ്റ് ചിത്രകാരനായിരുന്ന വിൻസെന്റ് വാൻഗോഗ്. വാൻഗോഗിന്റെ മാനസികാവസ്ഥയെപ്പറ്റി ധാരാളം മെഡിക്കൽ ഗവേഷണങ്ങൾ വന്നിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ വിവിധങ്ങളായ പ്രശ്നങ്ങളുടെ കാരണം നിർണയിക്കാൻ സാധിച്ചിട്ടില്ല. വിഷ്വൽ, ഓഡിറ്ററി ഭ്രമാത്മകതകൾ അദ്ദേഹത്തെ ശല്യപ്പെടുത്തിയിരുന്നു. തീക്ഷ്ണമായ നിരാശകൾക്ക് അടിമപ്പെട്ടിരുന്നു അദ്ദേഹം. ചില ദുർബലമായ മാനസികാവസ്ഥകളിൽ (ഡിമെൻഷ്യ). തന്റെ പെയിന്റുകൾ കഴിച്ച് ഭ്രാന്തനായി കിടപ്പുമുറിയുടെ ജനാലയിൽക്കൂടി സ്വർണഗോതമ്പുവയലുകളുടെ കാഴ്ചകൾ ആസ്വദിച്ചിരുന്നു.


1853 മാർച്ച് 30 നാണ് വിൻസന്റ് വാൻഗോഗ് എന്ന അതുല്യപ്രതിഭയുടെ ജനനം. നെതർലാൻഡിലെ സണ്ടർട്ട് ആണ് ജന്മനാട്. 1881 ഡിസംബറിൽ തന്റെ 28-ാം വയസ്സിൽ അദ്ദേഹം ആദ്യചിത്രം വരച്ചുതുടങ്ങി. ചിത്രരചനയിൽ ശാസ്ത്രീയമായ ഒരു പരിശീലനവും ഉണ്ടായിരുന്നില്ല. സഹോദരൻ തിയോയാണ് സാമ്പത്തികസഹായം ചെയ്തിരുന്നത്. സ്വന്തം ചിത്രങ്ങളാണ് വാൻഗോഗിനു വൈകാരികസമതുലനം നൽകിയിരുന്നത്.

അടിയന്തരതാബോധം പലപ്പോഴും അദ്ദേഹത്തെ മാനസികസമ്മർദത്തിലാക്കി. വളരെ തിരക്കുള്ള വർഷങ്ങളിലാണ് വാൻഗോഗ് നിരവധി മാസ്റ്റർ പീസുകൾ നിർമിച്ചത്. 860 ഓയിൽ പെയിന്റിങ്ങുകളും 1300 ജലച്ചായച്ചിത്രങ്ങളും ഉൾപ്പെടെ രണ്ടായിരത്തിഒരുനൂറോളം സൃഷ്ടികൾ അദ്ദേഹം ചെയ്തിട്ടുണ്ട്.



സെന്റ്റെമിയിലെ ശരണാലയത്തിൽ താമസിക്കുമ്പോൾ വാൻഗോഗ് എണ്ണച്ചായത്തിൽ കൈകൊണ്ടു വരച്ച മനോഹരമായ രാത്രിരംഗമാണ് 'ഒരു നക്ഷത്രരാത്രി' (The starry night-1889). മരണത്തിനു പതിമൂന്നു മാസം മുമ്പായിരുന്നു അത്. സൂര്യോദയത്തിനുമുമ്പ് തന്റെ കിടപ്പുമുറിയുടെ ജനാലയിൽക്കൂടിയുള്ള കാഴ്ച. കവിതയും ഫിക്ഷനും സംഗീതവും കേന്ദ്രീകരിച്ച ഒരു കലാസൃഷ്ടി. രാത്രിയോടുള്ള ആരാധനയും അഭിനിവേശവും നിരവധി ചിത്രങ്ങളുടെ സൃഷ്ടിക്കു കാരണമായി. കറുപ്പിറ്റിക്കുന്ന ഇരുട്ടുകളല്ല, പ്രകാശങ്ങളുടെ നിറസംയോജനങ്ങളാണ് ആ കണ്ണുകളിൽ ഉദിച്ചത്. നിരവധി വ്യാഖ്യാനങ്ങളുണ്ട് സ്റ്റാറി നൈറ്റിന്. പ്രതീക്ഷയെ ചിത്രീകരിക്കുന്ന കലാസൃഷ്ടിയെന്നും പറയാം. വെള്ളയും മഞ്ഞയും നിറങ്ങൾ ആകാശത്തേക്കു ശ്രദ്ധ ആകർഷിപ്പിക്കുന്നു. ശാന്തമായ പട്ടണത്തിനു മുകളിൽ ശക്തമായ ആകാശമുണ്ട്. വാൻഗോഗ് ജീവിതത്തെയും മരണത്തെയും തിളങ്ങുന്ന നക്ഷത്രങ്ങളും ഇരുണ്ട, സമാധാനം നിറഞ്ഞ ഗ്രാമവുമായും താരതമ്യം ചെയ്യുന്നു. ഇരുട്ടിനൊപ്പം ജനാലകളിൽ വെളിച്ചം കാണാൻ കഴിയുമെന്നും ആകാശത്തെ തിളങ്ങുന്ന നക്ഷത്രങ്ങൾ നമ്മെ നയിക്കുന്ന വെളിച്ചമാണെന്നും വ്യാഖ്യാനിക്കാം. നിറങ്ങളുടെ ഊർജസ്വലത ആസ്വാദകനിലും നിറയുന്നു.

നക്ഷത്രനിബിഡമായ രാത്രിയാകാശങ്ങൾ വാൻഗോഗിന്റെ മറ്റു പെയിന്റിങ്ങുകളിലും വന്നിട്ടുണ്ട്. 'കഫേ ടെറസ് അറ്റ് നൈറ്റ്' അതേ തീമിൽ വരച്ച മറ്റൊരു പ്രശസ്തമായ പെയിന്റിങ്ങാണ്. "സ്റ്റാറി നൈറ്റ് ഓവർ ദ് റോൺ" 1888ൽ അദ്ദേഹം നിർമിച്ച ചിത്രമാണ്. റോൺ നദീതീരം അദ്ദേഹത്തിന്റെ താമസസ്ഥലത്തുനിന്ന് കുറച്ചകലെയായിരുന്നു. ഏറ്റവും റൊമാന്റിക്കായ രചനകളിലൊന്നാണിത്. വെള്ളത്തിൽ ഗ്യാസ് ലൈറ്റിങ്ങിന്റെ തിളങ്ങുന്ന പ്രതിഫലനങ്ങൾ. ആകാശത്തിലെ നക്ഷത്രങ്ങളുടെ നിറങ്ങൾ ദമ്പതികളെ ചുറ്റുന്നു. 300 ദശലക്ഷം ഡോളർവരെ മൂല്യം കണക്കാക്കപ്പെട്ട ഒരു ചിത്രമാണിത്. മനസ്സിനെ പിടിച്ചടക്കുന്ന ശക്തിയും ചിത്രസൗന്ദര്യവും അവയ്ക്കുണ്ട്. പകലിനെക്കാൾ സമൃദ്ധമാണ് രാത്രിയാകാശങ്ങളെന്ന് അദ്ദേഹം വിശ്വസിച്ചു. നിരവധി രാത്രികാല ക്യാൻവാസുകൾ അദ്ദേഹം സൃഷ്ടിച്ചു. അദ്ഭുതം ജനിപ്പിക്കുന്ന നിറങ്ങളുടെ സങ്കലനങ്ങൾ വാൻഗോഗ് ചിത്രങ്ങളുടെ പ്രത്യേ



കതയാണ്. മഞ്ഞനിറം വാൻഗോഗിന് ഇഷ്ടമുള്ള നിറങ്ങളിലൊന്നായിരുന്നു... "എത്ര സുന്ദരമാണ് മഞ്ഞനിറം... സൂര്യനെപ്പോലെയാണത്'' അദ്ദേഹം പറഞ്ഞു. വാൻഗോഗിന്റെ 'സൂര്യകാന്തി'പ്പൂക്കളുടെ ചിത്രസൗന്ദര്യം ലോകോത്തരമാണ്.

മരണത്തിനുമുമ്പുള്ള എഴുപതു ദിവസങ്ങളിൽ പ്രതിദിനം ഒരു പെയിന്റിങ് വീതം അദ്ദേഹം സൃഷ്ടിച്ചു. ട്യൂബിൽനിന്നു നേരേ പെയിന്റ് ഉപയോഗിക്കുന്ന ഇമ്പാസ്റ്റോ എന്ന രീതിയും അദ്ദേഹം അനുവർത്തിച്ചിരുന്നു.

വാൻഗോഗിന്റെ പുഷ്പചിത്രങ്ങൾ എന്നെന്നും ആസ്വദിക്കുന്നവയും ഓർമിക്കപ്പെടുന്നവയുമാണ്. 1889 ൽ സെന്റ് പോളിൽവച്ചു സൃഷ്ടിച്ചതാണ് 'ഐറിസസ്'. 53.9 മില്യൺ ഡോളറായിരുന്നു അതിന്റെ വില.. 'പോപ്പീസ്,' 'പൂക്കുന്ന ബദാം ട്രീ', 'ദി മൾബറി ട്രീ', 'പൊട്ടറ്റോ ഈറ്റേഴ്സ്' എന്നിവ മറ്റു വിസ്മയങ്ങളാണ്.

1890 ജൂലൈ 29 ന് ഫ്രാൻസിൽവച്ച് തന്റെ 37-ാം വയസ്സിൽ വർണങ്ങളുടെ ലോകത്തേക്ക് അദ്ദേഹം പറന്നകന്നു.

■

# കർഷകരെ തള്ളിപ്പറയുന്നവർ രാജ്യത്തെയാണു തള്ളിപ്പറയുന്നത്

## ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: മലയാളവർഷാരംഭമായ ചിങ്ങം ഒന്ന് കേരള കർഷകദിനത്തിൽ ഇൻഫാം കോട്ടയം ജില്ലാഘടകം പാലായിൽ കർഷകാവകാശദിനം ആചരിച്ചു. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ കേരള സർക്കാരിനു സമർപ്പിക്കുന്ന കർഷകാവകാശപ്രഖ്യാപനം നടത്തി.

കർഷകരെ തള്ളിപ്പറയുന്നവർ രാജ്യത്തെയാണു തള്ളിപ്പറയുന്നതെന്നും കർഷകന്റെ ഹൃദയം തകർത്താൽ രാജ്യത്തിന്റെ നെഞ്ചാണ് ഉരുകുന്നതെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ഇക്കോണമിയും ഇക്കോളജിയും സന്തുലിതമായി നിലനിൽക്കാൻ കേന്ദ്ര-സംസ്ഥാനഗവൺമെന്റുകൾ ശ്രദ്ധിക്കണം. കൃഷിക്ക് അനുയോജ്യമായ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി പൂർവികർ കാത്തുസൂക്ഷിച്ച കാർഷികസംസ്കാരം നില നിർത്താനും നാണ്യവിളകളും ഭക്ഷ്യവിളകളും ഇവിടെത്തന്നെ ആവശ്യത്തിന് ഉത്പാദിപ്പിക്കാനും കർഷകരെയും യുവാക്കളെയും ഗവൺമെന്റുകൾ പ്രത്യേകം സഹായിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഭക്ഷ്യദാരിദ്ര്യമുള്ള നാട് എന്ന നിലവിലെ അവസ്ഥയിൽനിന്നു ഭക്ഷ്യസമൃദ്ധിയുള്ള നാട് എന്ന സ്വയംപര്യാപ്തതയിലേക്കു നമ്മുടെ സംസ്ഥാനം വളരണമെങ്കിൽ കർഷകരുടെ കരങ്ങൾ ശക്തിപ്പെടുത്തണമെന്ന് ബിഷപ് മാർ ജേക്കബ് മുരിക്കൻ ആശംസാപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. കർഷകാവകാശ സംരക്ഷണം കർഷകരുടെ മാത്രമല്ല എല്ലാവരുടെയും ആവശ്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



ഇൻഫാം കോട്ടയം ജില്ലാ ഘടകം പാലാ ബിഷപ്സ് ഹൗസിൽ കർഷകാവകാശപ്രഖ്യാപനം നടത്തുന്നു.

ഇൻഫാം പാലാ രൂപത ഡയറക്ടർ ഫാ. ജോസഫ് തറപ്പേൽ, സോഷ്യൽ സർവീസ് അസി. ഡയറക്ടർ ഫാ. ജോബി താഴത്തുവരിക്കയിൽ, ഇൻഫാം അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളി, സണ്ണി മുത്തോലപുരം, ജെയിംസ് ചൊവ്വാറ്റുകുന്നേൽ, ജെയിംസ് താന്നിക്കൽ, പിഎസ്ഡബ്ലിയുഎസ് പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ, എസ്എംവൈഎം പ്രതിനിധി മനു മാളികപ്പുറത്ത്, ബ്ര. സേവ്യർ മുക്കുടിക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി. കർഷകപ്രതിനിധികളും യുവാക്കളുടെ പ്രതിനിധികളും പ്ലക്കാർഡുകളുമായി അണിനിരന്നു.

# അതിജീവനം തേടുന്ന മാംഗോ മെഡോസ്

## ഭൂമിയിൽ ഒഴുക്കിയത് 120 കോടി!

14
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്



ഒരു രാഷ്ട്രത്തിന്റെ ഏറ്റവും ഉയർന്ന ജ്വാല അതിന്റെ യൗവനമാണെന്നു പറഞ്ഞത് എച്ച്.ജി. വെൽസാണ്; ടൈം മെഷീൻ എന്ന തന്റെ വിശ്വപ്രസിദ്ധ നോവലിൽ.

യൗവനയുക്തനായ ഒരു ഇരുപത്താറുവയസ്സുകാരന്റെ സ്വപ്നം ഇന്ന് ഒരു പ്രദേശത്തെയാകെ ഹരിതാഭമാക്കുകയാണ്. അതുക്കുംമേലെ അതിജീവനത്തിന്റെ നാൾവഴികളിൽ ഒരു പുത്തനേടു കുറിക്കുകയാണ്. ലിംക ബുക് ഓഫ് റെക്കോർഡ്സിൽ ഇടംകണ്ടെത്തിയ മാംഗോ മെഡോസ് എന്ന ഭൂമിയിലെ പറുദീസയെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. കൗമാരപ്രായത്തിനിടയിൽത്തന്നെ അതിതീക്ഷ്ണമായ പ്രതിസന്ധികളിലൂടെ കടന്നുപോവുകയും അടിപതറാതെ പിടിച്ചുനിൽക്കാൻ പ്രത്യേകമാംവിധം ദൈവം കൃപകൊടുത്ത്, ഭൂമിയിൽ ഒരു വലിയ നിയോഗവുമായി ജീവിക്കുന്നു എന്നു സ്വയം വിശ്വസിക്കുകയും ചെയ്യുന്ന എം.കെ. കുര്യൻ എന്ന മലയാളിയുടെ ത്രസിപ്പിക്കുന്ന ജീവിതത്തെക്കുറിച്ചാണു പ്രതിപാദ്യം. ലോകത്തിലെതന്നെ ആദ്യ മനുഷ്യനിർമിത കാർഷിക തീം പാർക്കിന്റെ ഉപജ്ഞാതാവാണദ്ദേഹം. ഇന്ത്യയിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള ആദ്യ ജൈവവൈവിധ്യ പാർക്കുകൂടിയാണ് കേരളത്തിലെ ഒരു ചെറുഗ്രാമമായ ആയാംകുടിയിലെ മാംഗോ മെഡോസ്.

കോട്ടയം ജില്ലയിലെ കടുത്തുരുത്തിക്കടുത്ത് ആയാംകുടിയിൽ കാർഷികപശ്ചാത്തലത്തിൽ ജനിച്ച കുര്യാക്കോസ് കുര്യൻ കല്ലറ ഗവ. എൽ.പി. സ്കൂളിലും, സെന്റ് തോമസ് സ്കൂളിലും പ്രാഥമികവിദ്യാഭ്യാസം നേടി. പിന്നീട് സിവിൽ എഞ്ചിനീയറായി 21-ാമത്തെ വയസ്സിൽ സൗദി അറേബ്യയിലെത്തി. അവിടെ സ്വന്തമായി ഒരു വ്യവസായസംരംഭം തുടങ്ങി. സ്വസ്ഥമായി ജീവിക്കുമ്പോഴാണ് 26-ാമത്തെ വയസ്സിൽ മനസ്സിൽ സൂക്ഷിച്ച സ്വപ്നത്തിനു ചിറകുമുളയ്ക്കുന്നത്. അറേബ്യ-ഖത്തർ അതിർത്തിയിലെ മസ്രാ എന്ന സുന്ദരമായ ഉല്ലാസകേന്ദ്രത്തിൽ നടത്തിയ സന്ദർശനം ഒരു നിമിത്തമായി. വീട്ടുകാരുടെയും സുഹൃത്തുക്കളുടെയും എതിർപ്പുകൾ അവഗണിച്ച് തന്റെ ഗ്രാമമായ ആയാംകുടിയിൽ നാല് ഏക്കർ സ്ഥലം വാങ്ങി സ്വപ്നപദ്ധതിക്കു തുടക്കമിട്ടു. കപ്പക്കൃഷിയിലും മീൻകൃഷിയിലും ആരംഭിച്ച സംരംഭം ഇന്ന് 30 ഏക്കർ സ്ഥലത്ത് നാലു ലക്ഷത്തിലധികം സസ്യങ്ങളുമായി പടർന്നുപന്തലിച്ചു നിൽക്കുന്നു. നാലായിരത്തി എണ്ണൂറോളം സസ്യസ്പീഷിസുകൾ, ആയിരത്തിത്തൊള്ളായിരത്തോളം മരുന്നുചെടികൾ, എഴുന്നൂറിലധികം വനവൃക്ഷങ്ങൾ, 15 രാജ്യങ്ങളിൽനിന്നായി 146 ഇനം ഫലവൃക്ഷങ്ങൾ, 101 ഇനം മാവുകൾ, 40 ഇനം വാഴകൾ, അറുപത്തിനാലോളം വ്യത്യസ്തയിനം മത്സ്യങ്ങൾ, അമ്പതോളം പശുക്കൾ, കോഴികൾ, വളർത്തുനായ്ക്കൾ എന്നിങ്ങനെ, നെൽപ്പാടവും തേയിലത്തോട്ടവുംവരെ ഉൾപ്പെടുത്തി വെറും 30 ഏക്കറിൽ കുര്യൻ തീർത്തത് കേരളത്തിലെ ജൈവവൈവിധ്യത്തിന്റെ ഏകദേശം 95 ശതമാനം പരിച്ഛേദം!!

ഗുഹാക്കോട്ടേജുമുതൽ ഹണിമൂൺ കോട്ടേജുവരെയുള്ള ഇരുപതോളം കോട്ടേജുകൾ, പരശുരാമന്റെതുൾപ്പെടെ 56 ശില്പങ്ങൾ, പ്രണയിച്ചിരിക്കാൻ വാലന്റൈൻ ഗാർഡൻ, മഹാവ്യക്തികളുടെ ഓർമകളുണർത്തുന്ന ചാരുതയാർന്ന റോഡുകൾ ഇവയെല്ലാം മെഡോസിലെത്തുന്നവർക്കു വ്യത്യസ്ത അനുഭവമാണ്. സിമന്റു മാത്രമുപയോഗിച്ച് ഒരു വർഷംകൊണ്ട് പൂർത്തിയാക്കിയ ലോകത്തിലെതന്നെ ഏറ്റവും വലിയ ബൈബിൾ ശില്പവും ഇവിടെയാണ്. നോഹയുടെ പെട്ടകമുണ്ടാക്കാനുപയോഗിച്ച ഗോഫർമരവും, മിശിഹായുടെ മുൾക്കിരീടത്തിനുപയോഗിച്ച ക്രൈസ്റ്റ് ത്രോൺ സസ്യവുമുൾപ്പെടെ ബൈബിളിൽ പറഞ്ഞിരിക്കുന്ന നൂറ്റിമുപ്പത്തിയൊന്നോളം സസ്യങ്ങൾ നിറഞ്ഞ തോട്ടം മാംഗോ മെഡോസിന്റെ മാത്രം പ്രത്യേകതയാണ്. ബൈബിൾ ശില്പത്തിൽ ആലേഖനം ചെയ്ത വചനങ്ങൾ ജോബിന്റെ പുസ്തകത്തിൽനിന്നാണെന്നും, അത് ജീവിതത്തിൽ താൻ അനുഭവിച്ച സഹനങ്ങളുടെ പ്രതീകമാണെന്നും അദ്ദേഹം പറയുമ്പോൾ ദൈവം ഏറെ സ്നേഹിക്കുന്ന ഒരാളാണു താനെന്ന് കുര്യൻ പറയാതെ പറയുന്നുണ്ട്.



എൻ.കെ. കുര്യൻ

ശ്രീബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട ബോധിവൃക്ഷവും രാമായണത്തിൽ പരാമർശിക്കുന്ന ശിംശിപാവൃക്ഷവും വിനോദസഞ്ചാരികളിൽ കൗതുകമുണർത്തുന്നു. നാടൻ തട്ടുകടയും കള്ളുഷാപ്പും വിനോദോപാധികളായ ആർച്ചറി, സ്നൂക്കർ, റോപ്‌വേ, ബംബർ കാർ, ട്രോംബോ ലൈൻ തുടങ്ങിയവയും ഉൾപ്പെടുത്തി വിസ്മയത്തിന്റെ പുതുലോകം നമുക്ക് സമ്മാനിക്കുന്നു മാംഗോ മെഡോസ്.

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനകേന്ദ്രമായി തിരഞ്ഞെടുത്ത, ഐ.എ.എസ്. ചോദ്യാവലിയിൽ ഇടംപിടിച്ച, അറിവിന്റെയും ഗവേഷണത്തിന്റെയും വിനോദത്തിന്റെയും വിശാലമായ വാതായനങ്ങൾ തുറന്നിടുന്ന ജൈവവൈവിധ്യ പാർക്കിനായി കുര്യൻ ഒഴുക്കിയത് തന്റെ സമ്പാദ്യം മുഴുവനാണ് - 120 കോടി!!! എന്തിനുവേണ്ടി? ഭൂമിയെ പച്ചപുതപ്പിക്കാൻ; നാടിനു കുളിരേകാൻ.

തുടർച്ചയായി വന്ന വെള്ളപ്പൊക്കവും അവസാനം കാണാതെ തുടരുന്ന കൊവിഡും വലിയ സാമ്പത്തികബാധ്യതയിലാണ് മാംഗോ മെഡോസിനെ എത്തിച്ചിരിക്കുന്നത്. വലിയൊരു കടക്കെണിയിലാണ് മാംഗോ മെഡോസ് എത്തിനില്ക്കുന്നത്. മാംഗോ മെഡോസ് നേരിടുന്ന ഈ പ്രതിസന്ധിയെ സർക്കാരും പൊതുജനങ്ങളും ഗൗരവപൂർവം കാണേണ്ടതാണ്.

മാംഗോ മെഡോസിനെ ഒരു തീം പാർക്ക് എന്നതിലുമുപരി, പരിസ്ഥിതിശാസ്ത്രത്തെക്കുറിച്ചുള്ള ശക്തമായ അറിവുകൾ പകർന്നു നല്കുന്ന വിദ്യാഭ്യാസകേന്ദ്രം എന്ന രീതിയിലാണ് ലേഖകൻ കാണുന്നത്. 2002 ൽ ആരംഭിച്ച സ്ഥാപനം 2016 ൽ മാത്രമാണു പൊതുജനത്തിനു തുറന്നുകൊടുത്തത്. നീണ്ട പതിനാറു വർഷങ്ങൾ ഒരാവാസവ്യവസ്ഥ രൂപപ്പെടുത്തുന്നതിന്റെ കഠിനാദ്ധ്വാനത്തിലും ക്ഷമയോടെയുള്ള കാത്തിരിപ്പിലുമായിരുന്നു എന്നുള്ളത് നിസ്സാരകാര്യമല്ല. ■




11-ാം പേജ് തുടർച്ച

മക്കളുടെ കൈവിടാതെ സനൽ അതിന്റെ അകത്തേക്കു കയറി. ഇത് സ്മിതയുമൊത്തുള്ള അവസാനയാത്രയാണ്. ഇനി തങ്ങൾ ഒരുമിച്ചൊരു യാത്രയില്ല. താൻ ഓടിക്കുന്ന ബൈക്കിനു പിന്നിലിരുന്ന് തന്നെ ചുറ്റിപ്പിടിച്ചു യാത്ര ചെയ്യണമെന്നത് സ്മിതയുടെ വലിയൊരാഗ്രഹമായിരുന്നുവല്ലോയെന്ന് സനൽ ഓർമിച്ചു. മക്കൾ ജനിച്ചുകഴിഞ്ഞപ്പോൾ ആ ബൈക്ക് യാത്ര, നാലു ചക്രവാഹനത്തിന്റെ രൂപത്തിലേക്കു മാറി. യാത്രകൾ ഒരുപാട് ആഗ്രഹിക്കുന്ന മനസ്സായിരുന്നു സ്മിതയുടേത്. എന്നാൽ, ദീർഘമായൊരു യാത്ര ഒരിടത്തേക്കും നടത്തിയിട്ടില്ല. അമ്മയും ചാച്ചനും അസുഖക്കാരായതുകൊണ്ടും അവരെ തനിച്ചാക്കി പോകാൻ മനസ്സില്ലാത്തതുകൊണ്ടും യാത്രകളെല്ലാം പരിമിതമായിരുന്നു. ഇപ്പോഴിതാ എല്ലാ ആഗ്രഹങ്ങളും ഉള്ളിലൊതുക്കി സ്മിത യാത്രപറയുന്നു.

ശവഘോഷയാത്ര പള്ളിയിലെത്തി. പള്ളിയിലെ ചടങ്ങുകൾക്കുശേഷം മൃതദേഹം ബന്ധുക്കളുടെ ചുമലിലായി സെമിത്തേരിയിലെത്തിച്ചു.


അവസാനത്തെ ചുംബനത്തിനായി അടുത്ത ബന്ധുക്കൾക്കു മാത്രമായി വീണ്ടുമൊരു അവസരം. സ്മിതയുടെ മാതാപിതാക്കളും കൂടപ്പിറപ്പുകളും കരഞ്ഞുകൊണ്ട് അവളെ ചുംബിച്ചു. ഇന്നലെ തനിക്ക് ഉമ്മ നല്കാതെയാണല്ലോ സ്മിത പോയതെന്ന് സനൽ അപ്പോഴാണ് ഓർരിച്ചത്.

നീ നല്കാതെപോയതിന്റെയും നിനക്കിനി നല്കാനുള്ളതിന്റെയും എല്ലാ സ്നേഹങ്ങളും ചേർത്തുവച്ച് നിന്നെ ഞാനിതാ ചുംബിക്കുന്നു.

സനൽ സുബോധം നശിച്ചവനെപ്പോലെ സ്മിതയുടെ മുഖത്തും നെറ്റിയിലും ഉമ്മ വച്ചു തുടങ്ങി. പിന്നെ പൊട്ടിക്കരഞ്ഞുകൊണ്ട് സ്മിതയുടെ ദേഹത്തേക്കു വീണ് അവളെ കെട്ടിപ്പുണർന്നെന്നവിധം കിടന്നു. ആരൊക്കെയോ ബലം പിടിച്ചാണ് സനലിനെ അടർത്തിമാറ്റിയത്.

‘‘എന്റെ സ്മിത... എന്റെ സ്മിത...’’ ശവപേടകം കല്ലറയുടെ നേരേ കൊണ്ടുപോകുന്നതു കണ്ടപ്പോൾ കരം നീട്ടി സനൽ വിലപിച്ചു. അനേകം ആത്മാക്കൾ അന്തിയുറങ്ങുന്ന മറ്റു കല്ലറകൾക്ക് മീതെ സനലിനെ താങ്ങിപ്പിടിച്ച് അയാളുടെ സുഹൃത്തുക്കൾ സ്മിതയ്ക്കായി ഒരുക്കിയ ശവക്കുഴിയുടെ അരികിലേക്കു കൊണ്ടുവന്നു. നനവാർന്ന മണ്ണിന്റെ മടിത്തട്ടിലേക്ക് സ്മിതയുടെ ശവപേടകം ഇറക്കിവച്ചപ്പോൾ എന്റെ സ്മിതേ എന്ന് ആകാശവും ഭൂമിയും നടുങ്ങത്തക്കവിധത്തിൽ ഉറക്കെ കരഞ്ഞുകൊണ്ട് സനൽ ബോധരഹിതനായി നിലംപതിച്ചു.

*(തുടരും)*




## ഓഗസ്റ്റ് 29
### ഏലിയ സ്ലീവാ മൂശ ഒന്നാം ഞായർ



നിയ. 6:20 – 25
ഏശ. 31:4 – 9
2 തെസ. 1:3 – 10
ലൂക്കാ. 18:35 – 43

ഫാ. തോമസ് പാട്ടത്തിൽചിറ CMF

# കണ്ണില്ലാത്തവരുടെ കാഴ്ച



രണ്ടു മനുഷ്യരെയും അവരുടെ മധ്യേയുള്ള ഒരു മരത്തെയും തിരുസഭ അനുസ്മരിക്കുന്ന കാലം. പ്രവാചകവചസ്സുകളുടെയും നിയമസംഹിതകളുടെയും പ്രതീകങ്ങളായവരുടെ നടുവിൽ അവയുടെയൊക്കെ പൂർത്തീകരണമായ മാനവമോചകന്റെ രക്ഷദമായ കുരിശ്. മണ്ണിന്റെ മാറിൽ കുത്തിനാട്ടപ്പെട്ട കുരിശാണ് ഓരോ ക്രിസ്ത്യാനിയുടെയും വിശ്വാസ ജീവിതത്തിന്റെ കേന്ദ്രബിന്ദുവെന്നും പാരാകെ പുകഴ്ത്തപ്പെടുന്ന ആ കുരിശിന്റെ വിശുദ്ധമായ വിളുമ്പുകളിലേക്കാണ് സഹനങ്ങളുടെ ആഴവും അന്തിമജയവും കാണാൻ ലോകം ആത്യന്തികമായും മിഴികളെറിയേണ്ടതെന്നുമുള്ള ഓർമപ്പെടുത്തലിന്റെ അവസരം.

ഒന്നാം വായനയിലെ ചിന്തകൾ ഏക, സത്യദൈവത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനപരമായ ചില 'ബോധ്യ'ങ്ങളിലേക്കും, 'ബാധ്യത'കളിലേക്കും വെളിച്ചം വീശുന്നവയാണ്. വിലങ്ങുകളിൽനിന്നു വിമോചിക്കുന്നവനും, വഴിനടത്തുന്നവനും വാഗ്ദാനങ്ങൾ പാലിക്കുന്നവനുമാണ് കർത്താവെന്നും, അവന്റെ അപദാനങ്ങളും അദ്ഭുതപ്രവൃത്തികളും തലമുറകൾക്കു പറഞ്ഞും പരിചയപ്പെടുത്തിയും കൊടുക്കേണ്ടവയാണെന്നുമുള്ള 'ബോധ്യ'മാണ് പരമപ്രധാനം. സർവരക്ഷകന്റെ അധികാരത്തിനും ആധിപത്യത്തിനും നമ്മെ നിരുപാധികം അടിയറവു വയ്ക്കാനുള്ള 'ബാധ്യത'യാണ് പ്രസ്തുത 'ബോധ്യം' നമ്മിൽ നിക്ഷേപിക്കുന്നത്. വഴിമധ്യേ വിസ്മരിക്കപ്പെടേണ്ടവനല്ല ദൈവവും അവിടുത്തെ അനുഗ്രഹങ്ങളും. വിശ്വാസബന്ധിതമായ ബോധ്യങ്ങളിലും അവ തരുന്ന ബാധ്യതകളിലും അനുനിമിഷം ആഴപ്പെടാനുള്ള കടമ സകല ദൈവമക്കൾക്കുമുണ്ട്.

രണ്ടാം വായനയിലെ ചിന്തകൾ അഭയശിലയായ ദൈവത്തിന്റെ അടുത്തേക്കു മടങ്ങിച്ചെല്ലാൻ നമ്മെ പ്രചോദിപ്പിക്കുന്നു. കരുതുന്നവനായ കർത്താവിന്റെ ചിറകിൻ കീഴിൽ ചേരാനുള്ള ഒരു അടിയന്തരക്ഷണം അവയിലുണ്ട്. അവിടുത്തോടു മത്സരിക്കാനോ മറുതലിക്കാനോ മനുഷ്യൻ മുതിരരുത്. തിരിച്ചുചെല്ലുന്നവർക്കേ തീരാത്ത സംരക്ഷണവും പരിപാലനവും സ്വന്തമാകൂ. അകന്നു കഴിയാൻ തീരുമാനിക്കുന്നവരുടെ ആയുസ്സിന്റെ ആകത്തുക പരിഭ്രാന്തിയും പരാജയവുമായിരിക്കും. അഭയശിലയായവനെ അള്ളിപ്പിടിക്കുന്നവർക്ക് അനാവശ്യഭയങ്ങൾ ശീലമുണ്ടാകില്ല. മാനസാന്തരവും മടക്കയാത്രയും മാറ്റിവയ്ക്കാനാവാത്തവയാണെന്ന മുന്നറിയിപ്പ് പ്രവാചകന്റെ വചനങ്ങളിൽ പ്രതിധ്വനിക്കുന്നു.

മൂന്നാം വായനയിലെ ചിന്തകൾ പൗലോസ്ശ്ലീഹാ തന്റെ വ്യക്തിപരമായ അനുഭവത്തിന്റെയും ദൈവികമായ വെളിപാടിന്റെയും പിൻബലത്തോടെ പങ്കുവയ്ക്കുന്നവയും അനശ്വരമായ പ്രത്യാശയുടെ പ്രകാശം പകർന്നുനല്കുന്നവയുമാണ്. വിശ്വാസമാകുന്ന പാറമേൽ ഉറച്ചുനില്ക്കുന്നവർക്ക് സഹനങ്ങളുടെയും പീഡകളുടെയും പ്രളയത്തെ സധൈര്യം അതിജീവിക്കാൻ സാധിക്കും. മതപീഡനങ്ങൾക്ക് ഈ നൂറ്റാണ്ടിലും ഇത്തിരിപോലും പഞ്ഞമില്ലല്ലോ. വിശ്വാസികളുടെ ശരണമന്ത്രവും പ്രാണശ്വാസവുമൊക്കെയായ വിശുദ്ധനാമങ്ങളെ വികലവും വികൃതവുമായി ചിത്രീകരിക്കുന്ന പരിഷ്കാരശൂന്യമായ, വർഗീയതയുടെയും വിഭാഗീയതയുടെയും അരുണവർണമുള്ള കലാ, സാഹിത്യാവിഷ്കാരശൈലികളും നീതിക്കായുള്ള നിലവിളികളെ നിശ്ശബ്ദമാക്കുന്ന ഭരണകൂടങ്ങളും ഇവയ്ക്കൊക്കെ നേരേ നിസംഗതാമനോഭാവത്തോടെ നില്ക്കുന്ന അനീതിയുടെ അവിശ്വസ്ത കാവല്ക്കാരും, സഭയുടെയും സഭാസംവിധാനങ്ങളുടെയും വിശ്വാസപ്രമാണങ്ങളുടെയുംമേലുള്ള മാധ്യമവേട്ടയുമൊക്കെ വിശ്വാസികൾ നൂറ്റാണ്ടുകൾക്കപ്പുറം അനുഭവിച്ച പീഡനങ്ങളുടെ ബാക്കിപത്രങ്ങളാണ്. ഇത്തരത്തിലുള്ള 'ഞെരുക്ക'ങ്ങളെ ഉപരിനന്മയ്ക്കുള്ള 'ഒരുക്ക'ങ്ങളായി കരുതാനാണ് ശ്ലീഹാ ക്രിസ്തുശിഷ്യരെ ഉദ്ബോധിപ്പിക്കുന്നത്.

സുവിശേഷത്തിലെ ചിന്തകൾ 'കരടില്ലാത്ത കണ്ണിന്റെ കാഴ്ച'യിലേക്കാണു വിരൽചൂണ്ടുന്നത്. കാഴ്ചയാണ് കാര്യം. അന്ധകാരത്തിന്റെ അറയിൽ നിന്നു കാഴ്ചയുടെ കാണാപ്പുറങ്ങളിലേക്കു കടന്നുവന്ന ഒരു കുരുടയാചകൻ. ഇരുളിൽ കഴിയുമ്പോൾ നാം യാചകരാണെന്ന ഒത്തിരി ഭാരപ്പെടുത്തുന്ന ഒരു തിരിച്ചറിവ്. കണ്ണിണകൾ തിമിരത്താൽ അടഞ്ഞിരുന്നെങ്കിലും അവൻ തന്റെ കർണപുടങ്ങളെ കർത്താവിങ്കലേക്കു തുറന്നുപിടിച്ചു. അതുകൊണ്ടുതന്നെ അവിടുത്തെ കാലൊച്ച കേൾക്കാൻ അവനു കഴിഞ്ഞു. ബാഹ്യലോകം തമോമയമായിരുന്നെങ്കിലും അവന്റെ ആന്തരികലോകം പ്രഭാപൂരിതമായിരുന്നു. ഉൾനേത്രങ്ങളാൽ മേദിനിയുടെ ദീപനാളമായവനെ ദർശിക്കാൻ അവനു സാധിച്ചു. കാഴ്ചയില്ലാതിരുന്നവന്റെ ഈ കാഴ്ചയാണ് കാണുന്ന കണ്ണുകളുള്ള നമുക്കൊക്കെ ഇന്നാവശ്യം.

എങ്കിലേ അന്ധരെപ്പോലെ തട്ടിവീഴാതെ നടക്കാനാവൂ. അന്ധതയാണ് അധികവും. കാഴ്ചയില്ലാത്തവരുടെ വാഴ്ചയാണ് ഈ വാഴ്വിലെ വീഴ്ചകൾക്കൊക്കെ കാരണം. അസ്തമിക്കാത്ത അഗ്നിഗോളമുള്ള പ്രപഞ്ചത്തിൽ അന്ധത എങ്ങനെയുണ്ടായി? മനുഷ്യർ മനഃപൂർവം മെനഞ്ഞുവയ്ക്കുന്ന ചില 'മറ'കൾതന്നെയാണു കാരണം. മറകൾ മാറ്റി പ്രപഞ്ചത്തിന്റെ പ്രകാശമായ ക്രിസ്തുവിലേക്കു പദങ്ങളൂന്നിത്തുടങ്ങാം. സത്യത്തെയും സനാതനമൂല്യങ്ങളെയും തിരയുന്നവരുടെയുള്ളിൽ തെളിയുന്ന തിരിനാമ്പാണവൻ. ചുറ്റുമുള്ള വെട്ടം കെട്ടുപോകുമ്പോഴും ചങ്കിനുള്ളിൽ മിന്നിത്തെളിഞ്ഞ വെൺചെരാത്. അതിനെ ഊതിക്കെടുത്താൻ നമ്മെ പ്രലോഭിപ്പിക്കുന്ന ശക്തികൾ വിവിധ രൂപഭാവങ്ങളിലായി സമൂഹത്തിന്റെ സർവമേഖലകളിലുമുണ്ട്. ഈ തിരിനാളം അണയാതെ സൂക്ഷിക്കുന്നവരാണ് ശുദ്ധമായ കാഴ്ചയുള്ളവർ. ഈ കാഴ്ച കിട്ടണമെന്നുള്ള അഭിലാഷമുണ്ടാവുക സുപ്രധാനമാണ്. ആഗ്രഹമുള്ളവരാണ് അനുഗ്രഹങ്ങൾക്ക് അർഹതയുള്ളവർ. പകരമില്ലാത്ത പ്രകാശമാണ് ക്രിസ്തു. അവന്റെ അനുയായികളായ നാമും അപ്രകാരമായിരിക്കണം. അപ്പോൾ കൽക്കട്ടായിലെ കനൽക്കട്ടയായിരുന്ന അഗതികളുടെ അമ്മയെപ്പോലെ നാമും വെട്ടമുള്ളവരാകും.

■


ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ലൗലി ബാബു
പ്ലാശനാൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ലൗലി ബാബു
പ്ലാശനാൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



മീനു സാനോ
മാറാട്ടിൽ


നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## സ്വപ്നാടനത്തിലെങ്കിലും



അയാൾ അന്വേഷണം ആരംഭിച്ചിട്ട് കുറെ കാലമായത്രേ! ഒടുവിൽ, കണ്ടെത്തിപോലും!

എന്തിനെയെന്നോ? സത്യത്തെ! ബലി കഴിക്കപ്പെട്ട സത്യം! ബലി കഴിക്കപ്പെടുന്ന സത്യം! ബലി കഴിക്കപ്പെടാൻ ഊഴം കാത്തുനില്ക്കുന്ന സത്യം!

സ്വപ്നാടനത്തിലല്ലെന്നും ദേശാടനത്തിൽ കണ്ടെത്തിയതാണെന്നും സത്യത്തിന്റെ നിലയും വിലയും ഇപ്പോൾ ഇത്രമാത്രമാണെന്നും അയാൾ പറയുന്നു.

സ്വപ്നാടനത്തിലെങ്കിലും ഒരു മാറ്റം പ്രതീക്ഷിക്കാമോ എന്തോ!

# പറന്നുയരുന്ന മത്സ്യങ്ങൾ



യാത്ര

സാംസൺ പാലാ

**പ**റക്കുന്ന മത്സ്യങ്ങൾ എന്നു കേൾക്കുമ്പോൾ നമുക്കു കൗതുകം തോന്നാമെങ്കിലും ഇങ്ങനെയൊരുകൂട്ടം പറവമത്സ്യങ്ങൾ പല രാജ്യങ്ങളിലും കാണാറുണ്ട്. ഉഷ്ണമേഖലാപ്രദേശങ്ങളിലും ഉപോഷ്ണമേഖലകളിലും വ്യാപകമായി കാണപ്പെടുന്നതും ജലത്തിൽനിന്ന് ഉയർന്നുപൊങ്ങി അല്പസമയം പക്ഷികളെപ്പോലെ പറക്കാൻ കഴിവുള്ളതുമായ ഒരിനം സമുദ്രമത്സ്യമാണ് എക്സോകോയിറ്റ്ഡേ എന്നറിയപ്പെടുന്ന പറക്കുംമത്സ്യം. എക്സോകോയിറ്റ്ഡേ എന്ന വാക്ക് ഗ്രീക്കുഭാഷയിൽനിന്ന് ഉണ്ടായതാണ്. കിടക്കുക എന്നാണിതിനർത്ഥം. യാതൊരു ചലനവുമില്ലാതെ വെള്ളത്തിൽ വളരെ സമയം കിടക്കാൻ ഇവയ്ക്കു പ്രത്യേക കഴിവുണ്ട്. പുരാതനഗ്രീക്കുകാർ പണ്ടുമുതൽക്കേ ഈ മത്സ്യങ്ങളെ വേട്ടയാടിയിരുന്നു. എക്സോകോയിറ്റിന, ഫോഡിയാറ്റോറിന, പാരസ്കോകോയിറ്റിന, സിപ്നെല്ലൂറിനോ എന്നിങ്ങനെ ഇവ നാല് ഉപകുടുംബങ്ങളായി അറിയപ്പെടുന്നു. മെഴുമീൻ എന്നും ഇവ അറിയപ്പെടുന്നു.

ടോർപിഡോ ആകൃതിയിലുള്ള ഇതിന്റെ ശരീരഘടന ജലത്തിന്റെ ഉപരിതലം ഭേദിച്ച് മുകളിലേക്കുയരാനും ചിറകുകൾപോലെയുള്ള പെക്ട്രൽഫിനുകൾ വായുവിലൂടെ സഞ്ചരിക്കാനും സഹായിക്കുന്നു. വണ്ണം കുറഞ്ഞ് നീളം കൂടിയ ഇവയുടെ ശരീരത്തിൽ മുതുകുഭാഗം നീലയും കറുപ്പും ചേർന്ന നിറവും ചിറകുകൾ നീലചേർന്ന ഇളം ചാരനിറവുമാണ്. ചെറിയയിനം മത്സ്യങ്ങളുടെ ചിറകുകൾ സുതാര്യമായ പ്രതലംപോലെ തോന്നിക്കും. ഉഷ്ണമേഖലാപ്രദേശത്തോടടുക്കുംതോറും ഇവയുടെ നിറത്തിനു വ്യത്യാസം കാണാം. ഇതുവരെ നാല്പതിനം പറക്കുന്ന മത്സ്യങ്ങളെ കണ്ടെത്തിയിട്ടുണ്ട്. വളർച്ചയെത്തിയ ഒരു പറക്കുംമത്സ്യത്തിന് 18 ഇഞ്ച് നീളവും ചിറകുവിരിക്കുമ്പോൾ 25 ഇഞ്ച് വീതിയുമുണ്ടാകും. പ്രധാനപ്പെട്ട രണ്ടു ചിറകുകൾ കൂടാതെ വാലറ്റത്തിന് അല്പം മുമ്പിലായി അടിഭാഗത്ത് രണ്ടു ചെറിയ ചിറകുകളും കാണാം. പക്ഷികൾ പറക്കുന്നതുപോലെ ഇവയ്ക്ക് ദീർഘദൂരം പറക്കാൻ സാധിക്കുകയില്ല. മണിക്കൂറിൽ 70 കി.മീ. വേഗത്തിലും 20 അടി ഉയരത്തിലും 160 അടിയോളം ദൂരത്തിലും പറക്കാൻ കഴിയുന്ന ഈ മത്സ്യത്തിന് 45 സെക്കന്റ് മാത്രമേ ഒരേ സമയം വായുവിൽ ഉയർന്നുപറക്കാൻ സാധിക്കുകയുള്ളൂ. 1300 അടിവരെ പറക്കാൻ ശേഷിയുള്ള മത്സ്യത്തെ ഗ്ലൈഡിങ് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

സമുദ്രത്തിന്റെ മുകൾപാളിയായ എപ്പിപെലാജിക് സോൺ 656 അടി താഴ്ചവരെ വ്യാപിച്ചുകിടക്കുന്നു. സമുദ്രത്തിൽ പതിക്കുന്ന സൂര്യപ്രകാശം ഈ പാളിവരെ മാത്രമേ എത്തുകയുള്ളൂ. സമുദ്രജീവികളിൽ നല്ലൊരു വിഭാഗം ഈ സോണിലാണു വ്യാപരിക്കുന്നതെങ്കിലും പറക്കുന്ന മത്സ്യങ്ങൾ 100 അടിവരെ താഴ്ചയിൽ ജീവിക്കാനിഷ്ടപ്പെടുന്നു. മീൻപിടിത്തക്കാരിൽനിന്നു രക്ഷപ്പെടാൻ വെള്ളത്തിൽനിന്ന് ഉയർന്നുപൊങ്ങി നനഞ്ഞ ശരീരവുമായി വായുവിൽ കുറെനേരം പറക്കുന്ന ഇവയെ മത്സ്യവേട്ടക്കാർ, ഗിൽനെറ്റിങ്, ഡീപ് നെറ്റിങ് എന്നിവ ഉപയോഗിച്ച് കെണിയിൽപ്പെടുത്തുന്നു. ഇവയെ ആകർഷിക്കാൻ ബോട്ടുകളിൽ ലൈറ്റുകളിട്ടു ചന്ദ്രപ്രകാശമില്ലാത്ത രാത്രികളിൽ മത്സ്യബന്ധനം നടത്തുന്നു. ചൂണ്ടയിട്ടും എയ്തും ഇവയെ പിടിക്കാറുണ്ട്.

ഡോൾഫിൻ, മാർലിൻ, കണവ, പോർപോയിഡുകൾ, മറ്റു കടൽജീവികൾ തുടങ്ങിയവയ്ക്ക് പറക്കുന്ന മത്സ്യങ്ങൾ ആഹാരമാണ്. മത്സ്യവേട്ടക്കാരിൽനിന്നു രക്ഷ നേടാൻ ഇവ കുതിച്ചുപൊങ്ങുമ്പോൾ സീഗൽ, വിവിധയിനം കടൽപ്പക്ഷികൾ എന്നിവ വായുവിൽ ഇവയെ വേട്ടയാടുന്നു. വിമാനങ്ങൾ പറക്കുന്നതിനുള്ള എയ്റോ ഡൈനാമിക് തത്ത്വങ്ങൾക്കു സമാനമാണ് ഇവയുടെ ശരീരഘടന. അതുകൊണ്ടുതന്നെ ജലത്തിൽനിന്നു നിഷ്പ്രയാസം പറന്നുയരാനും വായുവിൽ മുമ്പോട്ടുപോകാനും ഇതിനു സാധിക്കുന്നു. വലിയ ബോട്ടുകൾക്കൊപ്പം കൂട്ടമായി ഇവ സഞ്ചരിക്കുന്നതു കണ്ടിട്ടുണ്ട്. ബാലി-മക്കാവു യാത്രയ്ക്കിടെ ബോട്ടിന്റെ ഡക്കിൽ വീണ 12 ഇഞ്ചോളം നീളമുള്ള ഒരു പറക്കുംമത്സ്യത്തെ ഞാൻ കൈകൊണ്ടു പിടിച്ചിട്ടുണ്ട്. കാഴ്ചക്കാർ കൂടുന്നതിനുമുമ്പ് അതിനെ വെള്ളത്തിലേക്കുതന്നെ വിട്ടു.

20-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് എയ്റോനോട്ടിക്കൽ എൻജിനീയർമാർ, വിമാനം രൂപകല്പന ചെയ്യുന്നതിന് പറക്കുംമത്സ്യത്തിന്റെ ആകൃതിയെപ്പറ്റി ഗവേഷണം നടത്തിയിരുന്നു. ഫ്രഞ്ചുസേന വികസിപ്പിച്ചെടുത്ത എക്സൊസൈറ്റ് എന്ന കപ്പൽവിരുദ്ധ മിസൈലിന് എക്സോകോയിറ്റ്ഡേ എന്നാണ് പേരിട്ടിരിക്കുന്നത്.

ഇന്ത്യ, ബംഗ്ലാദേശ്, ജപ്പാൻ, വിയറ്റ്നാം ഇന്തോനേഷ്യ, തായ്വാൻ, ചൈന, വെനിസ്വേല തുടങ്ങിയ രാജ്യങ്ങളിൽ ഇവ ഭക്ഷണത്തിന് ഉപയോഗിക്കുന്നുണ്ട്. ജപ്പാൻകാർ ഇതിന്റെ മുട്ട ഉപയോഗിച്ച് സുഷി (റോ) എന്ന ഭക്ഷ്യവസ്തു ഉണ്ടാക്കുന്നു. അവരതിന് റോട്ടോബിക്കോ എന്നു വിളിക്കുന്നു. ബാർബഡോസിൽ പറക്കുന്ന മത്സ്യം ഉപയോഗിച്ച് 'കൂകൂ' എന്ന ഭക്ഷണമുണ്ടാക്കുന്നു. അവരുടെ ദേശീയചിഹ്നവും ദേശീയഭക്ഷണവും ഇതുതന്നെ. ജപ്പാന്റെ യാകുഷിമ ദ്വീപുതീരത്ത് ഇവകൊണ്ടുള്ള നിരവധി ഭക്ഷ്യവസ്തുക്കൾ ലഭിക്കും.

■



# കർഷകവിലാപം

(ഓട്ടൻതുള്ളൽ)

■വി.റ്റി. ആന്റണി, വട്ടക്കുഴി

അടിയനൊരല്പം കാര്യം പറയാൻ
കടുകോളം വരമരുളീടേണം.
തെറ്റു പൊറുത്തു കടാക്ഷിക്കേണേ
ഞങ്ങൾക്കാശ്രയം മറ്റൊന്നില്ല.
മതിഗുണമേലും ഗുരുവരരെല്ലാം
അതിമുദിതം മേ; വരമരുളേണം.
എന്നാലിനിയൊരു കാര്യം പറയാം
എന്നുടെ ഗുരുവരനരുളിയപോലെ.
കർഷകമക്കടെ വേദനയാണേ!
ദുരിതം ഞങ്ങളുണർത്തീടട്ടെ.
ഭാരതനാടു ഭരിച്ചീടുന്നൊരു
കേന്ദ്രത്തോടങ്ങുര ചെയ്യുന്നേൻ.
എം.പീ. മാരതു കേട്ടീടേണം
എം.എൽ.എ.മാരതു കണ്ടീടേണം.
നിങ്ങളെയൊക്കെ ജയിപ്പിച്ചല്ലോ?
കഷ്ടം! ഞങ്ങളതോർത്തു കരഞ്ഞേ.
കേരളമുഖ്യൻ, കേട്ടീടേണേ
കർഷകമക്കൾ ആകെ വലഞ്ഞു.
അഷ്ടിക്കും വകയില്ലാതായി
കഷ്ടപ്പെട്ടു കഴിഞ്ഞുവരുന്നു.
കട്ടൻകാപ്പി കുടിക്കാൻപോലും
കഷ്ടതയാണേ; കേട്ടീടേണം.
വിളകൾക്കൊന്നും വിലയില്ലാതായ്
കർഷമക്കൾ വലഞ്ഞീടുന്നു.
റബറുണ്ടൊരുവനു വിലയതിനില്ല
ചിരട്ടപ്പാലും വേണ്ടെന്നായി.
ചുക്കും മഞ്ഞളുമാർക്കും വേണ്ട
കൊക്കോക്കായും വേണ്ടെന്നായി.
പാക്കുണ്ടൊരുവനു വിലയതിനില്ല
കുരുമുളകപരനു വിളവതിനില്ല.
വാനിലയെന്നൊരു കൂട്ടം വന്നു
ആയതിനും വിലയില്ലാതായി.
തേങ്ങാ മൂന്നു കൊടുത്തെന്നാകിൽ
'മാങ്ങാ' ഒന്നുകിടച്ചെന്നാകും.
നെല്ലെന്നുള്ളൊരു വിളയെപ്പലരും
എല്ലാമങ്ങു മറന്നേ പോയി.
കപ്പയ്ക്കും വിലയില്ലാതായി
കാപ്പിക്കുരുവുമതങ്ങനെതന്നെ.


കഷ്ടം! നമ്മുടെ ഭവനങ്ങളുടെ
കഷ്ടസ്ഥിതിയതു കഠിനംതന്നെ!
പെണ്ണിനു പ്രായം തെല്ലുകഴിഞ്ഞാൽ
ഉണ്ണുമ്പോഴുമുറങ്ങുമ്പോഴും.
പെണ്ണു വളർന്നുവരുന്നുണ്ടയ്യോ!
തള്ള മെലിഞ്ഞു വിരൂപിണിയായി.
തന്ത പണത്തിനു തെണ്ടിനടക്കും
ചിന്തയിലാകെ ഭ്രാന്തുപിടിക്കും.
പണയമെടുത്തൊരു ബാങ്കിലണഞ്ഞാൽ
ഈടതുപോരാ; പാട്ടിനു പോടാ?
പണയം വയ്ക്കാൻ ഭൂമി കൊടുത്താൽ
പുഞ്ചിരിയോടതു വാങ്ങിച്ചീടും.
പലിശകൾ കേറി മുടിഞ്ഞീടുമ്പോൾ
ജപ്തിക്കായിട്ടോടി വരുന്നു!
ഇങ്ങനെ ബാങ്കിൻ വലയിൽപ്പെട്ടഥ
കഷ്ടം! പലരും ചത്തുതുടങ്ങി.
കർഷകബാധ്യത എഴുതിത്തള്ളാൻ
സർക്കാരങ്ങു കനിഞ്ഞീടേണം.
കർഷകരെല്ലാം ഒത്തൊരുമിച്ചാൽ
കർഷകദുരിതം പമ്പ കടക്കും.

Deepanalam Weekly
RNI No : 16998/68
Vol. 54 No. 21 Date of Publication 19 August 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# കുരിശുമല ആശ്രമത്തിലേക്കു സ്വാഗതം!

'തിരുസ്സഭയ്ക്കും മനുഷ്യസമുദായത്തിനും നൂറ്റാണ്ടുകളായി അതുല്യനേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ആദരണീയവും ആശ്രമാധിഷ്ഠിതവുമായ സന്ന്യാസജീവിതരീതി പാശ്ചാത്യവും പൗരസ്ത്യവുമായ സഭകൾ അതിന്റെ ആദിമചൈതന്യത്തോടുകൂടി സംരക്ഷിക്കട്ടെ. അത് അധികമധികം ശോഭിക്കുകയും ചെയ്യട്ടെ. ആശ്രമപരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് വിനീതവും അതേസമയം വിശിഷ്ടവുമായ ശുശ്രൂഷ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ് ആശ്രമസ്ഥരുടെ പ്രഥമവും പ്രധാനവുമായ ധർമം" (Vatican II, Religious Life, 9).




**ആർഷഭാരതപാരമ്പര്യത്തിനും ജീവിതരീതിക്കും മലങ്കര ആരാധനക്രമത്തിനും അനുരൂപമായി വി. ബെനഡിക്ടിന്റെയും വി. ബെർണാർഡിന്റെയും ആധ്യാത്മികത പിന്തുടരുന്ന ഇന്ത്യയിലെ ഏക ട്രാപ്പിസ്റ്റ് സന്ന്യാസാശ്രമത്തിൽ അംഗമായി ക്രിസ്തുവിനും തിരുസ്സഭയ്ക്കുംവേണ്ടി ലളിതവും ധ്യാനാത്മകവുമായ (Contemplative) സന്ന്യാസജീവിതം നയിക്കുവാൻ താത്പര്യമുള്ള 20 നും 35 നും മധ്യേ പ്രായമുള്ളവരും എസ്.എസ്.എൽ.സി. എങ്കിലും വിദ്യാഭ്യാസയോഗ്യതയുള്ളവരുമായ യുവാക്കൾക്ക് വാഗമൺ കുരിശുമല ആശ്രമത്തിലേക്കു സ്വാഗതം!**



കൂടുതൽ വിവരങ്ങൾക്കു താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുകയോ നേരിൽക്കാണുകയോ ചെയ്യുക.

Postal Address: Acharya, Kurisumala Ashram, Vagamon 685503, Kottayam, Kerala
Telephone: 9544558077, 9526367768, 9961729917
Email: kurisumala1958@gmail.com, Website: www.kurisumalaashram.in













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org